# കേരളോദയം.

മദിരാശിയിൽ നിന്നു പുറപ്പെടുന്ന ഏക മലയാള മാസിക

## വിഷയവിവരം


പണ്ഡിത് നെഹറു

ചില പ്രശ്നങ്ങളെപ്പററി

വൈലോപ്പിള്ളിക്കവിത — ഗോവിന്ദൻകുട്ടിനായർ

വ്യവസ്ഥ (പദ്യം) — ഈശ്വരവാരിയർ

കൃഷിഗവേഷണം — പി. അച്യുതമേനോൻ

ഓടാതെന്തുചെയ്യും? — ഇ. എം. കോവൂർ

ആരുടെ വിജയം? | നവകാന്തി | വീരാഹ്വാനം | ഗാഥാഞ്ജലി — പുസ്തകാഭിപ്രായം — ജി. കെ. എൻ. — എസ്. ഗുപ്തൻ നായർ

കലാകാരൻ (ചെറുകഥ) — മോപ്പസാങ്ങ്

പുതിയ ലോകം — കെ. പി. കേശവമേനോൻ

പണമരം — കുട്ടികളുടെ ലോകം




വില ൪ ണ.

# കേരളോദയം

പത്രാധിപർ: വി. മാധവൻനായർ ബി. എ., ബി. എൽ.

| വരിസംഖ്യ | ക. | ണ. | സ. |
|---|---|---|---|
| വർഷത്തേയ്ക്കു | 6 | 0 | 0 |
| ആറുമാസത്തേക്കു | 3 | 0 | 0 |
| ഒററ പ്രതി | 0 | 8 | 0 |

പരസ്യനിരക്ക്

ഒരു പ്രാവശ്യത്തേക്കു്

| | ക. | ണ. | സ. |
|---|---|---|---|
| കവർപേജ്- | | | |
| -പുറവശം | 120 | 0 | 0 |
| ,, അകവശം | 80 | 0 | 0 |
| മുഴുപേജ് | 60 | 0 | 0 |
| അരപേജ് | 35 | 0 | 0 |
| കാൽപേജ് | 20 | 0 | 0 |

ആറുമാസത്തിൽ കുറഞ്ഞ വരിസംഖ്യയും കാൽപേജിൽ കുറഞ്ഞ പരസ്യവും സ്വീകരിക്കുന്നതല്ല.

---

## ആവശ്യമുണ്ടു്

ഏജൻസി എടുത്തിട്ടില്ലാത്ത സ്ഥലങ്ങളിലെല്ലാം ഏജന്റുമാരെ ആവശ്യമുണ്ടു്. ഏജൻസി വ്യവസ്ഥകൾക്കു എഴുതുക.

*Manager,*
**KERALODAYAM**
13 A, Mc Nichol Road,
CHETPET, MADRAS.

158179
UNIVERSITY LIBRARY
12 AUG 1948

# പണ്ഡിത് നെഹറു
# ഇന്നത്തെ പ്രശ്നങ്ങളെപ്പററി

[പ്രധാനമന്ത്രി പണ്ഡിത് ജവഹർലാൽ നെഹറു ഈയിടെ മദിരാശി സന്ദർശിച്ച അവസരത്തിൽ പല പ്രസംഗമണ്ഡപങ്ങളിലും നിന്നുകൊണ്ടു് ഇന്ത്യയെ ഇന്നു അഭിമുഖീകരിക്കുന്ന മിക്ക പ്രശ്നങ്ങളെയുംപററി ചർച്ചചെയ്തു. വിമർശിക്കേണ്ടവരെ അദ്ദേഹം വിമർശിച്ചു. അനുമോദിക്കേണ്ടവരെ അനുമോദിച്ചു. തന്റെയും ഗവമ്മേണ്ടിന്റെയും നില അദ്ദേഹം അസന്നിഗ്ദ്ധമായ രീതിയിൽ വിശദീകരിച്ചു. ചിലതിനെപ്പററി അദ്ദേഹത്തിനു പറയാനുണ്ടായിരുന്നതു് ഇങ്ങനെയാണ്: ]

## ഹൈദരബാദ്.

നമ്മളിൽ ചരിത്രം പഠിച്ചിട്ടുള്ളവർ ഹൈദരബാദിന്റെ 150 വർഷത്തെ ചരിത്രം ഓർമ്മിക്കുന്നതായിരിക്കും. ഒരു രാജ്യത്തിന്നും അഭിമാനിക്കാവുന്നതല്ല ആ ചരിത്രം, ധൈര്യം കൊണ്ടോ യുദ്ധത്തിലെ വിജയംകൊണ്ടോ അല്ല, ചതികൊണ്ടാണ് അതു വളർന്നതു്. വർത്തമാനകാലത്തിലും പഴയ ചരിത്രത്തിന്നു് അനുയോജ്യമായിത്തന്നെ അതു വർത്തിച്ചുവരുന്നു. ഇപ്രകാരമുള്ള ചതിയോടുകൂടിയവരോടു്, വാക്കിനു് യാതൊരു വിലയുമില്ലാത്തവരോടു്, കൊള്ളക്കാരുടെ സംഘടനയായ റാസക്കാറന്മാർ എന്ന സംഘത്തെ സൃഷ്ടിച്ചെടുത്തിട്ടുള്ളവരോടു്, നമുക്കു പെരുമാറുവാൻ ഏററവും പ്രയാസമായിരിക്കുന്നു. കൊള്ളക്കാർ നടത്തുന്ന ഒരു ഗവമ്മേണ്ടിനോടു് എങ്ങനെയാണ് പെരുമാറുക? അതാണ് ഇന്നത്തെ നില. ഹൈദരബാദുമായുള്ള യുദ്ധത്തെപ്പററി ആളുകൾ സംസാരിക്കുന്നു. അതു തികച്ചും തെററാണ്. ഇന്ത്യൻ സംസ്ഥാനങ്ങളോടുള്ള യുദ്ധം എന്ന പ്രശ്നമേയില്ല, യുദ്ധങ്ങൾ നടത്തണമെങ്കിൽ അതു സ്വതന്ത്രരാഷ്ട്രങ്ങളോടായിരിക്കണം. പക്ഷെ ഞാനിങ്ങനെ പറയും:

ആവശ്യമായി വരുന്ന പക്ഷം ഹൈദരബാദിൻെറ നേരെ സൈനികപ്രവത്തനങ്ങളുണ്ടായിരിക്കും.... ഹൈദരബാദ് ഇന്ത്യൻ യൂണിയനിൽ ചേൎന്നില്ലെങ്കിൽ, എന്തുവിധിയാണ് അതിനെ കാത്തു നില്ക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഒരു സംസ്ഥാനമെന്ന നിലയിൽ, അല്ലെങ്കിൽ പ്രത്യേകമായ ഒരു വ്യക്തി എന്ന നിലയിൽ, അതു ഇല്ലാതെ ആയേക്കാം.

## ഇന്ത്യയുടെ സാംസ്കാരിക മാഹാത്മ്യം.

നമ്മുടെ സംസ്കാരം നമ്മുടെ മണ്ണിൽ വേരൂന്നിയിട്ടുള്ളതാണ്. പൊതുവെ ഒന്നാണെങ്കിലും ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ചിലേടങ്ങളിൽ കുറേശ്ശ വ്യത്യാസമുണ്ടായിട്ടുണ്ടു. ഇന്ത്യ എല്ലായ്പൊഴും മററുള്ളവരിൽനിന്നു സ്വീകരിക്കുന്ന ഒന്നായതുകൊണ്ടു അതു മററു സംസ്കാരങ്ങളുമായി കൂടികലൎന്നിട്ടുണ്ട്. മററു രാജ്യങ്ങളിലെ സുശക്തമായ സംസ്കാരങ്ങളുമായുള്ള സംഘട്ടനം നമ്മെ ദുർബലരാക്കിയില്ല. അവർ (ഇന്ത്യ) സ്വീകരിക്കുന്നവളായിരുന്നു. പരിതസ്ഥിതികൾക്കനുയോജ്യമായി അവർ പ്രവത്തിച്ചു. ഗ്രീസ് വന്നപ്പോൾ അവർ ഗ്രീസിൽനിന്നു ധാരാളം സ്വീകരിച്ചു. ചൈന വന്നപ്പോൾ ചൈനയിൽനിന്നു സ്വീകരിച്ചു. അറേബ്യയിൽ നിന്നും പേർഷ്യയിൽനിന്നും അവർ ധാരാളം സ്വീകരിച്ചു. ഇന്ത്യൻ സംസ്കാരം ക്രമേണ വളൎന്നുകൊണ്ടിരുന്നു. നമ്മുടെ അടിസ്ഥാനത്തിൽനിന്നു ഇളകാതെതന്നെ, വേർപെടുത്തപ്പെടാതെതന്നെ, നാം തുറന്ന കൈകളോടെ എല്ലാം സ്വീകരിച്ചു. വാസ്തുവിദ്യയിലായാലും, സംഗീതത്തിലായാലും, വൎഗ്ഗീയ ജീവിതത്തിൻെറ ഏതു വശത്തിലായാലും, തത്വചിന്തയിൽപ്പോലും, അതൊന്നും നമ്മളെ അത്രയധികം ബാധിച്ചിട്ടില്ല. നാം അന്യരെ അടുപ്പിക്കാത്തവരല്ല. ഒരു സംസ്കാരം അന്യരെ അടുപ്പിക്കാതെയാവുമ്പോൾ അതു നശിക്കുമെന്നെനിക്കു തോന്നുന്നു. പണ്ട് മഹത്വമുണ്ടായിരുന്ന ഇന്ത്യ എന്തുകൊണ്ടു തോററുപോയെന്നും, മററുള്ളവർ ഇന്ത്യയെ അധീനതയിലാക്കിയതെന്തുകൊണ്ടെന്നും നിങ്ങൾ ചോദിച്ചാൽ

ഇന്ത്യയുടെ ആ പഴയ സ്വീകരണമനോഭാവം അവർ മറന്നുപോയതുകൊണ്ടാണെന്നും മനസ്സിൻേറയും ആത്മാവിൻേറയും ജനാലകളെ അടച്ചുകളഞ്ഞതുകൊണ്ടാണെന്നും ഞാൻ പറയും. അതുകൊണ്ടു, നിങ്ങളുടെ മനസ്സിൻേറയും ആത്മാവിൻേറയും ജനാലകളെ അടച്ചുകളയുന്നതു, പ്രത്യേകിച്ചു എല്ലാം മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു, അപകടകരമാകുന്നു.

## നമ്മുടെ കത്തവ്യം.

നിങ്ങൾ കൃഷിസ്ഥലങ്ങളിലായാലും ശരി, വ്യവസായശാലകകളിലൊ റെയിൽവെകളിലൊ മററിടങ്ങളിലൊ ആയാലും ശരി, ലോകത്തിൻേറയും ഇന്ത്യയുടേയും ഇന്നത്തെ സ്ഥിതിയെപ്പററി ആലോചിക്കുവാൻ ഞാൻ അഭ്യത്ഥിക്കുന്നു. ലോകത്തിൻേറ ഇന്നത്തെ അവസ്ഥ വളരെ മോശമാണ്. യുദ്ധത്തെപ്പററി സംസാരമുണ്ടു്. യുദ്ധം വരികയാണെങ്കിൽ അതു ഭയങ്കരമായ ഒരു അത്യാഹിതമായിരിക്കും. ഇന്ത്യയിൽ, കഴിഞ്ഞ വർഷത്തിലും ഈ വർഷം ആദ്യവും നാം നിന്നിരുന്ന ചെളിക്കുണ്ടിൽനിന്നു കരകയറുവാൻ നാമിപ്പോൾ വളരെ പണിപ്പെടുകയാണ്. പഞ്ചാബിലും അതിന്നു ചുററിലും കുഴപ്പങ്ങളുണ്ടായിരുന്നു. നിങ്ങൾ അതിനെപ്പററി വായിച്ചിട്ടുണ്ടു്. പക്ഷെ ഞങ്ങൾ അതൊക്കെ കണ്ണുകൊണ്ടു് കണ്ടിട്ടുണ്ടു്. ഈ രാജ്യത്തിലൊ പാകിസ്ഥാനിലൊ ഉള്ള ആളുകൾ ആ വിധത്തിൽ പെരുമാറിയതു കണ്ടപ്പോൾ ഞങ്ങൾ വളരെ ലജ്ജിച്ചുപോയി. ഈ രാജ്യത്തെ ശരിക്കു നിറുത്തുക; അതിനെ മുന്നോട്ടു കൊണ്ടുപോവുക; ഉല്പാദനത്തെ വദ്ധിപ്പിക്കുക; ഇവയാണ് ആദ്യമായി ചെയ്യേണ്ടതു്. ജനസാമാന്യത്തിൻേറ ജീവിതത്തോതുയത്തുക; അവരെ കൂടുതൽ സ്വതന്ത്രരാക്കുക; ദാരിദ്ര്യം, തൊഴിലില്ലായ്മ, എന്നിവയെ ഇല്ലായ്മ ചെയ്യുക; എന്നീ പൊതു ലക്ഷ്യങ്ങളെ മനസ്സിൽവെച്ചുകൊണ്ടുവേണം അതൊക്കെ ചെയ്യുവാൻ.

## മഹാത്മാഗാന്ധി.

മഹാത്മാഗാന്ധിയെ വധിച്ചിട്ട് ആറുമാസത്തോളമായി. വധം നടന്നപ്പോൾ ഇന്ത്യയിൽ മാത്രമല്ല ലോകത്തെവിടെയും ഏററവും കൂടുതലായ ദുഃഖമുണ്ടായി. ഒരു മനുഷ്യൻെറ ചരമം ലോകം മുഴവൻ ഇത്ര കഠിനമായ ദുഃഖം പരത്തിയിട്ടുള്ള മറെറാരുദാഹരണം ചരിത്രത്തിലില്ലെന്നു പറയുന്നതു ശരിയാണെന്നെനിക്കു തോന്നുന്നു... നിങ്ങൾ മഹാത്മാഗാന്ധിയെപ്പററി പറയുമ്പോൾ നിങ്ങൾ അദ്ദേഹത്തിൻെറ മൌലികമായ ആദർശങ്ങളെപ്പററി ആലോചിക്കുകയും നമ്മുടെ രാജ്യത്തിനുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ളതു് മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ചെറുപ്പക്കാരായ നിങ്ങളിൽ പലക്കും മഹാത്മാഗാന്ധിയുടെ പ്രവൎത്തികളുടെ വൈകാരികമായ ഒരു അഭിനന്ദനം മാത്രമേയുള്ളു. അദ്ദേഹത്തിൻെറ അവസാനകാലത്തു പ്രാൎത്ഥനാപ്രസംഗങ്ങൾ നടത്തുന്നതു നിങ്ങൾ കണ്ടിരിക്കാം. ഏററവും വലുപ്പമുള്ള ഇന്ത്യൻ ജനതയെ ഒന്നാക്കുവാനും ഐക്യമില്ലാത്ത വിഭാഗങ്ങളെ ഏകോപിപ്പിക്കുവാനും പൊതുവായ സമരവേളയിൽ സഹകരണബുദ്ധിയോടുകൂടി ഒന്നിച്ചു പ്രവൎത്തിപ്പിക്കുവാനും അദ്ദേഹം പണിപ്പെട്ടിരുന്നതു് മുപ്പതുകൊല്ലത്തോളം അദ്ദേഹത്തോടൊന്നിച്ചു് ജോലി ചെയ്തിരുന്ന ഞങ്ങൾ കണ്ടിട്ടുണ്ടു്. അദ്ദേഹം നമുക്കു എന്താണെന്നു ഞങ്ങൾക്കറിയാം. അദ്ദേഹം രാജ്യത്തിനുവേണ്ടി ചെയ്തതു അത്ഭുതകരമാകുന്നു. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ നിങ്ങൾ എത്രതന്നെ കേട്ടിരുന്നാലും വായിച്ചിരുന്നാലും അദ്ദേഹത്തിൻെറ പ്രവൃത്തിയുടെ അത്ഭുതകരമായ സ്വഭാവം മനസ്സിലാക്കുവാൻ സാധിക്കയില്ല. ഒരു രാജ്യത്തിൽ വളരെക്കാലം കൂടുമ്പോഴെ ഇങ്ങിനെയൊന്നു വന്നു ചേരുകയുള്ളു. അതു നമുക്കു വന്നുചേൎന്നു. അദ്ദേഹത്തോടു ഏററവും അടുപ്പമുണ്ടായിരുന്ന നമ്മിൽ ചിലക്കു അതൊരിക്കലും മറക്കാൻ സാധിക്കയില്ല.

## ഇന്ത്യയിലെ കമ്മ്യൂണിസം

സോഷ്യലിസത്തെപ്പററിയും പ്രത്യേകിച്ചു് കമ്മ്യൂണിസത്തെപ്പററിയും അങ്ങുകൾ സംസാരിക്കുന്നതു് ഞാൻ കാണുന്നുണ്ടു്. അവ

നല്ല ആദർശങ്ങൾ തന്നെ. എന്നെസ്സംബന്ധിച്ചിടത്തോളം അവയുടെ അടിസ്ഥാനതത്വങ്ങളെ ഞാൻ അംഗീകരിക്കുന്നു. എന്നാൽ കമ്മ്യൂണിസ്റ്റുകളെന്നു് സ്വയം വിളിക്കുന്നവരുടെ രീതികളെ ഞാൻ അംഗീകരിക്കുന്നില്ല, അംഗീകരിക്കുകയുമില്ല. ഒരു സാമ്പത്തിക സിദ്ധാന്തത്തിന്റെ പേരിൽ അവരിന്നു് ഭീഷണിപ്പെടുത്തുകയും പലതരത്തിലുള്ള ഭയങ്കരകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. പൌരസ്വാതന്ത്ര്യത്തിന്റെ പേരിൽ ഈ ഭയങ്കരകൃത്യങ്ങളെല്ലാം ചെയ്യാനവരെ സമ്മതിക്കണമെന്നു് അവരാവശ്യപ്പെടുന്നു. ഒരു രാജ്യമെന്നും ഒരു ഗവമ്മേണ്ടു് എന്നുമുള്ള പേരിനു് അർഹതയുള്ളിടത്തു് ഇതനുവദിക്കുകയില്ല. രാജ്യത്തിലെ ഒരു ജനവിഭാഗം രാഷ്ട്രവുമായി യുദ്ധപ്രഖ്യാപനം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ രാഷ്ട്രം അവരുടെനേരേ യുദ്ധത്തിലിടപെടും. ഒടുവിൽ രണ്ടിലൊരു കക്ഷി ജയിക്കുകയും ചെയ്യും. ഈ രാജ്യത്തിലെയോ ഈ പ്രവിശ്യയിലെയോ തൊഴിലാളികൾ തങ്ങളുടെ സ്ഥിതി നന്നാക്കാൻ മാത്രമല്ല, (അതിനവൎക്കു പൂൎണ്ണമായ അവകാശമുണ്ടുതാനും) സമുദായത്തിന്റെ സംഘടനയെ മുഴുവൻ മാററാൻപോലും ആഗ്രഹിക്കുന്നുവെങ്കിൽ, അവൎക്കുള്ള ഏക മാൎഗ്ഗം സമാധാനപരമായി പ്രവൎത്തനം നടത്തുകയും, ഗവമ്മേണ്ടിന്റെമേൽ പ്രഭാവം ചെലുത്തി അതിനെ വ്യത്യസ്തമാക്കുകയും, അല്ലെങ്കിൽ അവരുടെ ഗവമ്മേണ്ടിനെത്തന്നെ സ്ഥാപിക്കുകയുമാണു് എന്നു് ഏററവും അസന്നിഗ്ദ്ധമായി പറയുവാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ ഈ പുതിയ രാഷ്ട്രത്തെ, നമ്മുടെ സ്വതന്ത്രഇന്ത്യയെ, അതു് നിലക്കു നിൽക്കുന്നതിന്നുമുമ്പു്, വിഭജനത്തിന്നു ശേഷം നമ്മൾ അഭിമുഖീകരിച്ച ഭയങ്കരമായ മാററങ്ങൾക്കും അതിനെ തുടൎന്നുണ്ടായ മററു കാൎയ്യങ്ങൾക്കും അനുസരണമായി വേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതിന്നുമുമ്പു്, തകൎക്കാൻ വഴിനോക്കുകയാണെങ്കിൽ അവർ സ്വാതന്ത്ര്യത്തിന്റെ മിത്രങ്ങളല്ല, ഇന്ത്യയുടെ മിത്രങ്ങളല്ല, തൊഴിലാളിവൎഗ്ഗത്തിന്റെ മിത്രങ്ങളല്ല; അരാജകത്വത്തിന്റെ മിത്രങ്ങളാണു്.

## രാഷ്ട്രഭാഷ

നമ്മുടെ അഭിവന്ദ്യനായ മഹാത്മാഗാന്ധിയുടെ ജോലി തുടൎന്നു കൊണ്ടുപോകുന്നതു് എന്റെ കൎത്തവ്യമായി ഞാൻ കരുതുന്നു. ആ

മാറ്റത്തിൽ പല പ്രതിബന്ധങ്ങളുമുള്ളതായി നിങ്ങൾക്കറിയാം. വളരെ വിലമതിക്കാവുന്ന സാഹിത്യങ്ങളുള്ള പ്രാദേശികഭാഷകൾ നിലവിലിരിക്കുന്ന ദേശങ്ങളിൽ ഹിന്ദുസ്ഥാനി പരത്തേണ്ടതു് എങ്ങിനെ എന്നുള്ളതാണ് ഒരു വലിയ വിഷമം. സാഹിത്യത്തെസ്സംബന്ധിച്ചിടത്തോളം മദിരാശിയിൽ സംസാരിച്ചു വരുന്ന ഭാഷകൾ മററു ഭാഷകളേക്കാൾ വളരെ മുന്നിലാണ്. നിങ്ങളുടെ ഭാഷകളുമായി ഹിന്ദുസ്ഥാനിയുടെ പുരോഗമനത്തെ എനിക്കു താരതമ്യപ്പെടുത്താൻ സാധിക്കുന്നില്ല. തമിഴ് നമ്മുടെ ഏററവും പഴയ ഒരു ഭാഷയാണ്. തെലുങ്കിനും തുല്യമായ പഴക്കമുണ്ട്. ഇവയും മററു തെക്കേ ഇന്ത്യൻ ഭാഷകളും വളരെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെ പല ഭാഗങ്ങൾതമ്മിൽ എല്ലാക്കും പൊതുവായ ഒരു ഭാഷയെന്നതു് മാത്രമാണ് ഹിന്ദുസ്ഥാനിയുടെ ഉദ്ദേശം. അതുകൊണ്ടാണ് നമുക്കു ഒരു പൊതുഭാഷ ആവശ്യമായിരിക്കുന്നതു്. ഇതുവരെയും ഈ ഭാഗം ഇംഗ്ലീഷ് വഹിച്ചുകൊണ്ടിരിക്കയാണ്. . ഇപ്പോൾ നമുക്കു ഇംഗ്ലീഷിന്നു പകരം നമ്മുടെ സ്വന്തമായ ഒരു പൊതുഭാഷയുടെ ആവശ്യമുണ്ട്. ഇംഗ്ലീഷ് നമ്മുടെ രാജ്യം വിട്ടുപോകുമെന്നു ഞാൻ വിചാരിക്കുന്നില്ല. നൂറുകൊല്ലം നമ്മുടെ മദ്ധ്യത്തിലുണ്ടായിരുന്ന ഇംഗീഷ് ഇനിയും ആളുകൾക്കുപയോഗിക്കാം. അവരതുപയോഗിക്കാൻ സന്നദ്ധരായിരിക്കണം. ഇംഗ്ലീഷ് അറിയുന്നതിൽ കുററമൊന്നുമില്ല. ഇംഗ്ലീഷ് മാത്രമല്ല, ഫ്രഞ്ച്, ജമ്മൻ, റഷ്യൻ, സ്പാനിഷ്, ചൈനീസ് മുതലായ ലോകത്തിലെ മറുഭാഷകളും നമുക്കു പഠിക്കുവാനുണ്ട്. പ്രവിശ്യകൾ തമ്മിൽ പൊതുവായി ഹിന്ദുസ്ഥാനി ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഹിന്ദുസ്ഥാനി ഒരു പ്രാദേശികഭാഷയുടെയും ശത്രുവല്ല, ശത്രുവാകാൻ സാധിക്കയുമില്ല. അതു മറുഭാഷകളുടെ ഇളയ സഹോദരി മാത്രമാകുന്നു.

## ഇന്ത്യൻ മുസ്ലിങ്ങൾ.

ഇന്ത്യ പല വിഷമസന്ധികളേയും അഭിമുഖീകരിക്കുകയാണ്, ഇനി അഭിമുഖീകരിക്കുകയും ചെയ്യും. ഇന്ത്യയിലെ മുസ്ലിംകളായ നമ്മുടെ നാട്ടുകാർ അവരുടെ സ്ഥാനമെന്തെന്നു ശരിക്കു മനസ്സിലാ

ക്കേണ്ടതുണ്ട്. ഇവിടത്തെ (മദിരാശിയിലെ) മുസ്ലിങ്ങൾക്കു വേണ്ടി പ്രസിദ്ധപ്പെടുത്തുന്ന ചില പത്രങ്ങൾ വായിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ആ പത്രങ്ങളുടെ സ്വരവും ഭാഷയും എന്നെ അത്ഭുതപ്പെടുത്തി. ഇന്ത്യക്കു ഇത്രത്തോളം തകരാറു വരുത്തിവെച്ച അഹങ്കാരം നിറഞ്ഞ ജാതീയ മനസ്ഥിതിയുടെ ഒരു കണികമാത്രമല്ല, അതിൽ വളരെ കൂടുതൽ ഞാൻ പത്രങ്ങളിൽ കണ്ടു. എനിക്കു നിങ്ങളോടു തുറന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യക്കു ഉപദ്രവം വരുത്തിവച്ചതും ഇന്ത്യയുടെ വിഭജനത്തിൽ അവസാനിച്ചതുമായ വിഷം നിറഞ്ഞ ഒരു നയമാണു് കഴിഞ്ഞ കാലത്തു മുസ്ലിംലീഗ് തുടൎന്നുകൊണ്ടിരുന്നതു്. ലീഗിനൊ ലീഗിൻെറ മനസ്ഥിതിയോടുകൂടി ചിന്തിക്കുന്നവൎക്കൊ ഇന്ത്യയിൽ സ്ഥാനമില്ല. ഇന്ത്യയിൽ മിക്ക ഇടങ്ങളിലും, ഇതുവരെ ലീഗിൻെറ അനുയായികളായിരുന്ന ആളുകൾ അതിനെ നിരുത്തൽ ചെയ്തിരിക്കുന്നു. അതിനെ തുടൎന്നുകൊണ്ടു പോകുവാൻ ധൈൎയ്യപ്പെട്ടിട്ടുള്ളവർ മദിരാശിയിലുണ്ടെന്നുള്ളതു എന്നെ ആശ്ചൎയ്യചകിതനാക്കിയിരിക്കുന്നു. അതൊരു വെല്ലുവിളിയും അവഹേളനവുമാണ്. അവരുടെ നാട് പാക്കിസ്ഥാനാണ്. അവൎക്കു ഇന്ത്യയിൽ സ്ഥാനമില്ല. ലീഗിൻെറ പഴയ സമ്പ്രദായങ്ങൾ ഇന്ത്യയിൽ തുടൎന്നുകൊണ്ടു പോകുവാനാഗ്രഹിക്കുന്ന മുസ്ലീങ്ങളുണ്ടെങ്കിൽ, സ്നേഹത്തോടുകൂടി ഞാനവരോടു പറയും പാക്കിസ്ഥാനിലേക്കു പോയ്ക്കൊള്ളണമെന്ന്. എന്തുകൊണ്ടെന്നാൽ, അല്ലാതിരുന്നാൽ അതു് അവൎക്കും ഇന്ത്യക്കും നല്ലതിനായിരിക്കയില്ല. മത്സരം തുടരുകയും മതപരമല്ലാത്തൊരു രാഷ്ട്രത്തിൽ ഇണങ്ങിച്ചേരാത്ത സംഘങ്ങളുണ്ടായിരിക്കുകയും ചെയ്യും. പാക്കിസ്ഥാൻെറ പിന്നിലുള്ള സിദ്ധാന്തം വൎഗ്ഗീയമായ ഒരു സിദ്ധാന്തമല്ല; മതപരമാണ്. മതപരമായ ഒരു രാഷ്ട്രം എന്നുള്ളതു് ആധുനികകാലത്തു് വല്ലാത്തൊരു സിദ്ധാന്തം തന്നെയാണ്. മുസ്ലീംലീഗിൻെറ പഴയ ആദൎശങ്ങളിൽ ഇന്ത്യയിലെ മുസ്ലിംകൾ വിശ്വസിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവരുടെ 'പിതൃരാജ്യ'മോ 'മാതൃരാജ്യ'മോ—എങ്ങിനെയാണവരതിനെ വിളിക്കുന്നതെന്നിരുന്നാലും—ഇന്ത്യയല്ല, പാക്കിസ്ഥാനാണ് എന്നുള്ളതാണ് അതിൻെറ അൎത്ഥം.

## പാക്കിസ്ഥാൻ

ഇന്ത്യയുടെ വിഭജനത്തെപ്പററി എനിക്ക് എത്രതന്നെ വ്യസനമുണ്ടായിരുന്നാലും ഞാൻ അതില്ലാതാക്കാൻ പ്രവർത്തിയെടുക്കുമെന്ന് ആരും വിചാരിക്കേണ്ടതില്ല. 'ലേക്ക് സക്സസ്സിലും' യു. എൻ. സെക്യൂരിററികൌൺസ്സിലിലും പാക്കിസ്ഥാനിലെ നേതാക്കന്മാർ കൊണ്ടുവന്ന വല്ലാത്ത ആരോപണങ്ങൾ കൊണ്ടാണ് ഞാനിങ്ങനെ പറയുന്നതു്. നാം പാക്കിസ്ഥാനെഉടച്ചുതകക്കാനും, അതിനെഇല്ലായ്മ ചെയ്യാനും ഗൂഢാലോചന നടത്തുന്നുവെന്ന് അവർ ആവത്തിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു. ഈയവസരത്തിൽ പാക്കിസ്ഥാനെപ്പററി വളരെയൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അസത്യത്തിനുമേൽ അസത്യം കൂട്ടിവെയ്ക്കാൻ അവക്കു പ്രത്യേകമായ ഒരു കഴിവ് ഉണ്ടായിരിക്കുന്നു എന്നുമാത്രമേ ഞാൻ പറയുന്നുള്ളു. അസത്യങ്ങളിലും ചതിയിലും അവർ തങ്ങളുടെ നയം കെട്ടിയുയത്തിക്കൊണ്ടിരിക്കുന്നതു് ആശ്ചര്യജനകമായിരിക്കുന്നു. അതെന്തുതന്നെയായിരുന്നാലും, നാം പാക്കിസ്ഥാനെ ഇല്ലായ്മ ചെയ്യുവാൻ, ശ്രമിക്കുന്നതു് ഇല്ലായ്മ ചെയ്യാൻ തക്കം നോക്കുന്നതു്, അവിശ്വസനീയമാണെന്നു വിശദമാക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതു അവിശ്വസനീയമാകുന്നതു അതുമുഖേന നാം നമ്മേത്തന്നെ ദ്രോഹിക്കുകയായിരിക്കും എന്നുള്ളതുകൊണ്ടാണ്. ഒന്നാമതായി പാക്കിസ്ഥാൻ പതുക്കെ ചെന്നിറങ്ങിക്കൊണ്ടിരിക്കുന്ന കുഴപ്പത്തിൽ ചെന്നുചാടാൻ നാം ആഗ്രഹിക്കുന്നില്ല. രണ്ടാമതായി, സാമ്പത്തികമായോ മററുവല്ലതരത്തിലോ പാക്കിസ്ഥാൻ തകരുകയാണെങ്കിൽ അതു ഇന്ത്യക്കും പലതരത്തിലുള്ള തകരാറുകൾ വരുത്തിവെയ്ക്കും. എന്തുകൊണ്ടെന്നാൽ ഭൂമിശാസ്ത്രപരമായി അടുത്തുകിടക്കുന്ന രണ്ടു പ്രദേശങ്ങളെ, അവ വിഭജിക്കപ്പെട്ടിരുന്നാൽ തന്നെയും, വേർതിരിക്കാൻ സാദ്ധ്യമല്ലെന്ന് നിങ്ങൾഓർമ്മിച്ചിരിക്കേണ്ടതാണ്. രണ്ടിന്റെയും സാമ്പത്തികഘടന ഒരു നൂറുവിധത്തിൽ ബന്ധപ്പെട്ടതാകുന്നു. പാക്കിസ്ഥാൻ തകന്നാൽ ഇന്ത്യക്കുണ്ടാവുന്ന അപകടം വലുതായിരിക്കും അതുകൊണ്ട് ഏതു വീക്ഷണകോണത്തിൽനിന്നു നോക്കിയാലും സാമ്പത്തികമായോ മററുതരത്തിലോ പാക്കിസ്ഥാൻ തകരണമെന്ന് നാമാഗ്രഹിക്കുകയില്ല.

# വൈലോപ്പിള്ളിക്കവിത

ഗോവിന്ദൻകുട്ടിനായർ.

വൈലോപ്പിള്ളിയുടെ രചനാരീതിയെപ്പററി ഒരവസരത്തിൽ പ്രസ്താവിക്കേണ്ടിവന്നപ്പോൾ, അദ്ദേഹം അക്കാര്യത്തിൽ വള്ളത്തോളിൻെറയും കുററിപ്പുറത്തിൻെറയും അടുത്ത അനന്തരവനാണെന്ന് ഇതെഴുതുന്ന ആൾ സൂചിപ്പിക്കുകയുണ്ടായി. വൈലോപ്പിള്ളിക്കവിതയ്ക്കു വള്ളത്തോൾപ്രസ്ഥാനത്തോടുള്ള അടുപ്പത്തെപ്പററി കുറെക്കൂടി നിഷ്കൃഷ്ടമായി ചിന്തിപ്പാനാണ് ഈ അവസരത്തിൽ ഉദ്യമിക്കുന്നതു്. വെറും രചനയിൽ മാത്രമല്ല, കലാപരമായ വീക്ഷണത്തിലും വൈലോപ്പിള്ളിക്കു വള്ളത്തോൾക്കവിതയോടു ആത്യന്തികമായ അടുപ്പമുണ്ടു്. വള്ളത്തോൾ സാഹിത്യമഞ്ജരി തുടിയ സമുൽകൃഷ്ട കൃതികൾ വഴിയായി നമ്മുടെ പദ്യസാഹിത്യത്തെ ഏതൊരു വിശാലമേഖലയിലേക്കു ഉയർത്തിയോ, ആ മേഖലയിൽ നിന്നാണ് വൈലോപ്പിള്ളിക്കവിതയുടെ സമാരംഭം. ഭംഗ്യന്തരേണ പറകയാണെങ്കിൽ, വൈലോപ്പിള്ളിയുടെ കവിത, വള്ളത്തോൾ പ്രസ്ഥാനത്തിൽ തെഴുത്തുണ്ടായ ഒരു മോഹനസൂനമാണ്.

താത്വികമായി നോക്കുമ്പോൾ, വള്ളത്തോൾപ്രസ്ഥാനം കലയെ സൌന്ദര്യപ്രകാശനത്തിന്നുള്ള ഒരു കരുവായിട്ടാണ് കണക്കാക്കുന്നതു്. ആസ്വാദനജന്യമായ ആനന്ദവും ആനന്ദജന്യമായ സംസ്കാരവുമാണ് അതിൻെറ ലക്ഷ്യം. പഴയ മണിപ്രവാളകവികളുടെ കലാപരമായ ഉന്നവും മറെറാന്നല്ല. പക്ഷേ രണ്ടു കൂട്ടരും ഉന്നം വെക്കുന്ന സംസ്കാരത്തിന്നു തമ്മിൽ കുറെ അന്തരമുണ്ടു്. വള്ളത്തോൾക്കവിതക്കു സംസ്കാരത്തെ കുറെക്കൂടി സൂക്ഷ്മരൂപത്തിൽ ദർശിക്കുവാൻ സാധിക്കുന്നുണ്ടു്. ആസ്വാദനദ്വാരാ ലഭിക്കുന്ന ആനന്ദവും സാമാന്യം സംസ്കൃതമാണ്.

വള്ളത്തോൾ പ്രസ്ഥാനത്തിലൂടെ വളന്ന സ്വന്തമായ വ്യക്തിത്വം നേടാൻ കഴിഞ്ഞ രണ്ടു കവികളാണ് വൈലോപ്പിള്ളിയും വെണ്ണിക്കുളവും. എന്നാൽ ഇവക്തമ്മിലും പ്രകടമായ അന്തരമുണ്ട്. സൌന്ദര്യബോധത്തെ സംബന്ധിച്ചേടത്തോളം വൈലോപ്പിള്ളി വെണ്ണിക്കുളത്തെ അധഃകരിക്കുന്നു. എന്നാൽ രചനയുടെ കാര്യത്തിൽ വള്ളത്തോൾ പ്രസ്ഥാനത്തെ കൂടുതൽ ഭംഗിയായി അനുകരിപ്പാൻ കഴിയുന്നതു് വെണ്ണിക്കുളത്തിനാണ്. വൈലോപ്പിള്ളി ക്കവിതയുടെ ഭാവാവിഷ്ക്കരണനൈപുണി വെണ്ണിക്കുളത്തിന്റെ കവിതയിൽ അത്രയും വികസിത രൂപത്തിൽ നമുക്കു കാൺമാൻ കഴിഞ്ഞെന്നു വരില്ല. വൈലോപ്പിള്ളിയുടെ വീക്ഷണരീതി വെണ്ണിക്കുളത്തിന്റേതിനേക്കാൾ പുരോഗമനപരമാണ്. വെണ്ണിക്കുളം ഇന്നും ചുരുങ്ങിയതു പത്തിരുപതുകൊല്ലത്തെയെങ്കിലും പഴക്കമുള്ള ഒരു വിചാരലോകത്തിലാണ് വിഹരിക്കുന്നതു്. അദ്ദേഹം വീക്ഷിക്കുന്ന പരിസരത്തിൽ അത്ര വികാരോഷ്മളതയോ സമരതീവ്രതയോ ഇല്ല. കമ്യൂണിസ്റ്റ് പുരോഗമനവാദികൾ അദ്ദേഹത്തെ ഒരു ബൂഷ്വാ കവിയെന്നുതന്നെ വിളിച്ചേക്കും. എന്നാൽ വൈലോപ്പിള്ളി ആ പേരിന്നു് അത്രത്തോളം അർഹനല്ല. അദ്ദേഹം പ്രകൃതിയെങ്കിലും പരിവത്തനപ്രിയനാണ്.

വള്ളത്തോൾ അവസാനിച്ചേടത്തുവെച്ചാണ് വൈലൊപ്പിള്ളി ആരംഭിച്ചതെന്നു പറഞ്ഞുവല്ലോ. എന്താണ് ഈ ആരംഭം? എന്താണ് അവസാനം?

ഇവിടെ ആരംഭമെന്നും അവസാനമെന്നും പറഞ്ഞതു് ആശയഗതിയെ സംബന്ധിച്ചാണ്. വള്ളത്തോൾപ്രസ്ഥാനം ആശയപരമായി അവസാനിക്കുന്നതു് പരിപൂർണ്ണമായ ദേശീയത്വത്തിലാണ്. വൈലോപ്പിള്ളിക്കവിത ആരംഭിക്കുന്നതു് സാർവ്വദേശീയത്വത്തിൽനിന്നാണ്. അതിന്റെ രൂപം ചിലപ്പോൾ, അല്ല, മിക്കപ്പോഴും, ദേശീയപരിവേഷം പൂണ്ടതായിക്കണ്ടേക്കാമെങ്കിലും ഭാവം അഖില ദേശീയത്വത്തിലേക്കു ഉററു നോക്കുന്നതാണ്. 'ഭാര

തവഷത്തിലെ പൂവ്വരാമൃഷീന്ദ്രന്മാർ' വിരചിച്ച വിശേഷാത്തരങ്ങളായ പുരാണങ്ങളെ വള്ളത്തോളിനെപ്പോലെ വൈലോപ്പിള്ളിയും ആരാധിക്കുന്നുണ്ട്. എന്നാൽ അതോടൊപ്പം അദ്ദേഹം 'ആയിരത്തൊന്നു രാവുകളിൽ പറഞ്ഞവസാനിപ്പിച്ച ആ വിദേശിയ സാഹിത്യസുധയേയും—അറബിക്കഥ—സമാരാദ്ധ്യമായിക്കാണുന്നു.

കുളുകാൽ കേട്ടതില്ലെത്ര
കാലത്തിൻ സാത്ഥവാഹകർ,
മരുഭൂമിയിൽ നിന്നെത്തു
മാമനോഹര വൈഖരി?
*   *   *   *
ശുഷ്കജീവിതരാശിക്ക
മകരന്ദം സ്വാദിക്കുവാൻ
സഹസ്ര ദളമുള്ളോരു
സരോജത്തെ സൃജിച്ചു നീ.
(ആയിരത്തൊന്നു രാവുകൾ)

എന്നീ പദ്യങ്ങൾ വായിക്കുമ്പോൾ, പുരാണങ്ങളിൽ വള്ളത്തോൾ എന്തെല്ലാം ഉൽകൃഷ്ടതകൾ അഭിദർശിച്ചുവോ, അതെല്ലാം അറബിക്കഥകളിലൂടെ വൈലോപ്പിള്ളിയും വീക്ഷിക്കുന്നുണ്ടെന്നു മനസ്സിലാക്കാം.

'കുടങ്ങളിലിളം കള്ളും
കടയണിപ്പൂച്ചത്തെങ്ങും
കുടമെതിർ മുലത്തുള്ളും
പെൺകിടാങ്ങളും
ഇടതിങ്ങും കൊച്ചി'

നാടിനോടു ബന്ധപ്പെട്ടവയാണെങ്കിലും അദ്ദേഹത്തിൻെറ പത്തേമ്മാരികൾ സങ്കുചിതമായ ദേശീയതപത്തിലല്ല ജീവിക്കുന്നതു്. ആ പത്തേമ്മാരികൾ പറയുന്നതു നോക്കുക:—

ഉലക്കിനു മുതൽ കൊയ്‌വാ—
നലകടലുഴവുന്ന
തലമുതന്നവർ പത്തേ-
മ്മാരികൾ ഞങ്ങൾ!

എന്തു വിശാലമായ വീക്ഷണമാണവയുടേതു്"! വള്ളത്തോൾ, കൊച്ചു സീതയുടെ ചാരിത്ര്യ നിഷ്ഠ കണ്ടുപറയുകയാണ്:

അമ്പോ! മഹിമാവിതാഷ്ഭുവേ, തവ
വമ്പോക്കുളത്തിലും നിഷ്കാമകാഹളം;
വേടക്കുടിലിലും ബ്രാഹ്മണ്യ സമ്പത്തി
വേശത്തെരുവിലും ചാരിത്രസൌരഭം!

ഈ ദേശാഭിമാനത്തെ നാം മുക്തകണ്ഠം പ്രശംസിക്കുന്നു. എന്നാൽ വൈലോപ്പിള്ളിയുടെ ദേശാഭിമാനം ആസ്സാം പണിക്കാരെക്കൊണ്ടു പറയിക്കുന്നതു നോക്കുക:

അറിയുമേ ഞങ്ങ, ളറിയും നീതിയും
നെറിയും കെട്ടോരിപ്പിറന്ന നാടിനെ
അതിഥികൾക്കെല്ലാമമരലോകമീ
ക്കിതവി ഞങ്ങൾക്കു നരകദേശവും.
മദിപ്പിക്കും കനിക്കിനാവുകൾകാട്ടി
ക്കൊതിപ്പിക്കും, പക്ഷേ കൊടുക്കുകില്ലിവൾ.
കടവയറിനു കളുത്തചോർ, പാട്ടു
പെടുന്നു വായകൾക്കുഴക്കരിക്കഞ്ഞി,
അടുത്തനാളൊരു കടുന്നായിച്ചയും
നടപ്പിതേ വിധം നശിച്ചൊരീ നാട്ടിൽ
അറിയുമേ ഞങ്ങളറിയും നീതിയും
നെറിയും കെട്ടോരിപ്പിറന്ന നാടിനെ!

(ആസ്സാം പണിക്കാർ)

എന്തന്തരമുണ്ട് ഈ രണ്ടു വീക്ഷണരീതിക്കും തമ്മിൽ! അന്യോന്യവിരുദ്ധമായി തോന്നുന്ന ഈ രണ്ടു അഭിപ്രായങ്ങൾക്കും അടിസ്ഥാനമായിട്ടുള്ളതു് ദേശാഭിമാനമൊന്നുതന്നെയാണ്. വള്ളത്തോൾ ഇന്ത്യയുടെ പ്രാചീനൈശ്വര്യത്തിൽ അഭിമാനം കൊള്ളുമ്പോൾ വൈലോപ്പിള്ളി അതിൻെറ ആധുനികസ്ഥിതിയിൽ അമർഷം പുലർത്തുന്നു.

ഭൂതകാലത്തോടുള്ള പ്രേമാധിക്യത്താൽ വള്ളത്തോൾ വർത്തമാനകാലത്തെ അവഗണിക്കുന്നുണ്ടെന്നു പറയാമോ? ഒരിക്കലും പാടില്ല. ഭാവികു വേണ്ടിപ്പോലും വർത്തമാനത്തെ നിസ്സാരമായി കരുതാൻ അദ്ദേഹം ഒരുക്കമില്ല. അതാണല്ലോ,

ഛീ! വർത്തമാനത്തെയിട്ടു പീഡിക്കയോ
ഭാവിക്കടയ്ക്കൽ വച്ചുംവെച്ചു കൊള്ളുവാൻ.

എന്നു് അദ്ദേഹം ചോദിക്കുന്നതിൻെറ മർമ്മം. ഈ ആശയം വൈലോപ്പിള്ളിയിൽ കുറെക്കൂടി ദാർഢ്യത്തോടുകൂടി നാം കാണുന്നു.

ഭാവിക്കുതാൻ കരുതിവെച്ചതു വിററഴിച്ചു
പൂവിട്ടതാരമണിയാരമണീയഭൂവിൽ
ജീവിക്കണം നിമിഷമൊന്നിലനേകജന്മം
ഹാ! വിശ്വമോഹിനി ചിരിച്ചു തരിച്ചുതുള്ളി
(നർത്തകി)

'ഒരു നിമിഷത്തിൽ അനേകജന്മം ജീവിക്കുക'—ഇതിൻെറ അർത്ഥം വർത്തമാനത്തെ നമ്മുടെ എല്ലാ കഴിവുകളുമുപയോഗിച്ച് ആസ്വദിക്കുക എന്നാണല്ലോ. നോക്കു, അമ്മാമൻെറ ആശയത്തെ കാലം അനന്തരവനിൽ എത്രമാത്രം വികസിപ്പിക്കുന്നു എന്നു്.

അമ്പലത്തെപ്പററി വള്ളത്തോളിന്നു് വലിയ മതിപ്പാണ്. 'വിഭക്തിയും ഭക്തിയും' എന്ന കവിതയിൽ അദ്ദേഹം ക്ഷേത്രപരിസരത്തെ ദേവലോകത്തേക്കാൾ പരിശുദ്ധമായി ദർശിക്കുന്നു. ആ ക

വിതയിലെ ഗുരുവായൂരപ്പൻ നമ്മോടു സംസാരിക്കുന്നില്ലെന്നു മാത്രമേയുള്ളൂ. വള്ളത്തോൾ അദ്ദേഹത്തെ തികച്ചും ചൈതന്യപൂർണ്ണനാക്കിയിരിക്കുന്നു. വൈലോപ്പിള്ളിയുടെ ദൃഷ്ടിയിൽ ക്ഷേത്രപരിസരങ്ങളിൽ പരിശുദ്ധി എന്നൊന്നില്ലതന്നെ. വള്ളത്തോളിന്റെ അമ്പലമുററത്തു ധൗതാംബരം ചുററി 'ഹരേ രാമ! ഹരേ കൃഷ്ണ!' എന്നിങ്ങനെ നാമസങ്കീർത്തനം ചെയ്തു പ്രദക്ഷിണം വെക്കുന്ന ഭക്തന്മാരെയാണ് നാം കാണുന്നത്. എന്നാൽ വൈലോപ്പിള്ളിയുടെ അമ്പലമുററത്തോ, അദ്ദേഹംതന്നെ പറയട്ടെ:

ഉത്സവം നടക്കയാണമ്പലമുററത്തുജ-
ന്നുജ്ജ്വലൽ ദീവെട്ടികളിളക്കും വെളിച്ചത്തിൽ

* * *

വാദ്യമേളത്തിൽ താളപാദത്തിൽ തലയാട്ടി
പൂത്തതാഴ്‌വരപോലെ മരുവീ പുരുഷാരം.
സംഘമായ് മുറുക്കിക്കൊണ്ടിരിക്കും ചിലർ ചൊൽവു
തങ്ങളിൽ, "കുറുമ്പനാ ണാനട്ടക്കെഴും കൊമ്പൻ."

(സഹ്യന്റെ മകൻ)

എന്തൊരു പരിവർത്തനമാണ് അമ്പലമുററത്തിന്നും അവിടെ കൂടിയ ആളുകൾക്കും അവരുടെ സംഭാഷണത്തിന്നുമുണ്ടായിത്തീർന്നത്! അങ്ങനെയുള്ള ആ അമ്പലത്തിലെ ഈശ്വരന്നുണ്ടോ വല്ല ചൈതന്യവും? വെടികൊണ്ടു ആന അലറി വീണപ്പോൾ കവി ചോദിക്കുകയാണ്:

ദ്യോവിനെ വിറപ്പിക്കുമാവിളികേട്ടോ മണി-
ക്കോവിലിൽ മയങ്ങുന്ന മാനവരുടെ ദൈവം?

ഈ ചോദ്യത്തിൽ നിന്നു പതഞ്ഞൊഴുകുന്ന പച്ചപ്പരിഹാസം നോക്കൂ. അലിവററ കരിങ്കല്ലിന്നുണ്ടോ ആർത്തനാദം കേൾക്കാൻ ചെവി?

വല്ലായ്മ ദേവകൾ പെട്ടുത്തുവതുംസഹിപ്പോ-
ന്നല്ലായിരുന്നു ഹഹ! ഭാരതപൂർവ്വരക്തം.

എന്നിങ്ങനെ ഭാരതീയരുടെ പൂർവ്വരക്തത്തെക്കുറിച്ച് വള്ളത്തോൾ അഭിമാനം കൊള്ളുന്നു. ഈ അഭിമാനം ഒരുതരം ബുഷ്പാതപത്തിൻെറതാണ്. ഭാരതപൂർവ്വരക്തത്തെപ്പററി വൈലോപ്പിള്ളിക്കും മതിപ്പുണ്ട്. അദ്ദേഹത്തിൻെറ

ഹാ! മന്ദരാകാ ഞങ്ങൾ, ദാസ്യത്താൽ ഞങ്ങൾക്കുള്ള
രാമൻെറ രക്തംപാടെ വിയർപ്പായ്പോയിട്ടില്ല.
(പശ്ചിമസമുദ്രം)

എന്ന വരികൾ അതു വിളിച്ചു പറയുന്നു. എന്നാൽ ആ അഭിമാനത്തിലൂടെ നാം ദർശിക്കുന്നത് ഒരു ബുഷ്പയെയല്ല. പിന്നയോ?

'നാളത്തെ പുലർച്ചക്കീയാഴിയിൽ, ജയസ്തംഭ
നാളത്തിൽ കളിയാട്ടും ഞങ്ങൾതൻ പതാകകൾ.

എന്നിങ്ങനെ ശപഥം ചെയ്യുന്ന കർമ്മധീരനായ, അദ്ധ്വാനത്തെ മാനിക്കുന്ന, ഒരു വീരയോദ്ധാവിനേയാണ്.

## III

വള്ളത്തോളിൽ നിന്നു വൈലോപ്പിള്ളിക്കു സിദ്ധിച്ച ആശയപരമായ പുരോഗതിയുടെ സ്വഭാവം നാം ഏതാണ്ടു കണ്ടുകഴിഞ്ഞു. ഇനി സാങ്കേതികമായ പുരോഗതി എങ്ങനെയിരിക്കുന്നുവെന്നു നോക്കാം. വള്ളത്തോളിൻെറ സുപ്രസിദ്ധമായ 'അല്ലിൻെറയന്തിമയാമത്തെ...' എന്നു തുടങ്ങുന്ന പ്രഭാതപ്രാർത്ഥനയിലെ ആശയചിത്രണമൊന്നു പരിശോധിക്കുക. ഒരു പഴയ നായർത്തറവാട്ടിലെ അംഗമാണ് ആ ഉഷസ്സ്. അവളുടെ സൌന്ദര്യം, കുറെ അകൃത്രിമവും കുറെ കൃത്രിമവുമാണ്. എന്നാൽ വൈലോപ്പിള്ളി ചിത്രണം ചെയ്യുന്ന ഉഷസ്സ് എങ്ങനെയിരിക്കുന്നുവെന്നു നോക്കുക.

പൊന്നുപുലരിയുണന്നണീറവു
ചെന്നു കിഴക്കു തീ പൂട്ടിടുമ്പോൾ,
കാളുന്ന വാനത്തു നാളികേര
പ്പൂളൊന്നു വാടിക്കിടന്നിടുമ്പോൾ,

മുത്തൊക്ക മത്താഴവറവുവാനിൽ
മുററത്തു ചിന്നിയടിഞ്ഞിട്ടുമ്പോ൦,
കേ൦ക്കാം പുളിമരക്കൊമ്പിൽ നിന്നും
കാക്ക കരഞ്ഞിട്ടും താരനാദം
'ആരാണുറങ്ങുന്നതേൽക്ക'കെന്നായ്
കാരണവത്തിതന്നുക്തിപോലെ.

(കാക്ക)

ഇവിടെ നാം കാവ്യകലാസാങ്കേതികമായി കാല്പനികപ്രസ്ഥാനത്തുനിന്നു യഥാതഥാപ്രസ്ഥാനത്തേക്കിറങ്ങിവരുന്ന കാഴ്ചയാണ് കാണുന്നത്. അലങ്കാരങ്ങളുടെ ആഹാര്യശോഭയാലല്ല, അകൃത്രിമതയുടെ സരളതയാലാണ് ഉദ്ധരിച്ച വരിക൦ അനുവാചകന്മാരുടെ ഹൃദയത്തെ ആനന്ദതുന്ദിലമാക്കുന്നത്. മലയാളത്തിൽ യഥാതഥപ്രസ്ഥാനം ചിന്താപരമായ അരാജകതചത്തിലൂടെ 'പുരോഗമനസാഹിത്യ'മായി രൂപമെടുക്കുകയാണല്ലൊ ഉണ്ടായത്. പുരോഗമനസാഹിത്യം ചിലരുടെ കണ്ണിൽ തലതിരിഞ്ഞ താന്തോന്നിത്തത്തിൻെറ കളിയരങ്ങായി.

അരാജകമായ ആ ചിന്താഗതിയിലേക്കു കാലൂന്നിയില്ലെന്നുള്ളതു വൈലോപ്പിള്ളിക്കവിതയെസ്സംബന്ധിച്ചേടത്തോളം എടുത്തുപറയത്തക്ക ഒരു സവിശേഷതയാണ്. വള്ളത്തോ൦ പ്രസ്ഥാനത്തിൻെറ ഭൌതികലാവണ്യംപോലെതന്നെ ധാമ്മികലാവണ്യവും മുറുകെ പിടിച്ച് കലാവ്യവസായം ചെയ്യാൻ വൈലോപ്പിള്ളിക്കു കഴിഞ്ഞു. വേലയേയും വേലക്കാരനേയും അദ്ദേഹം മാനിക്കുന്നു; എന്നാൽ ആ മനോഭാവം മാനുഷികമായ മററു ഗുണങ്ങളുടെ മാററു നശിപ്പിക്കുന്നില്ല. വേലയോടും വേലക്കാരനോടുമുള്ള മമത വള്ളത്തോ൦ കൃതികളിൽതന്നെ മുളച്ചിലപ്പിരിഞ്ഞു നിൽക്കുന്നതായി കാണാം. 'മാപ്പു' മുതലായ കൃതിക൦ നോക്കുക. അതുവരെക്കും അധഃകൃതാവസ്ഥയിൽ വീക്ഷിക്കപ്പെട്ടിരുന്ന കൃഷിക്കാരൻ,

സ്നേഹിതാ കഷക, മിഥ്യാ പരിഷ്കാര
മോഹിതക്കെങ്ങൊരു മോശക്കാരൻ.

എന്നിങ്ങനെ വള്ളത്തോൾ കവിതയിൽ, സമുദായത്തിൻെറ ഉന്നത സോപാനത്തിൽ വർത്തിക്കുന്നവൎക്ക് ഒരു 'സ്നേഹിത'നായി, കൊള്ളാവുന്നവനായി, പ്രത്യക്ഷപ്പെടുന്നു. അവിടെനിന്നും കാലത്തിൻെറ കൈവണ്ടിയിലൂടെ കുറെക്കൂടി മുന്നോട്ടുപോന്ന വൈലോപ്പിള്ളി, വേലക്കാരനെ സാമൂഹ്യജീവിതത്തിൻെറ നേതാവായും തദ്വാരാ ആരാദ്ധ്യനായും അഭിദർശിക്കുന്നു.

തൻജീവരക്തമൊഴുക്കുന്നു പാടത്തു
തണ്ണീരിലൂടെ യിദ്ധീരനാം പൂരുഷൻ.
കാന്തൻെറ തേരിൻ കടിഞ്ഞാൺ പിടിക്കുന്നു
താൻതന്നെ തേവിക്കൊട്ടുക്കമിപ്പെൺകൊടി.

* * *

പോട്ടുകയാണിവൾ പാലാട്ടുകോമൻെറ
നീട്ടുററവാളിൻ നിണപ്പുഴക്കേളികൾ
ആരാണു വീറോട്ടുപോരാട്ടമീരണ്ട്
പോരാളിമാർകളെ പ്പാടിപ്പുകഴ്ത്തുവാൻ.

എന്നിങ്ങനെ പാതിരാവിൽ പാടത്തു പുഞ്ചയ്ക്കു തേവുന്നവരെ പരാമർശിച്ചെഴുതിയ 'പടയാളികൾ' എന്ന കവിതയിൽ അദ്ദേഹം തൊഴിലിൻെറയും തൊഴിലാളിയുടെയും അപദാനങ്ങളെ പാടിപ്പുകഴ്ത്തേണ്ടുന്നതിൻെറ ആവശ്യകതയിലേക്കു വായനക്കാരുടെ ശ്രദ്ധയെ തിരിക്കുന്നു. വേലയുടെ മഹത്വംതന്നെയാണല്ലോ

ചേലുകൾ നോക്കുവോളല്ലനാനാ
വേലകൾ ചെയ്യുവോളിക്കിടാത്തി
ലോലമായ് മൂവിതളുള്ള നീല-
ക്കാലടിയെങ്ങു പതിഞ്ഞിട്ടുന്നോ,
ആനിലമൊക്കെയും ശുദ്ധിയേല്പു
ചാണകവെള്ളം തളിച്ചപോലെ!

(കാക്ക)

എന്നീ വരികളിലും സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്.

ജീവിതത്തെസംബന്ധിച്ച് ആശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീ മൂന്നു മഹാകവികൾക്കും വ്യത്യസ്തമായ വീക്ഷണഗതിയാണു ള്ളത്. വള്ളത്തോളും കുററിപ്പുറവും ജീവിതത്തെ അഭിലഷണീയ വും ആസ്വാദ്യവുമായി ദർശിക്കുന്നു. പ്രസാദാത്മകതയാണ് വ ള്ളത്തോൾ പ്രസ്ഥാനത്തിൻെറ ജീവിതപരമായ തത്വശാസ്ത്രം. വൈലോപ്പിള്ളിയും മറെറാരു വിധത്തിലല്ല ജീവിതത്തെ വീക്ഷിക്കു ന്നത്.

പാറകൾ കൂടിയും കസ്തൂരി പൂശുന്ന
പാരിലെജ്ജീവിതമെത്രഹൃദ്യം!
ആയിരം സ്വർഗ്ഗമമൃതു പൊഴിച്ചാലു
മാരസം കിട്ടുകയില്ലസത്യം!

(വസന്തം)

എന്ന ആശയം ഇതിന്നുമുമ്പ് വള്ളത്തോളിൻെറയും കുററിപ്പു റത്തിൻെറയും തൂലികയിൽ നിന്നു മാത്രമേ ഉറന്നുവന്നതായി നാം കണ്ടിട്ടുള്ളൂ.

ആശയത്തിലെന്നപോലെ വള്ളത്തോൾ പ്രസ്ഥാനം ആകൃതി യിലും പ്രസാദാത്മകമാണല്ലൊ. പഴയ മണിപ്രവാളകവിതയുടെ ചേതോമോഹനമായ പാരമ്പര്യം വള്ളത്തോൾ പ്രസ്ഥാനത്തിൽ മണവും മധുവും പൂണ്ട് മുററിത്തഴച്ചുനിൽക്കുന്നു. അതുതന്നെയാ ണ് വൈലോപ്പിള്ളിയുടെ രചനാരീതിയിലും നാം കാണുന്നതു്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്നൊരു പ്രതിയോഗിയുണ്ടെങ്കിൽ, അ തു് മുമ്പൊരിടത്തു് സൂചിപ്പിച്ചതുപോലെ, വെണ്ണിക്കുളമല്ലാതെ മ ററാരുമല്ല.

നമ്മുടെ ഇന്നത്തെ യുവകവികളിൽ ഏററവുമധികം ഭാവിയു ള്ളതു് വൈലോപ്പിള്ളിക്കാണെന്നു് ഇതെഴുതുന്ന ആൾക്കു തോന്നു ന്നു. കാരണം, ഒന്നാമതു് അദ്ദേഹത്തിൻെറ അതിന്നുള്ള കഴിവു നിലീനമായികിടക്കുന്നുണ്ട്. രണ്ടാമതു് സാമാന്യജനതയുടെ മനസ്സാ സ്ത്രവുമായി അധികം യോജിച്ചുപോകുന്നതു് അദ്ദേഹമാണ്. നമ്മു

# വ്യവസ്ഥ—?

ഈശ്വരവാരിയർ.

ദേവിതൻ കാവിലെ പൂരമാണാനകൾ
താവുന്ന പട്ടങ്ങളേന്തി 'വ്യവസ്ഥ'യിൽ
പഞ്ചവാദ്യങ്ങൾ മുഴങ്ങുന്ന താളത്തി-
ലഞ്ചിലും തെററാതെ യുററ 'വ്യവസ്ഥ'യിൽ·
ആളുക'ളിസ്തിരി'യിട്ട കുപ്പായവും
'ഷോളു'മണിഞ്ഞു നടപ്പത്തുണ്ടാസ്ഥയിൽ
പുഞ്ചിരിത്തുകലിൽപ്പോലും 'വ്യവസ്ഥ'യിൽ
ക്കിഞ്ചിൽക്കുറവു വരാത്തൊരെൻ തോഴനും
മേനിയിലേതും 'വ്യവസ്ഥ' കുറയാത്ത
ഞാനും നടക്കയാണുത്സവം കൊള്ളുവാൻ.

.... .... ....

മുള്ളും മുരടും മുരടിച്ച പേരാലി-
നുള്ളോരു വേട്ടമെരുക്കിൻ ചെടികളും

---

ടെ ആശയതീക്ഷ്ണതയും ശബ്ദകോലാഹലങ്ങളുമൊക്കെ സമുദായത്തിന്റെ അന്തരീക്ഷത്തിൽ ചില ചലനങ്ങളുളവാക്കുന്നുവെന്നല്ലാതെ അതിന്റെ അടിത്തട്ടിനെ ഒരുവിധത്തിലും സ്പർശിക്കുന്നില്ല. സാമാന്യജനത ഇന്നും പാരമ്പര്യത്തിലാണ് ജീവിക്കുന്നത്. പരിതസ്ഥിതികളുണ്ടാക്കുന്ന മാററങ്ങൾ അവരിൽ സ്ഥായിയായ സ്വാധീനതയൊന്നും ചെലുത്തുന്നില്ല. പാരമ്പര്യത്തിലൂന്നിനിന്നു പരിതസ്ഥിതിയെ പകർത്തിക്കാണിക്കുന്ന വൈലോപ്പിള്ളിയുടെ കല, കാലത്തിന്റെ സന്ദേശവാഹകനാണ്.

കല്ലും നിറഞ്ഞോരു കാവിൻ പരിസരം
നല്ല ശ്മശാന'വ്യവസ്ഥ'യിൽ തന്നെയാം.
ആലിൻ തണലത്തു ക്രുകിക്കളിക്കുന്നു
ചാണകക്കുരിക്കിളികളുല്ലാസമായ്
കാവിൽ ചെറുമിക്കിടാത്തിമാർ ദേവിതൻ
'തേവസ്സു' പാടിക്കളിപ്പതു മാതിരി.

.... .... ....

തെല്ലകലത്തൊരു കല്ലിലിരുപ്പതു-
ണ്ടെല്ലാൽ, തൊലിയാൽ പടച്ചോരു വിഗ്രഹം.
ചാരത്തു കാവിലൊഴുകും രസാമൃത-
'പൂര'ത്തിനു പുറം കാണിച്ചു നിശ്ചലം.
കീറിപ്പറിഞ്ഞ മുഷിഞ്ഞ പഴന്തുണി-
ക്കീറുണ്ടരയിലൊരുവശത്തിത്തിരി.
"ഇല്ല വ്യവസ്ഥയിവന്നു തലയ്ക്കൊട്ടു-
മല്ലേ-"? സുഹൃത്തുരചെയ്തു സഹാസമായ്.
"ഇല്ല തനിക്കുമെനിക്കു മയാൾക്കുമേ-
യില്ല 'വ്യവസ്ഥ'യിന്നൊന്നിനും മന്നിതിൽ"—
ചൊല്ലിഞാൻ ഭ്രാന്തന്റെ പൂർവ്വചരിത്രങ്ങ-
ളെല്ലാം സ്മൃതിയിൽ നിരന്നതു കാരണം:—

"പൂശാരിരാമനാണായവൻ പാവമി-
ദ്ദേശത്തിലാക്കുമറിയുമവൻ കഥ
ആണ്ടുകൾ തോറും പഴനിക്കു പോയിട്ടു-
മാണവനാണ്ടിയായ് പണ്ടവൻ ഭക്തിയാൽ.
വേല്യ 'മെങ്കട്ടി'യും പീലിയും പൂണ്ടവൻ
ചേലിൽ കലികൊണ്ടു കോമരം തുള്ളവെ
നാട്ടിലെയാളുകളൊക്കെയു,മാണ്ടവൻ-
വീട്ടിലണിഞ്ഞപോലാദരിച്ചീടുമേ.

ഊക്കൻ കിണററിന്നടിയിലാണ്ടുള്ളൊരാ-
ബക്കററു മുങ്ങിയെടുത്തു കൊടുക്കുവാൻ
മേലാരം പുളിനീറു ചെഞ്ചിട കെട്ടിയ
പാരിച്ചമാവിൻെറ തുഞ്ചത്തു കേറുവാൻ
കാട്ടുതേനീച്ച യിരമ്പവെ കൂസാതെ-
നീട്ടിയ കയ്യിനാൽ തേൻകൂടെടുക്കുവാൻ
പൂശാരി രാമനാണന്നിവിടങ്ങളിൽ
ദേശത്തിനാകവേ യന്നിവൻ സേവകൻ
എല്ലാ പണിയുമറിയും ; മുറുമുറു-
പ്പില്ലാ പ്രതിഫലമെന്തു കൊടുക്കിലും.

.... .... ....

പൂശാരി രാമൻെറ 'ശങ്കുളി' കേട്ടാണു
പൂങ്കോഴി കൂകുക പണ്ടവിടങ്ങളിൽ.
ആപാദമസ്തകം ഭസ്മത്രീപുണ്ഡ്റകം
പോവാതെ പൂശിയ പൂശാരി രാമനെ.
കാവിൽതൊഴുതു മടങ്ങവേ—, കാണുവോർ
രാവിലെ നല്ല ശകുനാമായെണ്ണിനാർ.

... ... ...

ജോലികഴിഞ്ഞു തൻ നീണ്ട നിഴലിനെ-
പ്പോലുമതിത്വര കൊണ്ടു മുന്നിട്ടുടൻ
കൂലിയായ് കിട്ടിയ നെല്ലിൻ കിഴിയുമായ്
ച്ചാലേ വരുന്നൊരാ നല്ല ഗൃഹസ്ഥനെ
സ്വാഗതം ചെയ്യുവാനുണ്ടാ മിറയത്തു-
രോഗവിവശയാമമ്മയും, നാണിയും.

.... .... ....

പത്തും തികഞ്ഞു കഴിഞ്ഞുപോയ് നാണിക്കൊ-
രെത്തുംപിടിയുമില്ലാതെയായ് രാമനും,

"പത്തും തികഞ്ഞ നിൻ പെണ്ണിനെ വിട്ടേച്ചു
കേത, പഴനിക്ക നീവരേണ്ട" നാഹോ.
ആണ്ടവൻ കല്പന കിട്ടിപോൽ നിദ്രയിൽ
"ആണ്ടിയെ രക്ഷിച്ചു" രാമൻ പറകയായ്.

.... .... ....

രാവും പകലും കഴിഞ്ഞിതു നാണിക്ക-
നോവുതുടങ്ങിയിട്ടയ്യോ വിഷമമായ്.
അഞ്ചൊരുവട്ടം 'തിരുന്തുറെ'ട്ടുത്തൻ-
നെഞ്ചോടടുപ്പിച്ചു നൽകിനാൻ രാമനും.
വേണ്ടാതനത്തിനു വേണ്ട പ്രതിവിധി
'കണ്ടു'വെക്കൊണ്ടു നടത്തി പൊടുന്നനെ.

.... .... ....

"ലാക്കട്ടർ വന്നോട്ടെ കാളിയാലാവില്ല
നോക്കേണ്ട കയ്യൊന്നുമില്ലിനി ദൈവമെ"!
ഈററവാതിലിൽ പാതി തല നീട്ടി
നാട്ടിലെപ്പേററിച്ചി കാളി കരകയായ്,:—
"പിള്ള വിലങ്ങിയിരിക്കയാം തേഹത്തി-
ലില്ലൊരു 'വെക്ക'യും തൈവേ ഗതിയിനി."

.... .... ....

രാമനുമന്നുപോൽ പാഞ്ഞു പണത്തിനായ്
'രാവിലേക്കെങ്കിലും ലാക്കട്ടരെത്തണം'
ഇല്ല പണയം കൊടുക്കുവാൻ പണ്ടവു-
മില്ല പണത്തിനു കൊള്ളുന്ന പാത്രവും.
ഈടുവെച്ചുള്ളൊരു വീടുകളത്രയും
ഓടിയണഞ്ഞു കരഞ്ഞിരന്നാനവൻ
"ഇല്ല" "വഴിയില്ല" "നാളെവാ നോക്കട്ടെ"
യെല്ലാധനികരും ചൊല്ലിയൊഴികയായ്.

" ഇല്ല പണം നേരു ചൊല്ലാം വ്യവസ്ഥയു-
മില്ല നിനക്കു പണമിടപാടതിൽ"
'വില്ല'നൊരുത്തനരച്ചൊരു വാക്കിതു
മുള്ളായ്‌തറച്ചു, വിറച്ചിതു രാമനും.
വീട്ടിൽനിന്നപ്പോൾ മുറവിളി കേൾക്കയാ-
ലോട്ടമായുൾഭ്രാന്തചിത്തനായങ്ങവൻ.
ക്രൂററൻ കിണററിലെ ദീനദീനാരവം
പിറേറന്നൊരേണിയായ് രാമനു കേറുവാൻ.

.... .... ....

ആത്മഹത്യക്കു ശ്രമിച്ചകുററത്തിനൊ-
രാറുമാസം വിധി കല്പിച്ചു കോടതി.
മാസം കഴിഞ്ഞില്ലയെല്ലാം വ്യവസ്ഥയിൽ
ക്ലേശം പിഴക്കാതെ ചെയ്യും തുറുങ്കുകാർ.
"ഇല്ല വ്യവസ്ഥ തലക്കിവന്നെ"ന്നൊരു-
കല്ലു തലക്കു വലിച്ചെറിഞ്ഞീടിനാർ.
കൊല്ലങ്ങൾ നാലഞ്ചു നന്നായ്‌പ്പണിപ്പെട്ടു-
നല്ലൊരു ഭ്രാന്തനെത്തീർത്തിതാസ്പത്രിയും.

.... .... ....

"ഇല്ല വ്യവസ്ഥ, വ്യവസ്ഥയെന്നുള്ളൊരു-
ചൊല്ലിനാൽ ഞെട്ടിത്തിരിഞ്ഞുനോക്കീടവേ-
പൂശാരി രാമൻ പിറുപിറുത്താവഴി-
പോയി മറവതു കണ്ടിതു ഞങ്ങളും.

———x———

# കൃഷിഗവേഷണം

പി. അച്യുതമേനോൻ.

ഈയിടെയായി കൃഷിവിള വർദ്ധിപ്പിക്കാനും കൃഷിക്കാരെ പ്രോത്സാഹിപ്പിക്കാനും ഗവമ്മേണ്ട് മുമ്പേത്തേക്കാൾ അധികം ശ്രമം ചെയ്യുന്നുണ്ടല്ലോ. ഗവമ്മേണ്ട് സ്ഥലങ്ങളിൽ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്നതിന്നു പുറമെ കൃഷിക്കാരെ ഉത്സാഹിപ്പിക്കാൻ പണവും വളവും ബോണസ്സായി കൊടുക്കയും ചെയ്തിരുന്നു. ഗവേഷണങ്ങൾ മുമ്പേത്തെപ്പോലെ ഊർജ്ജിതമായി നടക്കുന്നുമുണ്ട്. തദ്ദേശങ്ങളിലെ പ്രധാന ഉല്പന്നങ്ങളിൽ വിള അധികമുണ്ടാവുന്ന തരങ്ങളുടെ വിത്തുകളുണ്ടാക്കി കൃഷിക്കാൎക്ക് വില്ക്കുകയും വളം ശേഖരിക്കുന്ന സമ്പ്രദായം, പച്ചപ്പുല്ല് സൂക്ഷിക്കുന്ന മട്ട്, കന്നുകാലികളുടെ തീററ, ഇവയെല്ലാം മാതൃകയായി കൃഷിക്കാൎക്ക് കാണിച്ചുകൊടുക്കയും ഗവേഷണശാലകളിലും ഗവമ്മേണ്ടു കൃഷിസ്ഥലങ്ങളിലും ചെയ്യുന്നതിന്നു പുറമെ കൃഷിക്കാർ അറിയേണ്ടുന്ന പല പ്രധാനകാൎയ്യങ്ങളും ഗ്രാമപഞ്ചാംഗം വഴിക്കും ലഘുപത്രികകൾ മുഖേനയും പൊതുജനങ്ങളെ ഗവമ്മേണ്ട് പഠിപ്പിക്കയും ചെയ്യുന്നു. മണ്ണിന്റെ തരംനോക്കി ഇന്നിന്ന ഫലവൃക്ഷങ്ങൾ വളൎത്താമെന്നും അവ കൃഷി ചെയ്യേണ്ടുന്ന ക്രമങ്ങൾ ഇന്നിന്നവയാണെന്നും പഞ്ചാംഗത്തിൽ പറയുന്നുണ്ട്. ഈ ശ്രമങ്ങളെല്ലാം എത്രത്തോളം ഫലപ്രദമായിട്ടുണ്ട് ?

ഗവേഷണശാലയിൽ നിന്നു കിട്ടുന്ന വിത്തുകൾക്ക് പ്രാധാന്യമുണ്ടെന്നു അവ ഉപയോഗിച്ചവർ സമ്മതിക്കുന്നു. പക്ഷെ ഉപയോഗിച്ചവർ കുറച്ചേ ഉള്ളു. കൃഷിക്കാർ സൂക്ഷിക്കാറുള്ള വിത്തുകൾ തികയാതെ വരുമ്പോഴോ വല്ല കാരണത്താൽ കേടുവന്നാലോ മാത്രമാണ് ഗവേഷണശാലയിൽ നിന്നു വാങ്ങുക. പഴയ കൃഷിക്കാൎക്ക് അങ്ങനെയുള്ള സന്ദർഭം ദുർല്ലഭമായേ ഉണ്ടാകയുള്ളു. കാ-

ലി വളം ഉണ്ടാവുന്നതു് തുലോം കുറവാണെന്നും പച്ചിലവളം ചേക്കുന്നതു് ക്രമേണ കുറഞ്ഞുവരുന്നുണ്ടെന്നും ഏതു കൃഷിക്കാരനും ബോധ്യമാണ്. എന്നിട്ടും ഇതിന്നുള്ള നിവാരണമാഗ്ഗം ആലോചിക്കാത്തതെന്താ ?

കൃഷിപ്പണി എപ്പോഴും ധൃതിയിലാണ് പതിവ്. മിഥുനം പണിയും തുലാപ്പണിയും ഇന്നിന്ന തിയ്യതിക്കുള്ളിൽ കഴിയണമെന്നുണ്ട്. നിലത്തിന് പഴക്കമോ വളമോ അല്ല പ്രധാനം, കാലമാണെന്നു സിദ്ധാന്തിക്കുന്നവരാണ് പഴയ കൃഷിക്കാരിൽ ഭൂരിപക്ഷവും. പ്രവൃത്തിക്കാരുടെ ദൌർല്ലഭ്യം കൊണ്ടും വളമില്ലാത്ത കാരണത്താലും പണി ഒരുവിധം കഴിച്ചുകൂട്ടുവാനായിരിക്കും മിക്ക കൃഷിക്കാരുടേയും ശ്രമം. ഒരേക്ര സ്ഥലത്തു് അമ്പതുകൊല്ലം മുമ്പുവരെ നൂറുകെട്ട് പച്ചിലവളം ചേത്തിരുന്നു. അതായിരുന്നു നിരക്ക്. ഇതിൽ മൂന്നിലൊന്നു് ഇപ്പോഴും ചേക്കാറില്ല. കിട്ടാനുമില്ല. ആ കാലത്തു് ഏക്രക്ക് 200 പറ നെല്ലുണ്ടായിരുന്ന മണ്ണിൽ ഇപ്പോൾ 120 പറയേ ഉണ്ടാവുന്നുള്ളു. ഈ സ്ഥിതി ഭേദപ്പെടുത്താനെന്താണുവഴി ?

കൃഷിക്കാവശ്യമായ നൈട്രജ വളങ്ങളിൽ ഏററവും പ്രധാനമായതു് കാലിവളമാണെന്നു സവ്വസമ്മതമാണ്. ഇന്ത്യയിലുണ്ടാവുന്ന കാലിവളത്തിൽ വലിയൊരു ഭാഗം വരടിയാക്കി കത്തിച്ചുപോകുന്നുണ്ടെന്ന ഒരു പഴയ പരാതിയുള്ളതു് ഇപ്പോഴും നിലവിലുണ്ടല്ലൊ. ഗവമ്മേണ്ടിന്റെ മിക്ക കൃഷിറിപ്പോർട്ടുകളിലും ഇതിനെപ്പററി പറയാറുണ്ട്. കുറെയൊക്കെ ശരിയാണുതാനും. കൃഷിയുടെ ആവശ്യത്തിന്നു കിട്ടുന്ന കാലിവളവും പിണ്ണാക്കും കൂടിയാൽ അഞ്ചു ലക്ഷം ടൺ മാത്രമാണത്രെ ഇന്ത്യയിലുണ്ടാവുക. പതിനഞ്ചു ലക്ഷം ടൺ ആവശ്യമാണ്. ബാക്കി വേണ്ടിവരുന്ന പത്തുലക്ഷം ടൺ കൃത്രിമവളംകൊണ്ടു നിവത്തിക്കണം. അതുണ്ടാക്കാൻ ചില കമ്പനികളും ഇന്ത്യയിലുണ്ടായിവരുന്നുണ്ട്. അവയിൽ നിന്നു കിട്ടുന്ന വളം വർദ്ധിച്ചു വരുന്തോറും ഇറക്കുമതി ചെയ്യുന്ന കൃത്രിമവളം കുറഞ്ഞുപോകയും ചെയ്യണമല്ലൊ. ഇതാണ് വ്യവസായികളുടെ

ആലോചന. കൃത്രിമവളത്തിൽ പ്രധാനമായത് അമോണിയം സോൾഫെററാണ്. നെൽകൃഷിക്ക് ഇതുപയോഗിക്കാൻ സാധ്യമല്ല. വിലപിടിച്ച സൾഫേററ് കരിമ്പുകൃഷിക്കോ ലാഭമുള്ള മററു കൃഷിക്കോ ഉപയോഗമായിരിക്കാം. നെൽകൃഷിക്കു സൾഫേററിൽ പ്രേമവുമില്ല. രണ്ടുകൊല്ലംമുമ്പെ സൾഫേററുപയോഗിച്ച കൃഷിക്കാർ അതിനെപ്പററി ഗുണമായിട്ടല്ല പറയുന്നത്. നെൽവിള അല്പം ഭേദമായിരുന്നുവെന്ന് ചിലർ സമ്മതിച്ചുവെങ്കിലും വൈക്കോലിൽ അവക്കു സാരമായ നഷ്ടം പററിയിട്ടുണ്ട്. നെൽത്തണ്ടിന്ന് ബലം കുറകയും വൈക്കോൽ ക്ഷണത്തിൽ ചീഞ്ഞുപോകയുമാണുണ്ടായത്. അതുകൊണ്ടും വിലകൊടുത്തു വാങ്ങാൻ സാധ്യമല്ലാത്തതിനാലും സൾഫേററ് നെൽകൃഷിക്ക് ഉപയോഗപ്പെടില്ലെന്ന് ഏതാണ്ട് തീർച്ച പറയാം. എന്നാൽ പോരാതെ വരുന്ന വളം എവിടെ നിന്നു കിട്ടും ?

കാലിവളം ഉപയോഗിച്ച് കമ്പോസ്ററുണ്ടാക്കാനുള്ള ക്രമം ഗ്രാമപഞ്ചാംഗത്തിൽ കൊല്ലംതോറും വിശദമാക്കി പറയാറുണ്ട്. വീട്ടിലും വളപ്പിലും ആവശ്യമില്ലാതെ കിടക്കുന്ന കുപ്പ അടിച്ചുവാരി വളക്കുഴിയിലിടുകയും പച്ചവളം കലത്തുകയും ചെയ്താൽ മൂന്നു മാസത്തിന്നുള്ളിൽ നൈട്രജ ജനകമായ ഒന്നാം തരം വളമുണ്ടാവും. മഴക്കാലത്തു യഥേഷ്ടം മുളക്കുന്ന പലതരം പുല്ലും ചെടികളും ഇതിന് വിശേഷമാണ്. പറയത്തക്ക കൂലിച്ചിലവോ അദ്ധ്വാനമോ ഇല്ലാതെ ആവശ്യത്തോളം ഉണ്ടാക്കാവുന്നതാണ് കമ്പോസ്റ്റ്. പലതരം ചെടികൾ ചേരുന്നതുകൊണ്ട് ഈ വളത്തിന്ന് പ്രത്യേക വിശേഷതയും കല്പിച്ചിട്ടുണ്ട്. പച്ചില കിട്ടാത്ത ന്യൂനതയും കമ്പോസ്ററുകൊണ്ട് തീക്കാവുന്നതാണ്. എന്നാൽ എത്ര കൃഷിക്കാർ ഈ ഉപദേശം കേൾക്കയോ അവക്കാവശ്യമായ വളം ഇങ്ങിനെ ഉണ്ടാക്കയോ ചെയ്യുന്നുണ്ട് ?

നെൽകൃഷി ചെയ്യുന്ന സ്ഥലത്ത് ഒരു വിള പയറുവർഗ്ഗങ്ങൾ എടുത്താൽ പിന്നീടുള്ള നെൽവിളക്ക് ഗുണം കിട്ടുമെന്നു എല്ലാ കൃ

ഷിക്കാക്കും അറിയാം. കാരണം മനസ്സിലാക്കീട്ടില്ല. വളം സസ്യങ്ങൾക്കുപററിയ ഭക്ഷണമാക്കിത്തീക്കുന്ന ബാക്ററീറിയ (കൃമികൾ) എല്ലാ മണ്ണിലും ഏറെക്കുറെയുണ്ടല്ലൊ. ഇവക്ക് പയറുവർഗ്ഗങ്ങളെക്കുറെ പ്രത്യേകതാല്പര്യമാണ്. വേരിന്മേൽ മുഴകൾ ഉണ്ടാക്കി അതിലാണ് ഇവയുടെ വാസം. ഈ കൃമികൾ പിന്നീടുള്ള നെൽകൃഷിക്കു വലിയ സഹായം ചെയ്യുന്നതിനാലാണ് ആ കൃഷി നന്നാവുന്നതു്. സാധാരണ ഒരു നെൽവിള എടുക്കുന്ന സ്ഥലങ്ങളിൽ ഒരു പച്ചക്കറി വിളയുംകൂടി എടുക്കുന്നതു് എപ്പോഴും ഉപകാരമായിരിക്കും. രണ്ടുപ്രാവശ്യം നെല്ലുണ്ടാക്കാനുള്ള ശ്രമം കൊണ്ടു് രണ്ടും മോശമാകയാണ് ഇപ്പോൾ പതിവ്. പയറുവർഗ്ഗങ്ങൾ കൃഷിചെയ്യുന്നതു് ഉപകാരമാണെന്നറിഞ്ഞിട്ടും അതിൽ പറയത്തക്ക ശ്രദ്ധ പതിയാത്തതെന്തായിരിക്കാം?

പച്ചില വളങ്ങൾക്കായി ഉപയോഗിച്ചിരുന്ന മരങ്ങൾ അനവധി ആയിരം കണക്കിൽ നാട്ടുപുറങ്ങളിൽ നിന്നു് വെട്ടി വിറകിനും മററുമായി പുറത്തുപോയി. കൃഷിആയുധങ്ങൾക്കത്യാവശ്യമായ അല്പം ചില മരങ്ങളുള്ളവയും ഈ കൂട്ടത്തിൽ മിക്കവാറും പോയിക്കഴിഞ്ഞു. പുതിയ മരങ്ങൾ വെച്ചു പിടിപ്പിക്കുന്ന പഴയ സമ്പ്രദായം ഇല്ലാതെയുമായി. മരങ്ങൾ വെച്ചുണ്ടാക്കുന്നതു് കൃഷിയുടെ ഒരു ശാഖയായിട്ടാണ് കരുതിപ്പോന്നിരുന്നതു്. ഇപ്പോൾ അതു് പ്രധാനകൃഷികളിൽ ഒന്നാകേണ്ടിയിരിക്കുന്നു. കൊല്ലത്തിൽ ഒരാഴ്ചയെങ്കിലും വൃക്ഷവാരമാക്കി കൃഷിയുടെ വലിപ്പത്തിനനുസരിച്ച് ഓരോ കൃഷിക്കാരനും ഇത്ര മരം വെച്ചുണ്ടാക്കണമെന്ന നിർബ്ബന്ധം തന്നെ ഉണ്ടാകേണ്ടതാണ്. അത്രത്തോളം വിഷമമാണ് പച്ചില വളത്തിന്റെ ഇന്നത്തെ സ്ഥിതി. വൃക്ഷങ്ങൾ നശിപ്പിച്ചുകളകയാൽ കൃഷിക്കും ഗ്രാമജീവിതത്തിന്നു് ആകെയും വന്നിട്ടുള്ള നഷ്ടം പരിഹരിക്കുന്നതെങ്ങിനെയാണ്?

ഗ്രാമങ്ങൾ ഭരിക്കുന്നതു് ഇപ്പോഴും ദൂരെ കിടക്കുന്ന ഒരു കേന്ദ്രത്തിൽ നിന്നാണ്. കേന്ദ്രത്തിലുള്ള അധികാരസ്ഥന്മാരുടെ കീഴി

ലുള്ളവർ ഗ്രാമംവരെ എത്തുന്നുണ്ടെന്നു സമ്മതിക്കാം. എന്നാൽ ഇവക്ക് അല്പം ചില ബാധ്യതകൾ മാത്രമേയുള്ളൂ. അതിൽ പ്രധാനമായതു് നികുതി പിരിക്കലാണ്. ഗ്രാമജീവിതത്തിൽ ഇവക്ക് യാതൊരു പങ്കുമില്ല. അതുകൊണ്ടു് ഗവമ്മേണ്ടും നാട്ടുകാരുടെ ജീവിതവും വേറെയായിത്തന്നെയാണ് നിൽക്കുന്നതു്. ഗവമ്മേണ്ടിന്റെ ഉദ്ദേശങ്ങൾ വിവരിക്കുന്ന ലഘുപത്രികകൾ എത്രതന്നെ അടിച്ചു വിതരണം ചെയ്താലും അവ ഗ്രാമങ്ങളിൽ പരക്കുവാൻ പ്രയാസമാണെന്നു തന്നെയല്ല, അറിയുന്നവക്കുപോലും ഉദ്ദേശിച്ച ഗുണമുണ്ടാവാൻ ഉതകുന്നുമില്ല.

കൃഷിക്കാവശ്യമായി കിണറു കുഴിക്കുവാൻ ഗവമ്മേണ്ട് ധനസഹായം ചെയ്യുമെന്നു കൃഷിക്കാർ അറിയുന്നതു് പലപ്പോഴും ഹരജി അയക്കാനുള്ള സമയം തെററിയിട്ടായിരിക്കും. സമയത്തിനു ഹരജി അയച്ചു എന്നും സഹായം മുമ്പുറായി കിട്ടിയെന്നും വിചാരിക്കുക. കിണറിന് എത്ര പണം ചിലവിട്ടിട്ടുണ്ടെന്നോ എത്ര സഹായം കിട്ടാൻ അർഹതയുണ്ടെന്നോ ഏകദേശമെങ്കിലും ഗവമ്മേണ്ടിനറിയാൻ സാധിക്കയില്ല. നെല്ല് വിററതിന് ബോണസ്സ് കൊടുത്തിരുന്നുവല്ലോ. ഏതു കാലങ്ങളിൽ വിററ നെല്ലിനാണെന്നും എപ്പോഴാണ് കൊടുക്കുകയെന്നും പരക്കെ അറിയാറില്ല. ഹരജി അയച്ചവക്കേ കിട്ടുകയുള്ളൂവെന്നു വേറൊരു നിയമം. ഇതും പരക്കെ അറിയാഞ്ഞാൽ ഉദ്ദേശിച്ച ഫലം കിട്ടുകയില്ലല്ലോ.

വിവരം അറിയാനുള്ള പ്രയാസം മാത്രമല്ല ഗ്രാമങ്ങളിലെ വിഷമം. കമ്പോസ്ററുണ്ടാക്കി വളത്തിന്റെ ക്ഷാമം തീക്കാമെന്നറിയുന്ന കൃഷിക്കാർപോലും അതിനായി പ്രയത്നിക്കാറില്ല. അവരെക്കൊണ്ടു് ഇത്തരം പ്രവൃത്തികൾ ചെയ്യിക്കതന്നെവേണം. അതിനായി ഒരുങ്ങിപ്പുറപ്പെടുന്നവരും ചെയ്യിക്കാൻ അധികാരമുള്ളവരുമായി ചില ഗ്രാമപഞ്ചായത്തുകാർ ആവശ്യമായിവരുന്നു. വൃക്ഷവാരം നടത്താനും പൊതുജനങ്ങളെക്കൊണ്ടു് വൃക്ഷം വെച്ചു പിടിപ്പിക്കാനും ചിലർ പുറപ്പെട്ടേ കഴിയൂ. വളം ശേഖരിക്കുന്ന ക്രമ

ങ്ങൾ ഓരോ കൃഷിക്കാൎക്കും ഒരിക്കലെങ്കിലും കാണിച്ചുകൊടുക്കാനും ആ ചടങ്ങുകൾ മേലിൽ ക്രമമായി നടത്തിപ്പിക്കാനും അധികാരമുള്ളവർ ഗ്രാമങ്ങളിൽത്തന്നെ വേണം.

കൃഷിചെയ്യുന്നവന്നു് ഭൂമിയിൽ സ്ഥിരാവകാശം കിട്ടേണ്ടതാണെന്നൊരു അഭിപ്രായം ഇപ്പോൾ ബലമായി നിൽക്കുന്നുണ്ടല്ലോ. ഇവന്നു് കൃഷിചെയ്വാൻ പ്രാപ്തി ഉണ്ടോ എന്നോ, ഒരു ഭൂമിയിൽ നിന്നു കിട്ടാവുന്നേടത്തോളം വിള എടുക്കാൻ സാധിക്കുമോ എന്നോ, കന്നിനെ മുളക്കാൻ തൊഴുത്തുണ്ടോ എന്നോ, വളം ശേഖരിക്കാൻ പററിയ വളക്കുഴിയുണ്ടോ എന്നോ, പച്ചിലവളം കിട്ടാൻ മാൎഗ്ഗമുണ്ടോ എന്നോ, വിത്തു് ഉണക്കി സൂക്ഷിക്കാൻ മതിയായ സ്ഥലമുണ്ടോ എന്നോ അറിഞ്ഞിട്ടുവേണം ഇവനെ കൃഷിക്കാരനാക്കാനെന്നു ആരും അഭിപ്രായപ്പെട്ടുകാണുന്നില്ല. തൽക്കാലം കൃഷിചെയ്വാൻ സൌകൎയ്യമില്ലാത്ത ഒരാൾ കൊടുത്ത ഭൂമിയിൽ അന്യന്റെ കന്നും വിത്തും കടംവാങ്ങി അല്പകാലം കൃഷിനടന്നുണ്ടായ വിളയിൽ നിന്നു തോന്നിയ പാട്ടം അളക്കയും രണ്ടോ നാലോ കൊല്ലത്തിനുള്ളിൽ പാട്ടബാക്കി ഈട്ടം കൂട്ടുമ്പോൾ സ്ഥലം ഒഴിഞ്ഞുതരാൻ ആവശ്യപ്പെട്ടാൽ ഗവൎമ്മേണ്ടിന്റെ പുതിയ നിയമം പുറത്തുവരട്ടെ എന്നു കരുതി ഒഴികഴിവു് പറകയും ചെയ്യുന്ന ആൾക്കു് ഭൂമിയിൽ സ്ഥിരാവകാശമുണ്ടായാൽ മേലാൽ കൃഷിയുടെ കാൎയ്യം കുന്തംതന്നെ. ഇവനെ മുഴുവൻ കൃഷിക്കാരനാക്കാൻ എപ്പോഴും സാധിക്കയില്ല.

രണ്ടുകൊല്ലംമുമ്പു് ഗവൎമ്മേണ്ടു് ചിലേടങ്ങളിൽ കൃഷിക്കാൎക്കു് വളം സൌജന്യമായി കൊടുക്കയുണ്ടായി. കടലപ്പിണ്ണാക്കും അമോണിയം സൾഫേററുമായിരുന്നു കൊടുത്തതു്. കുറെ മാസങ്ങൾക്കുശേഷം വളംകൊടുത്തതു ഇത്രയെന്നും ആ പ്രദേശങ്ങളിലുണ്ടായ വിളവു് ഇത്രയെന്നുമായി ഒരു കണക്കു പരസ്യപ്പെടുത്തിയതായി കണ്ടു. കൊടുത്ത വളം മുഴുവൻ കൃഷിയിൽ ഉപയോഗിച്ചിട്ടുണ്ടെന്ന ധാരണയിന്മേലാണു് ഈ കണക്കുണ്ടാക്കിയതു്. വളം മുഴുവൻ കൃഷിക്കുപയോഗിച്ചിട്ടുണ്ടെന്നു ഗവൎമ്മേണ്ടെങ്ങിനെ ധരിച്ചു? നാ

ലൊ അഞ്ചൊ കൊല്ലങ്ങളിലെ കണക്കുകൾ അടിസ്ഥാനമാക്കി എടുക്കുന്ന ശരാശരി വിളവിൽ കൂടുതൽ വിളവ് ഒരു കൊല്ലത്തിലുണ്ടായാൽ അതു് പുതിയ വളം ചേർത്തതിൻെറ ലക്ഷണമായി കരുതാമോ? പത്തുപതിനഞ്ചു ശതമാനം വിളവ് ഏതു കൊല്ലത്തിലും ഏററക്കുറവുണ്ടാവാം.

പക്ഷെ, അതല്ല ഇവിടെ പ്രശ്നം. വളം കൊടുക്കാൻ ഗവർമ്മെണ്ട് കല്പിക്കയും അംശം ഉദ്യോഗസ്ഥൻെറ കണക്കുപ്രകാരം കൃഷിയുടെ വലിപ്പത്തിനനുസരിച്ച് വളം വീതിച്ചു കൊടുക്കയും ചെയ്തുകൊണ്ട് മാത്രം നെൽചെടിക്ക് വളം കിട്ടുകയില്ല. വളം ഭൂമിയിൽ ചേർക്കതന്നെ വേണം. അതു് ചെയ്യുന്നുണ്ടോ എന്നു നോക്കാനും ചെയ്യിപ്പിക്കാനും അധികാരവും ഉത്സാഹവുമുള്ളവർ ഗ്രാമത്തിലുണ്ടെങ്കിലേ ഉദ്ദിഷ്ടകാര്യം സാധിക്കൂ. അതുതന്നെയല്ല, പിണ്ണാക്കും ഉപ്പും ചേർത്തു നെൽകൃഷി ചെയ്യാമെന്ന് കൃഷിക്കാരനോ ചെയ്യിക്കാമെന്ന് അധികാരസ്ഥന്മാരോ മോഹിക്കയും വേണ്ട. അതു സാദ്ധ്യമല്ല. കൃഷിക്കാവശ്യമായ വളം മുഴുവൻ കൃഷിക്കളത്തിൽ തന്നെ ഉണ്ടാവണം. അത്ര വില കുറഞ്ഞതും ഫലമുള്ളതും വേറെയുണ്ടാവാൻ വഴി കാണാനില്ല. കളത്തിൽ വളമുണ്ടാക്കാൻ കൃഷിക്കാരെ ഉത്സാഹിപ്പിക്കയും നിർബ്ബന്ധിപ്പിക്കയും ചെയ്താലെ കൃഷി ആദായമുള്ളതാക്കാമെന്നു ആശിക്കാൻ പോലും സാധിക്കയുള്ളൂ.

വളത്തിനോളംതന്നെ പ്രാധാന്യമുള്ളതാണല്ലോ വെള്ളം. കാലവർഷത്തെ മാത്രം ആശ്രയിച്ചു ചെയ്യുന്ന കൃഷി പലപ്പോഴും വെള്ളം കിട്ടാതെ നശിച്ചു പോകുന്നുണ്ട്. കൊല്ലത്തിൽ ഒട്ടാകെ 120 ഇഞ്ച് മഴയുണ്ടെന്ന് കണക്കിൽ കാണാം. ഈ മഴയിൽ പകുതിയോളം മകീരം, തിരുവാതിര ഞാററുവേലകളിൽ പെയ്തുപോകും. അതായതു്, ഇടവം, മിഥുനം മാസങ്ങളിൽ. ഈ സമയത്തു് പണിയെടുക്കാൻ പോലും മഴ സമ്മതിക്കാറില്ല. അതു കഴിഞ്ഞാൽ കൃഷിക്കാർ ആകാശം നോക്കി നില്പായി. മിഥുനത്തിൽ ഇറക്കിയ വിള ഒരുമാസമെങ്കിലും വററാതെ നിൽത്താൻ ചിലപ്പോഴും സാധി

ക്കാറില്ല. രണ്ടു വിളയും തൃപ്തികരമാവണമെങ്കിൽ ധനുമാസംവരെ വെള്ളം കിട്ടുകയും വേണം. തുലാത്തിലെ കിഴക്കൻ മഴകൊണ്ടാണ് രണ്ടാം വിള രക്ഷപ്പെട്ടുപോരാറ്. അതു് കഴിഞ്ഞ കൊല്ലം തീരെ ഉണ്ടായില്ല.

മഴയുണ്ടാവുന്ന സമയവും പ്രദേശവും ഇപ്പോൾ രണ്ടുമൂന്നുദിവസംമുമ്പെ ഏകദേശമെങ്കിലും അറിയുന്നുണ്ടല്ലൊ. ഈ വിവരം വായുമണ്ഡലത്തിലെ കാററിൻെറയും നീരാവിയുടെയും ഗതിയും ആധിക്യവും മനസ്സിലാക്കീട്ടാണ്. ഈ വിവരം കൊണ്ട് കൃഷിക്കു നാം കരുതിവരുന്നത്ര ഉപയോഗമില്ല. കൃഷിക്കുപയോഗമാവാൻ കുറെക്കൂടി ദൂരത്തേക്കു നോക്കേണ്ടിയിരിക്കുന്നു. ഇന്നിന്ന കാലത്ത് ഇത്ര മഴയുണ്ടാവാമെന്നു കുറെ മുൻകൂട്ടി അറിഞ്ഞാൽ ആദ്യവിള ഇറക്കുന്ന സമയവും രണ്ടാം വിളക്കു വെള്ളമുണ്ടാകുമോ എന്നും നിശ്ചയിക്കാം. കുംഭമാസത്തിലെ തെക്കുപടിഞ്ഞാറൻ കാററിൻെറ സമയവും ആധിക്യവും നോക്കി പഴയ കൃഷിക്കാർ വർഷാരംഭവും പിന്നീടുണ്ടാകാവുന്ന മഴയുടെ പ്രകൃതിയും കണക്കാക്കാറുണ്ട്. ഈ കാററിൽ സമുദ്രത്തിനു മീതെ നിൽക്കുന്ന നീരാവി ഇളകി ചലനം തുടങ്ങിയാൽ ഇത്ര കാലത്തിനുള്ളിൽ പശ്ചിമതീരത്തെത്തുമെന്നായിരിക്കണം കണക്കിൻെറ അടിസ്ഥാനം. ശാസ്ത്രജ്ഞന്മാക്കു നീരാവിയുടെ ആധിക്യവും സ്ഥിതിയും എളുപ്പത്തിൽ അളക്കാൻ സാധിക്കുന്നതിനാൽ കാലവർഷം കുറെക്കൂടി കൃത്യമായും മുൻകൂട്ടിയും നിർണ്ണയിക്കാൻ കഴിയുമോ എന്ന് അവർ പരീക്ഷിക്കേണ്ടതാണ്.

കൃഷി എഞ്ചിനീയർമാർ ചില പുതിയ കലപ്പകൾ ഉണ്ടാക്കീട്ടുണ്ട്. അവ സാധാരണ പരക്കെ ഉപയോഗിക്കാവുന്നതോ എന്നു എനിയും സംശയമാണ്. നിലം ഉഴുന്നതു് കന്നുകാലികളുടെ സഹായംകൊണ്ടു വേണമെന്നു തീർച്ചയാണെങ്കിൽ കലപ്പകൾ ഇപ്പോളുള്ളവ മതിയാകുന്നതാണ്. അവ ഉണ്ടാക്കാനും നന്നാക്കാനും നാട്ടിൽത്തന്നെ സാധിക്കുമല്ലൊ. കന്നുകാലികൾ മലബാറിൽ വളരെ വലിപ്പമോ ബലമോ ഉള്ളവയല്ല. തെക്കോട്ടു പോകുന്തോറും

വലിപ്പം കുറഞ്ഞതാണു കാണുന്നതു്. ഇതിന്നു കാരണം കാലാവസ്ഥയായിരിക്കാം. ഉണങ്ങിയ ചോളകത്തണ്ട് പ്രധാനഭക്ഷണമാക്കി ജീവിക്കുന്ന പഞ്ചാബിലെ ഹിസ്സാർ കന്നുകാലികളും ഏഴേഴു മാസം ധാരാളം പച്ചപ്പുല്ല് തിന്നുന്ന തിരുവനന്തപുരത്തെ കാലികളും ഒരേ വർഗ്ഗത്തിൽപ്പെട്ടതോ എന്നു സംശയിക്കത്തക്ക വലിപ്പവ്യത്യാസമുള്ളവയാണ്. വിവിധോപയോഗത്തിനായി ഒരു തരം കലപ്പ കൃഷി ഡിപ്പാർട്ടുമെണ്ടിൽ നിന്നു കിട്ടാനുണ്ട്. അതിനും കൃഷിക്കാരുടെയിടയിൽ പ്രചാരം കിട്ടാൻ പ്രയാസമാണ്. കന്നുകാലികളുടെ വിലയും തീററച്ചെലവും നോക്കുമ്പോൾ വല്ല മോട്ടോർ കലപ്പയും ഉണ്ടെങ്കിൽ അതായിരിക്കും ലാഭമെന്നു തോന്നുന്നു.

വളത്തിൻെറ ഇനത്തിൽ ഒന്നുകൂടി പറയാം. മണ്ണിൽ ചേർക്കുന്ന വളത്തിന്നു പുറമെ സസ്യത്തിന്നു നേരിട്ടു കൊടുക്കാവുന്ന ഒരു വിധം വളമുണ്ട്. അതു സർ ജഗദീശ് ചന്ദ്രബോസിൻെറ വളമാണ്. മനുഷ്യൻെറ പെരുമാററത്തിനനുസരിച്ചു സസ്യങ്ങൾക്കു ഉത്സാഹമോ മൌഢ്യമൊ ഉണ്ടാകുമെന്നും പാട്ടുപാടി വളർത്തിപ്പോന്ന ഒരു ചെടി ക്ഷണത്തിൽ പുഷ്ടിക്കയും അധികം ഫലപുഷ്ടിയുള്ളതായി തീരുകയും ചെയ്യുമെന്നും ബോസ്സിന്നു് ബോദ്ധ്യമായിട്ടുണ്ട്. കൃഷിക്കാരൻ ദിവസത്തിലൊരിക്കലെങ്കിലും തൻെറ കൃഷിസ്ഥലങ്ങളിലെത്തണമെന്ന ലോകമൊട്ടുക്കുള്ള പഴമൊഴി മനുഷ്യസഞ്ചാരം സസ്യങ്ങൾക്കു ഗുണപ്രദമാണെന്നുള്ള തത്വം അടിസ്ഥാനമാക്കിയാണല്ലൊ. സസ്യങ്ങൾ ശബ്ദം കേൾക്കയും അതിൻെറ രസം ആസ്വദിക്കുകയും ചെയ്യുമെന്നു് ഇപ്പോൾ സർവ്വസമ്മതമായിട്ടുണ്ട്.

റഷ്യയിൽ ഈയിടെ ഈ വഴിക്കു ചില ഗവേഷണങ്ങൾ നടത്തിയതിനെപ്പററി കടലാസ്സിൽ വായിക്കയുണ്ടായി. നിസ്വനശബ്ദവീചികൾ (Silent Sound Waves) ഏല്പിച്ച സസ്യബീജങ്ങൾ

കൃഷിചെയ്താൽ ക്ഷണത്തിൽ വളരുമെന്നും ഉരുളക്കിഴങ്ങ്, പയറുവർഗ്ഗങ്ങൾ, ഇവയുടെ വിളവ് അമ്പതു ശതമാനം വർദ്ധിച്ചു കണ്ടുവെന്നുമാണ് വായിച്ചതു്. ബീജങ്ങൾ പോലും ശബ്ദം ആസ്വദിക്കയും ഉത്സാഹികളാകയും ചെയ്യുമ്പോൾ വളൎന്നവരുന്ന ചെടികൾ ഇതിലധികം ആകൎഷിക്കപ്പെടുമെന്നു കരുതാവുന്നതാണ്. നമ്മുടെ ഗവേഷണം ഈ വഴിക്കും തിരിഞ്ഞാൽ ഗണ്യമായ ഫലമുണ്ടാവാൻ വഴിയുണ്ട്. ഒരുപക്ഷെ ആയിരം ടൻ സൾഫേററിന് പകരം ഒരു ഗ്രാമോഫോൺ മതിയായേക്കാം.

കൃഷിക്കാൎക്ക ഗവമ്മേണ്ട് ചെയ്യാൻ വിചാരിക്കുന്ന നന്മകൾ കൃഷിക്കാരറിയണം. അവരുടെ നന്മക്കാണെങ്കിലും ഏതൊരു പദ്ധതിയും നടപ്പിൽ വരുത്താൻ അവരെ പ്രേരിപ്പിക്കണം. വെള്ളം കിട്ടാവുന്ന ദിക്കിൽ അതു കയററാൻ എഞ്ചിൻ വേണമെങ്കിൽ ആ വിവരം വിള ഉണങ്ങിപ്പോകുന്നതിനു മുമ്പ് അധികാരസ്ഥന്മാർ അറിയണം. കൃഷിവേലക്കാരുടെ കൂലിയും കൃഷിയിലെ ആദായവും കാണിക്കുന്ന കണക്കുകൾ ഉണ്ടാക്കണം. വളം ശേഖരിക്കാനും വൃക്ഷങ്ങൾവെച്ചു പിടിപ്പിക്കാനും കൃഷിക്കാർ നിബ്ബന്ധിതരാകണം. ഇതൊന്നും ഒരു കേന്ദ്രത്തിലിരിക്കുന്ന ഗവമ്മേണ്ട് ചെയ്യേണ്ടതോ ചെയ്യാൻ സാധിക്കുന്നതോ അല്ല. അതിന്നു പററിയവർ ഗ്രാമത്തിൽ തന്നെ ഉണ്ടാവണം. ഇവരായിരിക്കണം ഗ്രാമത്തിൽ ഗവമ്മേണ്ടിന്റെ ഏജൻറുമാർ. ഇവരായിരിക്കണം ഗ്രാമോദ്ധാരണപദ്ധതിയിൽ പ്രധാന പ്രവൎത്തിക്കാർ. എന്നാൽ "പടിഞ്ഞാറൻ രംഗം ശാന്ത"മാവും.

# ഓടാതെന്തുചെയ്യും?

(ഈ. എം. കോവൂർ)

ചില ദിവസങ്ങളിൽ കഷ്ടകാലം താനെ വന്നങ്ങുകൂടിക്കൊള്ളുകയാണ്.

ഉണൎന്നു കിഴക്കോട്ടു നോക്കിയപ്പോൾ നല്ല സൂൎയ്യപ്രകാശം. അകലത്തായി നിൽക്കുന്ന മുളക്കൂട്ടം കാമുകനെകണ്ട കാമുകിയുടെ ഹൃദയംപോലെ രാവിലത്തെ ഇളംകാററിൽ ത്രസിക്കയാണ്. അസ്സലൊരു കാപ്പികുടിയുംകൂടെ കഴിഞ്ഞപ്പോൾ ലോകത്തിൽ യാതൊരു കുഴപ്പവും പ്രശ്നങ്ങളുമില്ല; സകലതും എൻെറ ഉള്ളുപോലെ സമാധാനനിർഭരം എന്നെല്ലാം എനിക്കു തോന്നി.

ഉത്സാഹം അതിൻെറ മൂൎദ്ധന്യത്തിലായപ്പോൾ ഒരു വടിയുമെടുത്തു് എൻെറ സ്നേഹിതൻ കോമുണ്ണിനായരേയും കുടുംബത്തെയും ഒന്നു സന്ദർശിക്കാമെന്നു വെച്ച് ഞാനിറങ്ങി. വഴിക്കിരുവശങ്ങളിലും നിന്നിരുന്ന മരച്ചില്ലകളും ലതകളും എന്നെ നോക്കി പുഞ്ചിരിച്ചു തലയാട്ടുന്നെന്നു തോന്നി.

കോമുണ്ണിനായർ നല്ല ഒരു പണക്കാരനാണ്—അടുത്ത കാലത്തു്, റേഷ്യനും കൂട്ടവും എല്ലാം ഉണ്ടായതിൽ പിന്നെ, പണക്കാരനായ ഒരാൾ. കണ്ടാൽ ഒരാട്ടിൻകുട്ടിയെപ്പോലെ പ്രശാന്തനാണ്. താനധികം സംസാരിക്കാറില്ല; എന്നാൽ തൻെറ ഭാൎയ്യയും കുഞ്ഞുങ്ങളും—

ഞാൻ കടന്നു ചെല്ലുമ്പോൾ മുമ്പുറത്തു് പോർട്ടിക്കോയിൽ ഒരു യൂ. എൻ. ഒ. സമ്മേളനം നടക്കയാണ്. കോമുണ്ണിനായർ, ഭാൎയ്യ, മൂന്നു പുത്രന്മാർ, രണ്ടു പുത്രികൾ, ഭാൎയ്യയുടെ ഒരു സഹോദരൻ, പിന്നെ വേറെ രണ്ടുനാലാൾക്കാർ. വെറുതെ വെടിപറഞ്ഞു സുഖി

ക്കാൻ ചെന്ന എന്നെ അവിടെ തുറിച്ചു നോക്കിയതു് ബഹുവാശി യിൽ നടത്തപ്പെട്ടിരുന്ന ഒരു വാദപ്രതിവാദമായിരുന്നു.

കോമുണ്ണിനായൎക്കു് ഇപ്പോൾതന്നെ രണ്ടു കാറുണ്ടു്. വേറെ ഒന്നുകൂടെ എടുക്കുവാനുള്ള ആലോചനയാണവിടെയെന്നെനിക്കാദ്യം തോന്നി. പക്ഷെ പിന്നീടു മനസ്സിലായി മക്കളും അച്ഛനമ്മമാരുംകൂടെ ചേൎന്നാൽ ആ വീട്ടിൽ ഒരേ ഒരു സംഭാഷണവിഷയമേയുള്ളു എന്നു്—കാർ.

ഞാനാണെങ്കിൽ ട്രാൻസ്പോർട്ടു് ബസ്സിൽ ഏററവും പുറകിലത്തെ ഒരു സീററു കിട്ടിയാൽ കൂടെ അതൊരു മഹാനുഗ്രഹമായി കരുതുന്ന ഒരു വ്യക്തിയാണു്. സ്വന്തമായിട്ടൊരു കാർ—അതെപ്പററി ചിന്തിക്കുവാൻ കൂടെ എന്റെ ഞരമ്പുകൾക്കു ബലമില്ല.

ഞാൻ കയറിച്ചെന്നിരുന്നുകഴിഞ്ഞയുടനെ ബാലൻ—കോമുണ്ണിനായരുടെ രണ്ടാമത്തെ പുത്രൻ—ഒരു ചോദ്യം എന്റെ നേൎക്കു വലിച്ചെറിഞ്ഞു.

"ചേട്ടാ, ചേട്ടന്റെ അഭിപ്രായമെന്താണു്, ബ്യൂക്ക് ഫോർട്ടിഎയിട്ടാണോ, ലിങ്കൻഫോർട്ടി സെവനാണോ കൂടുതൽ നന്നു് ?"

അജ്ഞത വെളിവാക്കാതെ കഴിക്കണമെന്നു ആഗ്രഹിക്കുന്ന വേളകളിലെല്ലാം ഞാൻ പ്രയോഗിക്കാറുള്ള ആ ഒരൊററ മൂലി—ഒരു വെളുക്കച്ചിരി—ഞാൻ ചുമ്മായങ്ങു പ്രയോഗിച്ചു വെറുതെയിരുന്നു. ഉടനെ ഗോപിയായി:—

"ചേട്ടാ അതല്ല ഇവിടെ അറിയേണ്ടതു്. മൈലേജുവെച്ചു നോക്കിയാൽ ആസ്റ്റിൻ പതിനാറാണോ, സിഡ്ബൺ പതിനേഴാണോ കൂടുതൽ മെച്ചം ?"

അതിനും ഒരു വെളുക്കച്ചിരി. ഉടനെ ശാരദയുടെ—കോളേജിൽ പോകുന്ന ആ പെൺകുട്ടിയുടെ—വട്ടമായി.

"പതിനാറോ പതിനേഴോയെന്നല്ല കാര്യം' നല്ല അപ്പിയറൻസ് ഉണ്ടോയെന്നുള്ളതാണ്. നാലുപേരുടെയിടയിൽ ചെന്നാൽ എല്ലാരും ഒന്നു നോക്കുമോയെന്നുള്ളതാണ് നോക്കേണ്ട സംഗതി. അതിന്നു പോണ്ടിയാക്കുതന്നെ വേണം. ബ്ളൂ പോണ്ടിയാക്ക്."

"പോണ്ടിയാക്കിന്ന് പുള്ളില്ല," എന്നായി ബാലൻ.

"പോണ്ടിയാക്കിനല്ല പുള്ളില്ലാത്തത്. സ്റ്റാൻഡാർഡിനാണ്. സ്റ്റാൻഡാർഡ് ടെൻ."

"സ്മൂത്ത്റൺ വേണമെങ്കിൽ ക്രൈസ്ലർ—ക്രൈസർതന്നെ വേണം. പക്ഷെ ബോണററു മാത്രം അല്പം മോശം."

"ഫിയററിൻെറയാണ് ബോഡി നല്ലത്."

"പക്ഷെ ആസ്റ്റിൻ മോശം."

"എന്നാലെന്ത്? ക്ലീയറൻസ് അസ്സലായിട്ടുണ്ട്."

"കാർബ്ബറേററർ ട്രബിൾ—"

"ബാററിക്കുഴപ്പം—"

"ഗീയർ—

"ബ്രേക്ക്—"

"ആക്സി—"

ഞാനിറങ്ങിയോടി. ഒരു ഭ്രാന്തനെപ്പോലെയിറങ്ങിയോടി. ഫിയററും, വ്യൂംസിയും, ഷെവർലെയും, ഫോർഡുമെല്ലാംകൂടെ ഇരച്ചിരച്ച് എൻെറ പുറത്തു കയറാൻ മത്സരിച്ചു വരികയാണെന്നു തോന്നി. ഗേററുങ്കൽ എത്തിയപ്പോഴും ആ ഗൃഹത്തിൽ നിന്നും ക്ലച്ചെന്നും, വയറെന്നും, യൂണിവേഴ്സൽ ജൊയിൻെറന്നും മറ്റുമുള്ള ശബ്ദങ്ങൾ എന്നെ പിൻതുടരുന്നുണ്ടായിരുന്നു.

നടന്നു കുറെ കഴിഞ്ഞപ്പോഴും എന്റെ രാവിലത്തെ ഉത്സാഹം വീണ്ടും പ്രത്യക്ഷപ്പെട്ടു. ഈ കാറുകളെല്ലാം കൂടെ ഒരു ദിവസം ഒന്നിച്ചു നശിക്കണമെന്നാഗ്രഹിച്ചുകൊണ്ട് ഞാൻ മുമ്പോട്ടു നടന്നു.

അതാ ബ്രദർ രാമൻനായരുടെ വീട്. അവിടെ കയറി കുറെ നേരം സ്വസ്ഥമായൊന്നു സൊള്ളാമെന്നുവെച്ചു ഞാനവിടേക്കു കയറി.

പണ്ടില്ലാതെ രാമൻനായരും ഭാര്യയും കുഞ്ഞുങ്ങളുമെല്ലാം കൂടെ ഒന്നിച്ചിരിക്കുന്നു. എന്തൊരു ഗാർഹികസൌഭാഗ്യം! കുടുംബമുണ്ടെങ്കിൽ ഇങ്ങനെ വേണം. എന്തൊരു സംസ്കാരം!

ഞാനും ചിരിച്ചുകൊണ്ടതിന്റെ മദ്ധ്യത്തിൽ ചെന്നിരിപ്പായി.

മിസിസ് രാമൻനായർ എന്റെ നേർക്ക് തിളങ്ങുന്ന എന്തോ ഒന്നു നീട്ടി. ഞാനതു കയ്യിൽ വാങ്ങിച്ചു നോക്കി—ഒരു നെക്ക്‌ലേസ്സ്. കാര്യം മനസ്സിലാകാതെ ഞാനെല്ലാവരുടേയും മുഖത്തേക്കു നോട്ടമായി.

“പറയൂ, മിസ്റ്റർ മേനോൻ, ഈ നെക്ക്‌ലേസ്സിന്റെ പാറ്റേൺ നന്നായിട്ടുണ്ടോ എന്ന്?”

നെക്ക്‌ലേസ്സിനെക്കുറിച്ചു ഞാൻ അഭിപ്രായം പറയണമെന്ന്! സ്വന്തം ഭാര്യക്കു ഒരരപ്പവന്റെ ആഭരണംകൂടെ ഇന്നേവരെ ഉണ്ടാക്കിക്കൊടുത്തിട്ടില്ലാത്ത ഞാൻ അഭിപ്രായം പറയണമെന്ന്! ഈശ്വരാ, ഇതും ആയല്ലോ!

എന്റെ ആ വെള്ളക്കച്ചിരി ഞാൻ പിന്നെയും സ്വയംരക്ഷാർത്ഥം വലിച്ചു പുറത്തിട്ടു. രക്ഷയില്ല.

"ഈ നെക്‌ലേസ് കുറെ ഹെവിയായിത്തോന്നുന്നില്ലേ?" എന്നായി മിസിസ്സ് രാമൻ നായർ.

"ഇല്ലമ്മെ, അതിൻെറ പെൻഡൻറു കൊണ്ട് തോന്നിക്കുന്നതാണ്" എന്നായി മൂത്തമകൾ.

"ഇതിൻെറ നടുക്കത്തെ ആ വലിയ കല്ലാണ് ഇതിനാമോശത്തരം വരുത്തിയിരിക്കുന്നതു്," എന്നായി ഇളയമകൾ.

"നെക്ക്‌ലേസ് കിഷിൻചന്ദിൽ നിന്നു തന്നെ വാങ്ങണം".

"സുരാജ്മാളാണ് ഏറ്റവും നല്ലതു്."

"നിനക്കെന്തറിയാം? അവരൊക്കെ ഡയമണ്ടുകാരാണ്. തനി സ്വർണ്ണത്തിന്നു തൃശ്ശൂർകാരോളം പററില്ല."

"ഏ! തൃശ്ശൂർകാർ! ശുദ്ധ പഴഞ്ചന്മാർ. പഴയ ക്ലാവരും ഡയമണ്ടും, ഹാർട്ട്സും ഒക്കെ കൊണ്ടു കഴിയുന്ന കൂട്ടർ."

"നെക്ക്‌ലേസ്സാണെങ്കിൽ ലയിററായിരിക്കണം."

"കഴുത്തിൽ ഒട്ടിപ്പിടിച്ചു കിടക്കണം."

"ഈയർറിങ്ങിനോടു മാച്ചു ചെയ്യണം."

"സാരിയുടെ ബോർഡറുമായിട്ടാണ് മാച്ച് ചെയ്യേണ്ടതു്."

"നടുക്കു ഡയമണ്ടല്ല, എമറാൾഡാണ് വേണ്ടതു്."

"അല്ല സഫയർ."

"ബ്ലൂസ്റ്റോൺ."

"ടോർ—"

ഞാൻ വീണ്ടും ഇറങ്ങിയോടി.

ഭ്രാന്തു പിടിച്ച ഈ ലോകത്തിലുണ്ടോ സമാധാനമായി ഒരു ദിവസം കഴിക്കാൻ സാധിക്കുന്നു!

—x—

# പുസ്തകാഭിപ്രായം

## ആരുടെ വിജയം?

[ഗ്രന്ഥകർത്താ: നാഗവള്ളിൽ ആർ. എസ്സ്. കുറുപ്പ്. പ്രകാശകൻ: തോമസ് പാപ്പി വേലങ്കുളം. ആലപ്പുഴ. വില 8 ണ. പേജ് 35]

സ്വേച്ഛാധിപത്യത്തോട് ധീരധീരം പൊരുതി വഞ്ചിനാട്ടു വിജയം നേടി; ആ വിജയത്തിന്റെ അവകാശം നടിച്ചു അധികാരത്തോടുകൂടി സ്റ്റേററ് കോൺഗ്രസ്സ് പതാക നാട്ടാൻ ശ്രമിക്കുന്നു. അപ്പോഴേക്കതാ തൊഴിലാളി സംഘടനയും വിദ്യാർത്ഥി കോൺഗ്രസ്സും അധഃകൃതസംഘടനയും മുസ്ലീം സംഘവും തമിഴരും കോൺഗ്രസ്സിന്റെ അധികാരത്തെ ചോദ്യം ചെയ്തു മുന്നോട്ടു വരുന്നു. കോൺഗ്രസ്സിന്റെ സമാധാനങ്ങൾ അവരെ സംതൃപ്തിപ്പെടുത്തുന്നില്ല. അതിനാൽ വികാരാധീനമായിത്തീൎന്ന കോൺഗ്രസ്സ് മൎദ്ദനത്തിന്നൊരുങ്ങുകയും അതു് ഒരു ബഹളത്തിൽ കലാശിക്കുകയും ചെയ്യുന്നു. പെട്ടെന്നു വഞ്ചിമാതാവ് അവിടെ പ്രത്യക്ഷപ്പെട്ടു. എല്ലാ കക്ഷികളും മാതാവിനെ ഭക്തിപൂർവ്വം വണങ്ങി; മാതാവിന്റെ തീരുമാനമനുസരിപ്പാൻ സന്നദ്ധമായി. മാതാവാകട്ടെ, കൊടിനാട്ടാനുള്ള അധികാരം ത്യാഗത്തെയും സേവനത്തെയും ജീവിതാദർശമായി സ്വീകരിച്ചു പോരുന്ന കർഷകനു നൽകുന്നു. ജനകീയസാഹിത്യകാരന്നടക്കം എല്ലാ കക്ഷിക്കാരും ആ വിധിയെ സഹർഷം സ്വീകരിച്ചു. ഇതാണ് ഈ ഏകാങ്കനാടകത്തിലെ ഇതിവൃത്തം. ഇതിൽ ഒരേ ഒരു രംഗമേയുള്ളു. കലാപരമായി നോക്കുമ്പോൾ ഈ നാടകത്തിന്നു പല മെച്ചങ്ങളുമുണ്ടു്. ഒന്നാമതു് സമഗ്രമായ സ്ഥലകാലൈക്യം സിദ്ധിച്ചിരിക്കുന്നു. മൎമ്മത്തിന്നു വേണ്ടിടത്തോളം ഏകാഗ്രത കിട്ടുന്നുണ്ടു്. പാത്രങ്ങളുടെ വൈവിധ്യവും വ്യക്തിത്വവും പ്രേക്ഷകരെ തികച്ചും തൃപ്തിപ്പെടുത്തും. ജനകീയനാടകങ്ങളുടെ

ജീവനായ വികാരതീവ്രതകഒ യോജിച്ചതാണ് കഥാവിധാനം. പുരോഗമനവാദികഠം ആവശ്യപ്പെട്ടന്നേടത്തോളം പുരോഗമനാത്മകമായ ചിന്താഗതിയും ഉഠംക്കൊള്ളിച്ചിരിക്കുന്നു.

എങ്കിലും രാഷ്ട്രീയപശ്ചാത്തലമുള്ള ഇതിലെ സംഭവഗതി ചോദ്യം ചെയ്യപ്പെടത്തക്കതാണ്. രാഷ്ട്രീയ കക്ഷികളുടെ പ്രചാരണപരിപാടിയിലെന്ന വിധം, ജനസമ്മതി നേടിക്കഴിഞ്ഞ ഒരു പ്രബലകക്ഷി—കോൺഗ്രസ്സ്—തുലോം കറുപ്പിച്ചു കാണിക്കപ്പെട്ടിരിക്കുന്നു; അഹിംസയേയും അക്രമരാഹിത്യത്തേയും ആദർശത്വേന സ്വീകരിച്ച് സഹനസമരംകൊണ്ടു കാര്യം നേടിയ കോൺഗ്രസ്സിനെ ഭ്രാന്തനും മർദ്ദകനും കോപിഷ്ടനുമായി (ഭാ. 19) ചിത്രണം ചെയ്തിരിക്കുന്നു. നാടകം മുഴുക്കെ വായിച്ചു കഴിയുമ്പോഠം, ഉന്നതാദർശങ്ങളുഠംക്കൊള്ളുന്ന—കൃഷിക്കാരനും തൊഴിലാളിയുമടക്കമുള്ള എല്ലാ ജനവിഭാഗത്തിൻ്റെയും നന്മയെ ലാക്കാക്കി പ്രവർത്തിപ്പാൻ പ്രതിജ്ഞാബദ്ധമായ—കോൺഗ്രസ്സ്, ഒരു കൊള്ളരുതാത്ത രാഷ്ട്രീയ കക്ഷിയാണെന്നേ വായനക്കാൎക്കു തോന്നൂ. ഇതു് വഞ്ചിരാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങഠം ഇന്നു സ്റ്റേററ് കോൺഗ്രസ്സിൽ അർപ്പിച്ചിട്ടുള്ള വിശ്വാസത്തിന്നു വിരുദ്ധമാണ്. ഈ നിലയിൽ നോക്കുമ്പോഠം നാടകം കോൺഗ്രസ്സിന്നെതിരായ ഒരു രാഷ്ട്രീയകക്ഷിയുടെ പ്രചാരണോപകരണം കൂടിയാണെന്നു സമ്മതിക്കേണ്ടിവരും.

ഇതിന്നു രംഗപ്രയോഗാർഹതയുണ്ടു്. ചിലേടത്തു ഒരു പേജോളം വരുന്ന ദീർഘ സംഭാഷണം കാണാം. അഭിനയിപ്പാനുള്ള നാടകങ്ങളിൽ സംഭാഷണങ്ങഠം കഴിയുന്നതും ഹ്രസ്വമാകുന്നതാണ് ഭംഗി. 'മുതലാളിത്വ'വും 'എതുപ്പു'മൊക്കെ പരിത്യജിക്കപ്പെടേണ്ടകാലം വൈകിയിരിക്കുന്നു.

ജി. കെ. എൻ.

# നവകാന്തി

[ഗ്രന്ഥകർത്താ : എൻ. ആർ. നായർ. വിതരണക്കാർ: പി. കെ. ബ്രദേഴ്സ്, കോഴിക്കോട്. വില 1 ക. 4 ണ. പേജ് 77+3]

'നവകാന്തി' തുടങ്ങിയ മുപ്പത്തേഴ ലഘുകവിതകളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. ജീവിതാവശ്യങ്ങൾക്ക വേണ്ടിയല്ല, ജീവിതമൂല്യങ്ങൾക്ക വേണ്ടിയാണ് മി. നായർ ഈ കവിതകളിലൂടെ വാദിക്കുന്നതു്. അദ്ദേഹത്തിൻെറ കലയിൽ സൌന്ദര്യബോധമെന്നപോലെ ധർമ്മബോധവും സുവ്യക്തം പ്രതിബിംബിക്കുന്നുണ്ട്. അന്ത്യോപഹാരം, അപേക്ഷ, കൃതാർത്ഥത, ജന്മസാഫല്യം എന്നീ കവിതകളിൽ സ്ത്രീത്വത്തെ അതർഹിക്കുന്നേടത്തോളം പരിശുദ്ധിയോടുകൂടി ചിത്രണം ചെയ്തിരിക്കുന്നു.

ഉലകിലജ്ഞാതമാമൊരു മൂലയിൽ-
പുലരിയെത്താത്ത ചെററക്കുടിൽക്കകം
പെരിയദാരിദ്ര്യരോഗതാപാദിയാൽ
നരകജീവിതം പേറുന്ന'

(കൃതാർത്ഥത)

അവസരത്തിലും പ്രേമവഞ്ചിതയായ നായിക, അനുകമ്പ ആശിസ്സു നേരുന്നു. പ്രേമനൈരാശ്യം പൂണ്ട വധു കമിതാവോട് പറയുകയാണ്:

സ്നേഹിപ്പതാണെൻെറ കുററമെന്നാകില-
സ്സാഹസമങ്ങു പൊറുത്തുമാപ്പേകണേ !

*　　　*　　　*

തന്നിടാമീശൻ പിറവിയെന്നാകിലീ-
മന്നിൽ പിറക്കാവു മൺതരിയായി ഞാൻ
തൽപദസമ്പക്കമൊന്നുകൊണ്ടെങ്കില-
മപ്പൊഴെൻ ജന്മം സഫലമായെങ്കിലോ.

(അന്ത്യോപഹാരം)

പ്രേമത്തിൻെറ ഭോഗമാധുര്യത്തോടൊപ്പം ത്യാഗസൌന്ദര്യവും അഭിലഷണീയമാണെന്നു ഈ വരികഠം വിളിച്ചു പറയുന്നു.

ജീവിതത്തെ സംബന്ധിച്ച് കവിക്കുള്ള അഭിപ്രായം,

അന്യൻെറ ഹൃദ്രക്തമയ്യോ കുടിക്കുവാ
നെന്നുമേ നീട്ടില്ല നാവു ഞാൻ തൃഷ്ണയാൽ
സ്വാത്മലാഭത്തിനായ് ഹന്ത! മൃഗീയമാം
സാഹസം കാട്ടില്ല ഞാനൊരു നാളിലും.

(പ്രതിജ്ഞ)

തുടങ്ങിയ ഈരടികളിൽ കൂടി മനസ്സിലാക്കാം. ദേശാഭിമാനോത്തേജകങ്ങളും പ്രകൃതിവർണ്ണനാപരങ്ങളുമായ പല നല്ല കവിതകളും ഈ സമാഹാരത്തിലുണ്ട്.

ഹിംസയാലിന്നു മഹിംസയാം ദേവിയെ
ധ്വംസനം ചെയ്യുന്ന നിന്ദ്യമാം ലോകമെ,
നന്മയെ മാത്രം വളൎത്തുവാൻ ശീലിച്ചൊ
രെൻമാതൃഭൂവിൻ മഹനീയവൈഭവം.
എന്തറിയുന്നു നീ?

(എൻെറ നാട്)

എന്ന ചോദ്യവും കവിയുടെ ദേശാഭിമാനത്തെ സ്ഫടികസ്ഫുടം പ്രകാശിപ്പിക്കുന്നു.

മൃദുലഭാവങ്ങളെ ആവിഷ്കരിപ്പാനാണ് മി. നായൎക്കു കൂടുതൽ പാടവം കാണുന്നതു്. പ്രസന്നവും സരളവുമായ ഒരു പ്രതിപാദനരീതി അദ്ദേഹത്തിൻെറ ആശയഗതിക്കു സവിശേഷം യോജിച്ചതത്രെ. ഭാഷാകവിതയുടെ ഇന്നത്തെ നിലവാരമനുസരിച്ചു നോക്കുമ്പോഠം ചില കവിതകഠംക്കു ബന്ധദാർഢ്യം മതിയായില്ലെന്നു പറയേണ്ടിവരും.

മാലേയാനിലൻ മന്ദചേഷ്ടനായ്
ലോലനായ് വിലസിടുമ്പോഠം

(സാന്ത്വനം

മുതലായവരികൾ കുറെ അധികം ഇഴഞ്ഞമട്ടിലായിട്ടുണ്ടു. ഭിന്നകാലങ്ങളിലെഴുതപ്പെട്ടതുകൊണ്ടാവാം ഈ വ്യത്യസ്തത. ഏതായാലും കലയ്ക്കു സംസ്കാരത്തോടുള്ള ബന്ധം അനുദിനം അയഞ്ഞുവരുന്ന ഈ കാലത്തു സംസ്കാരോത്തേജകങ്ങളായ ഏതാദൃശകൃതികളുടെ ആവിർഭാവം സർവ്വഥാ ആശ്വാസകരമത്രെ.

ജീ. കെ. എൻ.

---

# വീരാഹ്വാനം

[ഗ്രന്ഥകർത്താ: പി. എൻ. മുരളി, സാഹിത്യവിശാരദ്, കായംകുളം. എസ്. ആർ. പി. പ്രസ്സിൽ അച്ചടിച്ചതു്. വില 8 ണ. പേജ് 36+9]

ഇതിൽ വിവിധ വൃത്തങ്ങളിലെഴുതപ്പെട്ട പതിനഞ്ചു ലഘുകവിതകളടങ്ങിയിരിക്കുന്നു. കലയെസ്സംബന്ധിച്ചേടത്തോളം ഈ കവിതാസമാഹാരത്തിന്റെ കർത്താവ് ഒരു പ്രയോജനവാദിയാണ്. അനീതിയോടും അക്രമത്തോടും അടരാടുവാൻ അദ്ദേഹം തൂലികയ്ക്കു ആജ്ഞ നൽകുന്നു. അദ്ദേഹം നോക്കുന്നിടത്തെല്ലാം ഉച്ചനീചത്വങ്ങൾ മാത്രമേ കാണുന്നുള്ളൂ. ഈ കാഴ്ച അദ്ദേഹത്തെ അരിശം കൊള്ളിക്കുന്നു. നിലവിലുള്ള നീതി, സാമൂഹ്യവ്യവസ്ഥ, വിശ്വാസങ്ങൾ മുതലായവയെയെല്ലാം അടിച്ചുടച്ചാലേ മനുഷ്യത്വത്തിന്നു ശരിയായി വളരാനും വികസിപ്പാനും കഴിയൂ എന്നാണ് കവിയുടെ അഭിപ്രായം. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളിൽ ചിലതുനോക്കുക:

മൂകലക്ഷങ്ങൾ കൊണ്ടു ഭാരതം മുഴപ്പിച്ച
മാമൂലിന്നറിവുകളൊക്കയും നശിക്കട്ടെ!

(ഇന്ത്യയിലെ മൂകലക്ഷങ്ങൾ)

വിത്തകോശങ്ങൾകാക്കം മർത്ത്യഭൃത്തത്താന്മാർതൻ
മസ്തകം തലോടുന്ന നീതിദണ്ഡങ്ങളും കൈകൾ

(ഇന്നത്തെ നീതി)

പുരോഹിതന്മാരേ, ജനനേതാക്കളേ,
മതങ്ങളെപ്പോററാൻ പണിപ്പെട്ടുന്നോരേ,
കളക നിങ്ങടെ വിചിത്രവേഷങ്ങൾ
കളക നിങ്ങടെ മതപ്രബന്ധങ്ങൾ.

(ഐക്യഗീതം)

ചാട്ടയും വീശിക്കൊണ്ടു പല്ലിറുമ്മേണ്ടാപ്രഭു
ക്രൂട്ടരേ, മന്ദി മതി നിങ്ങൾതൻ ദുർമ്മോഹങ്ങൾ
എൻ സഹോദരങ്ങളെ യായിരക്കണക്കിനൊ
രംഗുലീചലനത്താൽ പാട്ടിലാക്കിയോർനിങ്ങൾ !

(എന്തിനുപിറന്നുഞാൻ ?)

ഉദ്ധൃതഭാഗങ്ങളിൽ നിന്നു തന്നെ കവിയുടെ ആശയഗതി എങ്ങിനെയിരിക്കുന്നുവെന്ന് വായനക്കാർക്ക് ഊഹിപ്പാൻ കഴിയും. വെറും വികാരത്തള്ളിച്ച കൊണ്ടുമാത്രം സമതാസുന്ദരവും സർവ്വതന്ത്രസ്വാതന്ത്ര്യവുമായ ഒരു നവലോകം നിർമ്മിച്ചുകളയാമെന്ന വ്യാമോഹത്തോടു വിവേകികൾ വിയോജിക്കുകയേയുള്ളൂ. അനുവാചകന്മാരിലുള്ള ആസുര ശക്തിയെ ഉത്തേജിപ്പിച്ച് അവരുടെ കഴിവുകളെ നശീകരണാത്മകമായ പരിപാടികളിലേക്കു തിരിച്ചുവിടുകയല്ല, നേരെമറിച്ച് വിവേകിതയെ വികസിപ്പിച്ച് നിർമ്മാണാത്മകമായ പ്രസ്ഥാനങ്ങളിലേയ്ക്കു അവരെ ആകർഷിക്കുകയാണ് ഉത്തമമായ കലചെയ്യുന്നതും ചെയ്യേണ്ടതും. അരാജകമായ ചിന്തയുടേയും മാനസികമായ അച്ചടക്കമില്ലായ്മയുടെയും അനാശാസ്യ ഫലങ്ങളിൽ നിരപരാധികളായ എത്രയോ മനുഷ്യാത്മാക്കൾ നിർദ്ദയം ആഹുതി ചെയ്യപ്പെട്ടതു നാം നമ്മുടെ അയൽപക്കങ്ങളിൽ ധാരാളം കാണുകയുണ്ടായി. മനുഷ്യത്വത്തെ മയപ്പെടുത്താൻ കഴിയുന്ന കലാകാരൻ, എന്തിന്ന് അ

തിനെ കൂടുതൽ രൂക്ഷരൂക്ഷമാക്കണം? വർഗ്ഗമത്സരത്തിന്നല്ല, വർഗ്ഗൈക്യത്തിന്നാണ് നവലോക നിർമ്മാണത്തിൽ അധികം സാഹായ്യം ചെയ്യാൻ സാധിക്കുക.

മി. മുരളിയുടെ ഗാനങ്ങൾ വികാരോഷ്മളങ്ങളാണ്, എന്നാൽ അത്രയ്ക്കു അവ ഭാവനാവിരളങ്ങളുമാണ്. ഭാവനയുടെ വൈരളൃം മിക്കകവിതകളിലും പ്രചാരണോദ്ദേശ്യത്തെ പൊക്കിക്കാണിക്കുന്നു. കലാപരമായി നോക്കുമ്പോൾ ഇതു എടുത്തുപറയത്തക്ക ഒരു ന്യൂനതതന്നെയാണ്.

ജി. കെ. എൻ.

## ഗാഥാഞ്ജലി

[ഗ്രന്ഥകർത്താ: ഡാക്ടർ പി. ജി. പിള്ള, തിരുവനന്തപുരം.
വില ഒരു രൂപാ എട്ടണ.]

വിശ്വമഹാകവി ടാഗ്ഗൂറിന്റെ ഗീതാഞ്ജലിക്കു മലയാളത്തിൽ രണ്ടു ഗദ്യ പരിഭാഷകളേ ഇതുവരെ ഉണ്ടായിട്ടുള്ളൂ എന്നു തോന്നുന്നു. പ്രകൃതകൃതി ഏകദേശമായൊരു പദ്യപരിഭാഷയാണ്. ഗീതാഞ്ജലി ഗീതങ്ങളാണെങ്കിലും പദ്യത്തിൽ പരാവർത്തനം ചെയ്യാൻ വളരെ ബുദ്ധിമുട്ടാണെന്നാണ് എനിക്കു തോന്നുന്നതു്. ഇനി ബുദ്ധിമുട്ടില്ലെന്നുവന്നാലും ഗദ്യ വിവർത്തനമാണ് ഭേദം. ഗീതാഞ്ജലിയെന്നല്ല, നമ്മുടെ ഭാരതീയ കവികൾ ഇംഗ്ലീഷിലെഴുതുന്ന കവിതകളെല്ലാം ഗദ്യത്തിൽ തന്നെ തർജ്ജിമചെയ്യണമെന്ന പക്ഷക്കാരനാണ് ഞാൻ. കാരണം, അവർതന്നെ വൃത്തനിബന്ധനത്തിൽ വലിയ പ്രാപ്തന്മാരൊന്നുമല്ലെന്നുള്ളതുതന്നെ. ഈ പുസ്തകം എന്റെ വിശ്വാസത്തിന് ഉപോദ്ബലകമായിതീർന്നിട്ടുമുണ്ട്. ഗീതാഞ്ജലിയിലെ പദ്യങ്ങൾ മുമ്പിൽ വച്ചുകൊണ്ടു ഈ തർജ്ജിമ പരിശോധിച്ചാൽ നമുക്ക് വിപ്രതിപത്തി തോന്നുന്ന ഭാഗങ്ങൾ അന

വധി ഇതിൽ കാണാം. അല്ല, കുറച്ചു കവിത വായിച്ചു രസിക്കുക മാത്രമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ഇതു വായിച്ച് ധാരാളമായി രസിക്കാം. അത്ഥമില്ലാത്ത പീറക്കവിതകൾ കണ്ടുകണ്ടു മടുത്തിരിക്കുന്ന ഒരു കാലഘട്ടത്തിൽ മഹാകവി ടാഗ്ഗറിന്റെ രത്നഗർഭയായ കാവ്യത്തിന്റെ ഏകദേശമായൊരു പരാവത്തനം പോലും ആനന്ദപ്രദമായി വരാനേ വഴിയുള്ളു. "പാറായിക്ക് പത്തുതേങ്ങ പോയാലെന്തെന്ന്" ചോദിച്ചമാതിരി ടാഗ്ഗറിന്റെ ഒരു കവിതയിലെ ഏതാനും ആശയങ്ങൾ ചോർന്നു പോയാൽ തന്നെയും അതു ഒരു വലിയ ചോദ്യമായി ആരും അറിയുകയില്ല.

പക്ഷെ ടാഗ്ഗറിന്റെ ഗീതാഞ്ജലിയുടെ തർജ്ജിമയാണിതെന്നു പറഞ്ഞുകഴിയുമ്പോൾ താരതമ്യം ചെയ്യാതെ വല്ലതും പ്രസ്താവിക്കാൻ ഒരു നിരൂപകനുപാടുണ്ടോ ? എങ്കിൽ ആ കൃതിയെപ്പററി പറയാനുള്ളതു് ഇതാണ്. ഇദ്ദേഹം ഗീതാഞ്ജലി എന്ന ആ രത്നാകരത്തിൽ ഒന്നുമുങ്ങി ഒററവാരലിൽ കിട്ടിയതെല്ലാം കൊണ്ടിങ്ങുപോന്നു. അതു നമ്മുടെ മുമ്പിൽ നിരത്തിവെച്ചിരിക്കുന്നു. നല്ല വണ്ണക്കടലാസിൽ പൊതിഞ്ഞു് ഭംഗിയായിത്തന്നെ നിരത്തിവെച്ചിരിക്കുന്നു.

മൂലഗ്രന്ഥത്തിലെ പദ്യങ്ങളുടെ ക്രമനമ്പർ തെററാതെ അടുക്കുന്നതിൽ വലിയ അത്ഥമുണ്ടെന്നു് അദ്ദേഹത്തിനു തോന്നിയിട്ടില്ല; വാസ്തവത്തിൽ വലിയ അത്ഥമില്ലതാനും. ടാഗ്ഗർ തന്നെ ബംഗാളി ഗീതാഞ്ജലിയിലെ ക്രമത്തിലല്ലല്ലോ ഇംഗ്ലിഷുഗീതാഞ്ജലിയിൽ പദ്യങ്ങൾ ചേത്തിട്ടുള്ളതു്. അപ്പോൾ മറെറാരു മാററിമറിക്കൽ അപരാധമല്ല. എന്നു മാത്രമല്ല, ചില ചില്ലറ പരിഷ്കാരങ്ങൾ വരുത്താൻ ഇതുമൂലം സാധിക്കുകയും ചെയ്യും. ഗാഥാഞ്ജലിയുടെ കത്താവു് "The song that I came to sing remains unsung to this day" എന്ന 13-ാം ഗീതമാണ് ഒന്നാമതായി ചേത്തിരിക്കുന്നതു. അതിലൊരൌചിത്യമുണ്ടെന്നു പറയാം. "പാടാൻ വന്നപാട്ട് ഞാൻ ഇതുവരെ പാടിയില്ല" എന്നിങ്ങനെ ജഗദീശ്വരന്റെ മുമ്പിൽ തന്റെ എളി

മയെ സമ്മതിച്ചുകൊണ്ടു സ്ഖലദ്വാക്യയായി അച്ഛനനടത്തുന്ന ഒരു ഉപാസകയുടെ വാക്യങ്ങളാണിതെല്ലാം എന്നു വരുന്നതിൽ ഒരരസ്യമുണ്ട്.

ഇക്കണക്കിൽ 13 കഴിഞ്ഞു 35; 35നുശേഷം മൂന്ന് ഇങ്ങനെ പോകുന്നു ഗാഥാഞ്ജലിയിലെ പദ്യങ്ങളുടെ അടുക്കു. ഈ കുഴച്ചുമറിക്കലിൽ എല്ലാം അത്ഥമുണ്ടെന്നു ഞാൻ സൂചിപ്പിക്കുന്നതായി ഇതുകൊണ്ടു വിചാരിക്കരുത്. സോദ്ദേശവും നിരുദ്ദേശവും ആയ കുഴച്ചുമറിക്കൽ ഉണ്ടെന്നു ധരിച്ചാൽ മതി.

നമുക്കു ഈ ഗീതങ്ങൾ ഒന്നു പരിശോധിക്കാം. മുൻപുപറഞ്ഞതുപോലെ, സംസ്കൃത വൃത്തങ്ങളും ദ്രാവിഡവൃത്തങ്ങളും ഭംഗിയായി കൈകാര്യം ചെയ്യാൻ കഴിവുള്ള ഒരു തൂലികയാണ് ഇതെഴുതിയിരിക്കുന്നതെന്നു സ്പഷ്ടം. ശ്ലോകങ്ങൾ വായിക്കുമ്പോൾ രണ്ടുമൂന്നു ഗീതങ്ങളിലെ സംസ്കൃതവൃത്തം ഉപയോഗിച്ചുള്ളല്ലോ എന്ന് എനിക്കു കുണ്ഠിതമാണ് തോന്നിയത്. നോക്കുക :

സൂഖമില്ല, സുഖാബ്ധിയെത്തുവാ-
നകമേ യില്ലൊരു വാഞ്ഛയൊന്നിനും
അഘമില്ലവിടശ്രുവാർത്തിടും
മുഖമില്ലൊന്നു മനന്തശാന്തിയിൽ

അഴിയുന്നുടൽ വിട്ടരൂപിയായ്
ക്കഴിയുന്നൊന്നുടെ ദേഹിയെബ്ഭവാൻ
അഴിയാതലയാഴി തന്നടി—
ക്കഴിയാ പ്പൂണ്ണതയിങ്കലാഴ്ത്തണേ!

എത്ര മധുരോദാരമായപ്രാത്ഥന. എങ്കിലും മൂലഗ്രന്ഥത്തിലെ വരികളോട് ഈ ആശയത്തിന് എത്രത്തോളം അടുപ്പമുണ്ടെന്ന് നോക്കേണ്ടേ? 87ാമത്തെപദ്യമാണ് മൂലം. "—no hope; no happiness, no vision of a face seen through tears" "കണ്ണീരിൽക്കൂടി

കാണുന്ന ഒരു മുഖമില്ലെന്നു" ള്ളതും അശ്രുവാത്തിട്ടും മുഖവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. പക്ഷേ ഒരു ശരിത്തർജ്ജിമയ്ക്കല്ല ഈ കവി പുറപ്പെട്ടിരിക്കുന്നതെന്ന് പലഭാഗങ്ങളും പറയുന്നു. ഗീതാഞ്ജലി ഒന്നാം പദ്യം തന്നെനോക്കുക (ഇതിൽ 33)

അത്ഥമില്ലാതെയനന്തമായെന്നെ നി
പൃത്ഥപിയിൽ തീക്കുന്നതാണ് നിൻകൌതുകം

ആ 'അത്ഥമില്ലാതെ' എന്ന പ്രയോഗത്തിന് വിശേഷിച്ചു പ്രസക്തിയില്ല എന്നല്ല അനന്തമായി സൃഷ്ടിച്ചത് വളരെഅത്ഥവത്താണ് താനും. അതിൻെറ അത്ഥം നമുക്കു മനസ്സിലാകുന്നില്ലെന്നേ ഉള്ളൂ. My little heart looses its limits in joy and gives birth to utterance ineffable " എന്ന ഭാഗത്തിന്

എന്നുള്ളമെപ്പോഴുമാനന്ദസിന്ധുവിൽ
പോന്നോടമേറിക്കളിച്ചുനിന്നീട്ടമേ
ആനന്ദഗാനങ്ങളുള്ളിൽ നിന്നുറിയാ-
വാനത്തിലെങ്ങുംപരക്കുമതുല്യമായ്

ഇവിടെ "ഹൃദയം സന്തോഷത്തിൻെറ തിരകളിൽ കരകവിയുന്നു" എന്നു പറയുന്നതായിരുന്നു ഭേദം. വീണ്ടും "പ്രകടനമല്ലാത്ത ശബ്ദങ്ങളുയരുന്നതിൻെറ" സ്ഥാനത്തു "ആനന്ദഗാനങ്ങൾ" മാത്രമേഉള്ളൂ. ഇത്തരം ഏകദേശ തർജിമകൾ വല്ല നോവലിൻെറയോ മററോ കാര്യത്തിൽ പിന്നെയും ക്ഷന്തവ്യമാണ്. പക്ഷേ ഒരോ പദത്തിലും അത്ഥംവീപ്പുമുട്ടിനിൽക്കുന്ന ഗീതാഞ്ജലിയെപ്പോലൊരു കാവ്യത്തിൽ അതുക്ഷന്തവ്യമാണോ? ഇവിടെ ഒരു ചെറിയമാററം പോലും നമുക്ക് അസുഖമായിട്ടാണ് തോന്നുക. പലപ്പോഴും വളരെ നിസ്സാരമായ മാററങ്ങളിൽ വളരെ നഷ്ടപ്പെട്ടുപോകുന്നത് അനുഭവമാണ്. ഉദാഹരണമായി ഗീതാഞ്ജലി 11ാം പദ്യത്തിൻെറ തർജിമനോക്കുക. (ഇതിൽ 27)

ധ്യാനവും മൌനവും മന്ത്രവും തന്ത്രവും
ഗാനവും രുദ്രാക്ഷ മാലയുമായ്
വാതലും ബന്ധിച്ചു കോവിലിൻ മൂലയി -
ലേതിനോ കണ്ണുമടച്ചിരിപ്പൂ !

പൊതുവേപറഞ്ഞാൽ ഇതു നല്ലൊരു തർജ്ജിമയാണ്. പക്ഷേ ആ "ഏതിനോ കണ്ണുമടച്ചിരിക്കുന്ന" ഇരുപ്പും "Leave this chanting" എന്ന മൂലത്തിലെ ആജ്ഞാപിക്കുന്ന സ്വരവും തമ്മിൽ എന്തൊരു വ്യത്യാസമുണ്ട്! ടാഗൂർ ആ അധികാരസ്വരത്തിലാണ് പലതും പറഞ്ഞിരിക്കുന്നത്. "Whom dost thou worship" "Open thine eyes", "Put off thy holy mantle" എല്ലാം ഓരോ ഉത്തരവുകളാണ്. എന്നാൽ മലയാളഗാനത്തിൽ വരുമ്പോഠം ആ ഉത്തരവുകഠംക്കൊക്കെ ഒരു 'അബലാത്വം' വന്നുപോകുന്നു. Where the mind is without fear എന്ന പദ്യത്തിലും എവിടെ, എവിടെ എന്നാവർത്തിക്കുന്നതിലുള്ള സുഖം തർജ്ജിമയിലില്ല. "ഉത്തമാംഗമുയർത്തി പ്പിടിച്ചു മെന്നഠംത്തടം ഭയലേശമെഴാതയും" എന്നിങ്ങനേയാണ് തർജ്ജിമയുടെ പോക്ക്. മൂലഗ്രന്ഥത്തിലെ പദത്തിനു ഒരു കുതിരസ്സവാരിയുടെ ഗൌരവം ഉണ്ടെങ്കിൽ തർജ്ജിമയ്ക്കു് ഒരു കാളവണ്ടിയുടെ സുഖമേയുള്ളു.

അപ്പോഠം പിന്നെ എന്താണ് ഈ ഏകദേശതർജ്ജിമയുടെ പ്രയോജനം? ടാഗൂറിനെയും ഗീതാഞ്ജലിയേയും പരിചയപ്പെട്ടവക്ക് ഇതു പ്രയോജനകരമല്ല. അല്ലാത്തവക്ക് പരിപൂർണ്ണമായ സംതൃപ്തിക്കു കാര്യമില്ലെങ്കിലും കുറെ ഉന്നതാശയങ്ങഠം അടങ്ങിയ ഒരു കൃതി വായിച്ചുവെന്ന് ചാരിതാർത്ഥപ്പെടാം.

ഡോക്ടർ പിള്ളയുടെ ഭാഷയിൽ തെക്കൻ ചുവ അവിടവിടെ കാണാം. ഓശ, ശീങ്കുഴൽ വീണാക്കി, പണ്ടിനാൽ, ഈ പ്രയോഗങ്ങഠം മദ്ധ്യോത്തരകേരളീയക്ക് അത്ര പിടിച്ചില്ലെന്നുവരാം. എങ്കിലും

ചെറുകഥ

# കലാകാരൻ

മോപ്പ്സാങ്ങ്

"മിസ്റ്റർ!" വൃദ്ധനായ ആ കൺകെട്ടു വിദ്യക്കാരൻ എന്നോടു പറഞ്ഞു: "അതു് പരിശീലനവും ശീലവും മാത്രമാണു്. അത്രേയുള്ളു. ആ കാര്യത്തിൽ ഒരാൾക്കു കുറച്ചു മിടുക്കു വേണമെന്നുള്ളതു് ശരിതന്നെ. പക്ഷെ ഏററവും ആവശ്യം ക്ഷമാശീലവും നീണ്ട നീണ്ട കൊല്ലങ്ങളോളം ദിവസേനയുള്ള പരിശീലനവുമാണു്."

അയാളുടെ താഴ്മ എന്നെ കൂടുതൽ അത്ഭുതപ്പെടുത്തി. എന്തുകൊണ്ടെന്നാൽ, സാധാരണയായി തങ്ങളുടെ പ്രാഗത്ഭ്യത്തിൽ ഗർവ്വുള്ള പ്രദർശനക്കാരെ ഞാൻ കണ്ടിട്ടുള്ളവരിൽ വെച്ചു ഇയാളായിരുന്നു കുറച്ചു മിടുക്കുള്ളവൻ. ഞാൻ അയാളെ കൂടെക്കൂടെ കണ്ടിരുന്നു. ഒരു സർക്കസ്സിലല്ലെങ്കിൽ മറെറാരു സർക്കസ്സിൽ, അല്ലെങ്കിൽ സഞ്ചരിക്കുന്ന പ്രദർശനസംഘങ്ങളിൽ, അയാളെ എല്ലാവരും കണ്ടിരുന്നു. ഒരു പലകയിൽ കൈകൾ നീട്ടിപ്പിടിച്ചുകൊണ്ടു് ഒരു പുരുഷനേയോ സ്ത്രീയേയോ നിറുത്തിയിട്ടു് കുറെ ദൂരെ നിന്നുകൊണ്ടു് ആ ആളുടെ വിരലുകൾക്കിടയിലും തലക്കു ചുററുമായും ഇയാൾ കത്തികൾ എറിയുന്ന വിദ്യ കാണിക്കുന്നതു കാണാം. ആ വിദ്യ

---

പരിമിത വിഭവയായ നമ്മുടെ ഭാഷ ദേശ്യപദങ്ങൾകൊണ്ടു് വല്ലതും നേടുന്നുണ്ടെങ്കിൽ നേടിക്കൊള്ളട്ടെ എന്നു വെയ്ക്കുകയാണു് നല്ലതു്.

ഒരേകദേശതർജ്ജിമ എന്നനിലയ്ക്കു് ഇതു് ഒരു നല്ല പുസ്തകമാണു്. പക്ഷേ ടാഗോറിൻെറ അർത്ഥപുഷ്ടമായ ഗീതാഞ്ജലിയുടെ പരിഭാഷ എന്ന നിലയ്ക്കു് ഒരു സാധാരണ പുസ്തകം മാത്രമമാണു്.

എസ്. ഗുപ്തൻ നായർ.

യിലുള്ള സൂത്രങ്ങൾ മനസ്സിലാക്കിയാൽ—കത്തികൾ ഒട്ടും മൂർച്ചയു ള്ളവയല്ലെന്നും, ദേഹത്തിൽ നിന്നു കുറെ ദൂരെയായിട്ടാണ് അവ പലകയിൽ ചെന്നു കുത്തുന്നതെന്നും മനസ്സിലാക്കിയാൽ—അതിൽ അത്ര വളരെ അത്ഭുതമൊന്നുമുള്ളതായി തോന്നുകയില്ല. എറിയു ന്നതിൻെറ വേഗത, കത്തികളുടെ തിളക്കം, ജീവനുള്ള ആ ലക്ഷ്യ ത്തിൻെറ നേക്ക് പായുമ്പോൾ കത്തികൾക്കുള്ള പുളച്ചിലുകൾ, എ ന്നിവയാണ്, കേവലം സാധാരണയായ സാമൎത്ഥ്യം മാത്രം വേണ്ട തും എല്ലായിടത്തും കാണാവുന്നവയുമായ ഈ പ്രദർശനത്തിൽ അ പായമുണ്ടെന്നുള്ള പ്രതീതി നൽകുന്നതു്.

പക്ഷെ ഇയാളുടെ കാൎയ്യത്തിൽ സൂത്രമില്ല, ആളുകളുടെ ക ണ്ണിൽ മണ്ണിടലുമില്ല. ഏകാഗ്രതയോടും ആത്മാൎത്ഥതയോടുംകൂടി യാണയാൾ ചെയ്തിരുന്നതു്. കത്തികൾ റേസർപോലെ മൂർച്ചയു ള്ളവയായിരുന്നു. ദേഹത്തിന്നു വളരെ അടുത്തായും കൈവിരലു കൾക്കു നടുവിലുള്ള സ്ഥലത്തും ഈ വൃദ്ധനായ കൺകെട്ടുവിദ്യക്കാ രൻ കത്തികൾ എറിഞ്ഞു കൊള്ളിക്കും. അയാൾ മററയാളുടെ തലക്കു ചുററും കത്തികളാകുന്ന ഒരു പരിവേഷമുണ്ടാക്കും. സ്വയം വിടുത്താൻ ശ്രമിച്ചാൽ കഴുത്തിലെ ഞരമ്പററുപോകും എന്ന രീതി യിലുള്ള ഒരു വലയം കൊണ്ടു് കഴുത്തിനെയും വളയും. ഇതിലുള്ള പ്രയാസം വർദ്ധിപ്പിക്കുവാനെന്നപോലെ ഈ വൃദ്ധൻ തൻെറ മുഖം മുഴുവൻ ഘനമുള്ള എണ്ണശീലകൊണ്ടു മൂടിക്കെട്ടി കണ്ണുകാണാൻ പാടില്ലാതെയാണ് വിദ്യകൾ പ്രദർശിപ്പിച്ചു വന്നതു്.

മററു വലിയ കലാകാരനെന്നപോലെ, ഇയാളെയും ജനക്കൂട്ടം മനസ്സിലാക്കിയില്ല. അവക്കു അയാൾ വെറും മോശപ്പെട്ട ഒരു ചെപ്പടിവിദ്യക്കാരനായിരുന്നു. അയാളുടെ മുഖാവരണം വെറും ഒരു സൂത്രം—വെറും സാധാരണമായൊരു സൂത്രം—എന്നാണവൎക്കു തോന്നിയതു്.

“നമ്മൾ മറയന്മാരാണെന്നാണ് അയാളുടെ വിചാരം.” അവർ പറഞ്ഞു. “കണ്ണുതുറക്കാതെ എങ്ങിനെയാണ് അയാൾക്കു ലാക്കുനോക്കാൻ കഴിയുക ?”

എണ്ണശീലയിൽ, കണ്ടുപിടിക്കാൻ വിഷമമുള്ള ചെറിയ ചെറിയ ഓട്ടകളുണ്ടെന്നവർ വിചാരിച്ചു. പ്രദർശനം തുടങ്ങുന്നതിനു മുമ്പ് ആ മുഖാവരണം പരിശോധിച്ചുകൊള്ളാൻ കാണികളോട് അയാഠം പറഞ്ഞതുകൊണ്ടൊന്നും ഫലമുണ്ടായില്ല. അതിൽ സൂത്രമൊന്നുമുള്ളതായി അവർ കണ്ടുപിടിച്ചില്ലെന്നുള്ളതു ശരിതന്നെ. എങ്കിലും തങ്ങളെ ഇയാഠം പററിക്കുകയാണെന്നു എന്തുകൊണ്ടോ അവർ കൂടുതൽ ദൃഢമായി വിശ്വസിച്ചു.

ഈ കിഴവൻ കൺകെട്ടുവിദ്യക്കാരനിൽ ഞാൻ ഒരു മഹാനായ കലാകാരനെ ദർശിച്ചിരുന്നു. കള്ളത്തരം ചെയ്യാൻ ഇയാഠം തികച്ചും അസമർത്ഥനാണെന്ന് എനിക്കു നല്ല ബോദ്ധ്യമായിരുന്നു. എൻെറ അഭിനന്ദനം അയാളെ അറിയിക്കുന്ന അവസരത്തിൽ ഞാനത്രയും പറയുകയും, അപ്പോഴെൻെറ തുറന്ന അഭിനന്ദനവും, ഞാനയാളോട്ട് കാണിച്ച നീതിബോധവും അയാളുടെ ഹൃദയത്തെസ്പർശിക്കുകയും ചെയ്തിരുന്നു. അങ്ങിനെ ഞങ്ങഠം നല്ല സ്നേഹിതന്മാരായി. അയാഠം വളരെ താഴ്മയോടുകൂടി എനിക്കു പറഞ്ഞുതന്നു—ജനക്കൂട്ടത്തിനു മനസ്സിലാകാത്ത വാസ്തവത്തിലുള്ള സൂത്രം—എന്നന്നേക്കും ശരിയായ ആ സൂത്രം: "ക്ഷമാശീലവും നീണ്ടനീണ്ട കൊല്ലങ്ങളോളം ദിവസേനയുള്ള പരിശീലനവും!"

അയാളെക്കൊണ്ട് കള്ളത്തരം ചെയ്യാൻ സാദ്ധ്യമല്ലെന്നു ഞാൻ തീർച്ച പറഞ്ഞപ്പോഠം അയാഠം എന്നെ വിശ്വസിച്ചു. അയാഠം എന്നോടു പറഞ്ഞു: "അതെ, തീരെ സാദ്ധ്യമല്ല. നിങ്ങഠംക്കു മനസ്സിലാക്കാൻ കഴിയാത്ത വിധത്തിൽ, അത്രത്തോളം സാദ്ധ്യമല്ല. ഞാനതു നിങ്ങളോടു പറഞ്ഞാൽ—പക്ഷെ എന്തു പ്രയോജനം?"

അയാളുടെ മുഖം മ്ലാനമായി. കണ്ണുകളിൽ വെള്ളം നിറഞ്ഞു. അയാളുടെ വിശ്വാസത്തിലേക്കു കടന്നുകളയാനുള്ള ധൈര്യം എനിക്കുണ്ടായില്ല. പക്ഷെ എൻെറ നോട്ടങ്ങഠം വാക്കുകളെപ്പോലെ

വിവേകമുള്ളവയായിരുന്നില്ല. അവ, സംസാരിക്കാൻ അയാളോട്ടു യാചിച്ചു. അവയുടെ മൂകമായ ആ യാചനക്കയാൾ വഴങ്ങി.

"അതെ. നിങ്ങളോട് അതിനെപ്പററി എന്തിനു പറയാതിരിക്കണം? പറഞ്ഞാൽ നിങ്ങളെന്നെ മനസ്സിലാക്കും." പൊട്ടുന്നവെ രൂക്ഷമായ ഭാവത്തോടെ അയാൾ ഇത്രയും കൂട്ടിച്ചേർത്തു: "അവൾക്ക്, എങ്കിലും, മനസ്സിലായിരുന്നു!"

"ആക്ക്?" ഞാൻ ചോദിച്ചു.

"എൻെറ ഭാര്യ," അയാളുത്തരം പറഞ്ഞു. "മിസ്റ്റർ! അവൾ എന്തൊരു ബീഭത്സസൃഷ്ടിയായിരുന്നെന്നോ! നിങ്ങൾ അതൊക്കെ അറിഞ്ഞിരുന്നെങ്കിൽ! അവൾ അതു നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് ഞാനവളെ ഇത്രത്തോളം വെറുക്കുന്നതു്. എന്നെ ചതിച്ചതിലുള്ളതിനേക്കാൾ എനിക്കു ദേഷ്യം അതിലാണ്. അതു് സാധാരണമായുള്ള ഒരു കുററമാണ്, അല്ലേ? അതിനു മാപ്പുകൊടുക്കാവുന്നതുമാണല്ലൊ? പക്ഷെ മറേറതു് ഒരു വലിയ കുററമായിരുന്നു, ഭയങ്കരമായ കുററം!"

എല്ലാ രാത്രികളിലും കൈകൾ നീട്ടി വിരലുകൾ വിടർത്തി, പലകയിൽ ചേർന്നു നിന്നുകൊടുത്ത ആ സ്ത്രീ, കൺകെട്ടുവിദ്യക്കാരൻ റേസർപോലെ മൂർച്ചയുള്ള കത്തികൾ അവളുടെ ദേഹത്തിൽ തൊടത്തക്കവണ്ണമെറിഞ്ഞു കത്തികൾ കൊണ്ടു് കൈകൾക്കൊരു റയും തലയ്ക്കൊരു പരിവേഷവും സൃഷ്ടിച്ചിരുന്ന ആ സ്ത്രീ, അയാളുടെ ഭാര്യയായിരുന്നു. നാല്പതോളം വയസ്സുള്ള ആ സ്ത്രീ കുറച്ചൊരു സൌന്ദര്യമുള്ളവളായിരിക്കണം. പക്ഷെ ആ സൌന്ദര്യം ഹൃദ്യമായിരുന്നില്ല.

അയാൾ പലകയിൽ കത്തിയെറിഞ്ഞു കുത്തുമ്പൊഴൊക്കെ, വളരെ അമർന്ന ഒരു ചിരി—ആരെങ്കിലും കേട്ടാൽ വളരെ അർത്ഥങ്ങളുള്ള ചിരി, എന്തെന്നാൽ അത് ആക്ഷേപിക്കുന്ന ചിരിയായിരുന്നു—ചിരിക്കുന്നതായി ഞാൻ പലതവണയും ശ്രദ്ധിച്ചിട്ടുണ്ടാ

യിരുന്നു. അയാളുടെ വിദൂഷക സന്ദർഭത്തിനനുസരിച്ച ഒരു മറുപടിയായിട്ടാണ് ഞാനാ ചിരിയെ കണക്കാക്കിയിരുന്നതു്. അവളുടെ അപകടനിലയെ ഒന്നുകൂടി ഗൌരവമാക്കി കാണിക്കാനും എറിയുന്നയാളിൻെറ കൈയുടെ തെററില്ലായ്മ കാരണമായി അതിനോടവൾക്കുള്ള പുച്ഛം പ്രകടിപ്പിക്കുകയുമാണ് അതിൻെറ ഉദ്ദേശമെന്നും ഞാൻ വിചാരിച്ചു. അതിനാൽ കൺകെട്ടു വിദൂഷകാരൻ എന്നോട് ഇങ്ങനെ പറഞ്ഞപ്പോൾ ഞാൻ വളരെ അത്ഭുതപ്പെട്ടുപോയി.

"അവൾ ചിരിക്കുന്നതു് നിങ്ങൾ ഗൌനിച്ചിട്ടുണ്ടോ? എന്നെ ആക്ഷേപിക്കാനായും എന്നെ വകവെക്കുന്നില്ലെന്ന് കാണിക്കാനായുമുള്ള ആ നശിച്ച ഭീരുവിൻെറ ചിരി? അതെ, ഭീരു! അവൾ എത്രത്തോളമാണ് അർഹിക്കുന്നതെന്നിരുന്നാലും, ഞാൻ എന്തൊക്കെയാണ് അവളോട് കാണിക്കേണ്ടതെന്നിരുന്നാലും, ഞാൻ ചെയ്യണമെന്ന് എനിക്കു മോഹമുണ്ടായിരുന്നാലും, അവൾക്കൊന്നും സംഭവിക്കുകയില്ലെന്നു അവൾക്കറിയാം."

"നിങ്ങൾക്കെന്തു ചെയ്യാനാണ് മോഹം?"

"എന്തു് നിങ്ങൾക്കു ഊഹിച്ചുകൂടെ? എനിക്കു അവളെ കൊല്ലണം."

"അവളെ കൊല്ലുന്നതു് അവൾ നിങ്ങളെ—"

"വഞ്ചിച്ചതുകൊണ്ടോ? അല്ല, അല്ല. ഞാൻ വീണ്ടും പറയുന്നു. വളരെക്കാലം മുമ്പുതന്നെ ഞാനവൾക്കു അതിനു മാപ്പുകൊടുത്തിരിക്കുന്നു. എനിക്കതു നല്ല പരിചയവുമായിപോയി. ഏററവും കഷ്ടം ഇതാണ്. ആദ്യമായി മാപ്പുകൊടുത്തപ്പോൾ ഞാനവളോടു പറഞ്ഞു. ഇതൊക്കെയാണെങ്കിലും എനിക്കു വേണമെന്നു തോന്നുകയാണെങ്കിൽ എനിയൊരിക്കൽ മനഃപൂർവ്വം ചെ

കയ്യുന്നു വരാതിരിക്കാനുള്ള കരുതലോടെ, ഒരബന്ധം പററിപ്പോയ പോലെ, കത്തിയെറിഞ്ഞ് അവളുടെ തൊണ്ട കുത്തിപ്പൊളിച്ച് എൻെറ പ്രതികാരം നേടുമെന്ന്——"

"ഓ, നിങ്ങൾ അങ്ങനെ അവളോടു പറഞ്ഞോ?"

"തീർച്ചയായും പറഞ്ഞു. ഞാനതു ചെയ്യാൻ തീർച്ചപ്പെട്ടുത്തുകയും ചെയ്തു. അതു ചെയ്യാൻ സാധിക്കുമെന്നു എനിക്കു തോന്നി. നിങ്ങൾ കാണുന്നില്ലേ എനിക്കു അങ്ങിനെ ചെയ്യാൻ ശരിയായ കാരണമുണ്ടെന്ന്? അതത്രത്തോളം ലഘുവായിരുന്നു. അത്ര എളുപ്പമായിരുന്നു. അത്ര കൊതിയുമായിരുന്നു എനിക്ക്. ഒന്നാലോചിക്കൂ. അര ഇഞ്ചിൽ കുറഞ്ഞ ഒരു തെററു മതി. അവളുടെ കഴുത്തിൽ കത്തികൊള്ളുകയും കഴുത്തിലെ ഞരമ്പ് അററുപോവുകയും ചെയ്യും. എൻെറ കത്തികൾ നല്ലവണ്ണം മുറിക്കുന്നവയുമാണ്! ഒരിക്കൽ കഴുത്തിലെ ഞരമ്പററാൽ——പിന്നെ തീൎന്നു. ഒന്നു, രണ്ടു, മൂന്നു പ്രാവശ്യം ചോര കുതിച്ചു ചാടും. പിന്നെ എല്ലാം ശരിയാവും. അവൾ മരിക്കും. ഞാനെൻെറ പ്രതികാരവും നേടും!"

"അതു് പരമാത്ഥമാണ്——ഹാ, ഭയങ്കരമായ പരമാർത്ഥം."

"എനിക്കു ഒരപകടവുമില്ല അല്ലേ? ഒരു യാദൃച്ഛികസംഭവം. അത്രേയുള്ളൂ. നിർഭാഗ്യം. ഞങ്ങളുടെ തൊഴിലിൽ നിത്യവും സംഭവിക്കാറുള്ള തെററുകളിലൊന്നു്. അവർ എൻെറ പേരിൽ എന്തു കുററം ചുമത്തും? ആരാണ് എന്നിൽ കുററം ചുമത്താൻ ആലോചിക്കുകതന്നെ? തെററുകൊണ്ടു വന്നുചേൎന്ന മരണം. അത്രതന്നെ. ഞാൻ ഏങ്ങിക്കരഞ്ഞുകൊണ്ടു പറയും: "എൻെറ ഭാൎയ്യ, ഹാ, എൻെറ പാവപ്പെട്ട ഭാൎയ്യ! എൻെറ പ്രദർശനത്തിൽ പങ്കെടുത്തു എനിക്കു ജീവിക്കാനുള്ള വഴി നേടിത്തരുന്ന, എനിക്കു ഏററവും ആവശ്യമുള്ളവളായ എൻെറ ഭാൎയ്യ!" എന്നിൽ എല്ലാരും സഹതപിക്കുമെന്നു നിങ്ങൾ സമ്മതിച്ചേ തീരൂ."

"തീർച്ചയായും അതിൽ യാതൊരു സംശയവുമില്ല."

"ഇമ്മാതിരിയുള്ള പ്രതികാരം ഏററവും നല്ല ഒരു പ്രതികാരമാണെന്നും കൂടി നിങ്ങരം സമ്മതിക്കും—ഞാൻ രക്ഷപ്പെടുന്നതോടുകൂടിത്തന്നെ എനിക്കു ചെയ്യാൻ കഴിയുന്ന ഏററവും നല്ല പ്രതികാരം."

"അതങ്ങനെതന്നെ."

"ശരി, നിങ്ങളോടിപ്പോരം പറഞ്ഞതുപോലെ—അല്ല കൂടുതൽ ശക്തിയോടുകൂടി ഇക്കാര്യം അവളോടു പറഞ്ഞപ്പോരം— ക്രോധംകൊണ്ടു ഭ്രാന്തനായിത്തീന്ന ഞാൻ ഈ കൃത്യം അവിടെ വെച്ചുതന്നെ ചെയ്യാൻ തെയ്യാറായി അവളോടു പറഞ്ഞപ്പോരം അവളെന്തുപറഞ്ഞു എന്നാണ് നിങ്ങരം വിചാരിക്കുന്നത്?"

"നിങ്ങരം ഒരു മനുഷ്യനാണെന്നും, ഇങ്ങനെ ചെയ്യാനുള്ള ഭയങ്കരമായ ധൈര്യം തീച്ചയായും നിങ്ങരംക്കില്ലെന്നും—"

"ഛെ, ഛെ, നിങ്ങരം വിചാരിക്കുന്നപോലെ അത്ര നല്ല ആളല്ല ഞാൻ. ചോരകണ്ട് ഭയപ്പെടുന്നവനല്ല ഞാൻ. അതു ഞാൻ മുമ്പു തെളിയിച്ചിട്ടുണ്ട്. പക്ഷെ എവിടെ വെച്ച് എന്തിനുചെയ്തു എന്നും മററും നിങ്ങളോടു പറയുന്നതുകൊണ്ട് പ്രത്യേകം പ്രയോജനമൊന്നുമില്ല. പക്ഷെ അതവരംക്ക് തെളിയിച്ചുകൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. എനിക്കു പലതും ചെയ്യാൻ കഴിയുമെന്നവരംക്കറിയാം—കററം പോലും—പ്രത്യേകിച്ച് ഒരു കററം."

"എന്നിട്ടും അവരം പേടിച്ചില്ലേ?"

"ഇല്ല. ഞാൻ പറഞ്ഞപോലെ ചെയ്യാൻ എനിക്കു കഴികയില്ലെന്ന് മാത്രമേ അവരം പറഞ്ഞുള്ളു. മനസ്സിലായോ? എനിക്കതു് ചെയ്യാൻ കഴികയില്ലെന്ന്."

"എന്തുകൊണ്ട്"?"

"അപ്പോഠം മിസ്റ്റർ, നിങ്ങഠംക്കു മനസ്സിലായില്ല, അല്ലേ? എന്തുകൊണ്ടു മനസ്സിലായില്ല? ഇടവിടാതെ നിത്യവുമുള്ള പരിശീലനംകൊണ്ടു് ഞാൻ ചെയ്യുന്നതു് കാണാതെതന്നെ കത്തികളെറിഞ്ഞു് കൊള്ളിക്കാൻ സാധിക്കുമെന്നു് ഞാൻ പറഞ്ഞുതന്നില്ലേ?"

"അതേ. അതുകൊണ്ടു് ?"

"ശരി. അത്ര ഭയങ്കരമായ ഫലത്തോടുകൂടി അവഠം മനസ്സിലാക്കിയ കാരണം നിങ്ങഠംക്കു മനസ്സിലാക്കാൻ കഴിയുന്നില്ലേ— അതായതു്, ഞാൻ കത്തിയെറിയുമ്പോഠം ലക്ഷ്യം പിഴക്കണമെന്നു ഞാൻ വിചാരിച്ചാൽ പോലും എൻെറ കൈ എന്നെ അനുസരിക്കുകയില്ലെന്നു് ?"

"അതു സാദ്ധ്യമാണോ ?"

"അതിനേക്കാഠം പരമാൎത്ഥമുള്ളതു് വേറൊന്നില്ലെന്നു പറയുന്നതിൽ എനിക്കു വ്യസനമുണ്ടു്. ഞാൻ സ്വപ്നം കണ്ടിരുന്നതും ഏററവും ലഘു സാദ്ധ്യമെന്നു ഞാൻ വിചാരിച്ചിരുന്നതുമായ പ്രതികാരം നിൎവ്വഹിക്കണമെന്നു് ഞാൻ വാസ്തവത്തിൽ മോഹിച്ചിരുന്നു. ആ ചീത്ത സ്ത്രീയുടെ മൎയ്യാദകേടുകൊണ്ടു് കോപാന്ധനായിത്തീൎന്ന ഞാൻ അവളെ കൊല്ലണമെന്നു് പലപ്രാവശ്യവും തീൎച്ചപ്പെടുത്തി. അവളുടെ കഴുത്തിനു ചുററും ഒരു വളയമുണ്ടാക്കുവാനായി കത്തിയെറിയുമ്പോഠം, കത്തികഠം ഒരുവശത്തേക്കു മാററിയെറിയുന്നതിന്നായി ഞാൻ എൻെറ സൎവ്വ ശക്തികളും കഴിവുകളും പ്രയോഗിച്ചുനോക്കിയിട്ടുണ്ടു്. അവളുടെ കഴുത്തിൽ കൊള്ളുന്നതിന്നായി ഒരു അരഇഞ്ചു മാററിയെറിയാൻ ഞാൻ എൻെറ സൎവ്വശക്തികളുമുപയോഗിച്ചു ശ്രമിച്ചിട്ടുണ്ടു്. എനിക്കു് മോഹമുണ്ടായിരുന്നു. ഞാൻ അതിൽ ഒരിക്കലും വിജയിച്ചിട്ടില്ല—ഇല്ല, ഒരിക്കൽപോലും. എല്ലായ്പോഴും അവളുടെ ഭയങ്കരമായ ആ ചിരി എന്നെ അധിക്ഷേപിക്കുന്നു—എല്ലായ്പോഴും, എല്ലായ്പോഴും !"

# പുതിയ ലോകം

കെ. പി. കേശവമേനോൻ.

[ശ്രീ. കെ. പി. കേശവമേനോൻെറ 'ഭൂതവും ഭാവിയും' എന്ന പുതിയ പുസ്തകത്തിലെ ഒരു ഭാഗം, അനുവാദത്തോടുകൂടി താഴെ ചേർക്കുന്നു.]

അര നൂറ്റാണ്ടിന്നു മുമ്പുള്ള സ്ഥിതിയും, ഇന്നത്തെ സ്ഥിതിയും, താരതമ്യപ്പെടുത്തി നോക്കിയാൽ ലോകത്തിൽ വന്നുചേർന്നിട്ടുള്ള അപാരമായ അഭിവൃദ്ധി നമ്മെ വിസ്മയഭരിതരാക്കിത്തീർക്കാതിരിക്കുകയില്ല. റേഡിയോ, ടെലിഫോൺ, വിമാനം, ടെലിവിഷൻ തുട

---

അശ്രുപ്രവാഹത്തോടുകൂടി, ശമനം വരുത്താൻ കഴിയാത്തു പണിപ്പെട്ട് ഒതുക്കിവെച്ചിട്ടുള്ള ക്രോധത്തെ സൂചിപ്പിക്കുന്ന ഒരു അലച്ചിലോടുകൂടി, പല്ലുകടിച്ചുകൊണ്ട് അയാൾ അവസാനിപ്പിച്ചു:—

"അവൾക്കെന്നെ നല്ലവണ്ണമറിയാം—ആ കഴുത! എൻെറ ജോലിയെന്നോ ക്ഷമാശീലമെന്നോ എൻെറ വിദ്യയെന്നോ, പരിശീലനമെന്നോ എന്തുവേണമെങ്കിലും നിങ്ങൾ പറഞ്ഞുകൊള്ളുക, അതിൻെറ രഹസ്യമെല്ലാം അവൾക്കറിയാം. അവൾ എൻെറ അന്തരാത്മാവിൽ ജീവിക്കുന്നു. നിങ്ങളോ ഞാൻതന്നെയോ കാണുന്നതിനേക്കാൾ സൂക്ഷ്മമായി അവൾ അവിടം കാണുന്നു. അവൾക്കറിയാം ഞാൻ എന്തൊരു ദൂഷ്യമററ യന്ത്രമായിപ്പോയിയെന്ന്—അവൾ പരിഹസിക്കുന്ന ഒരു യന്ത്രം, ശരിക്കു നിറുത്തപ്പെട്ടിരിക്കുന്ന ആ യന്ത്രം, തെററായി പ്രവർത്തിക്കാൻ കഴിയാത്ത ആ യന്ത്രം—എനിക്കു ഒരു തെററു പററിക്കാൻ സാദ്ധ്യമല്ലെന്നു അവൾക്കറിയാം."

—x—

MUL
158179
158179
52032:N47
H9


ങ്ങിയുള്ള അനേകം നൂതനയന്ത്രങ്ങൾ ദൂരത്തെ ഇല്ലാതാക്കി ലോകത്തെ ഒന്നാക്കിയിരിക്കുന്നു. പൈലററ് ഇല്ലാതെ പതിനാല് യാത്രക്കാരേയും കയററി, ന്യൂഫൌണ്ട്ലാണ്ടിൽനിന്നു പുറപ്പെട്ട് 10½ മണിക്കൂർ നേരം വിടാതെ സഞ്ചരിച്ച്, ഇംഗ്ലണ്ടിൽവന്ന് ഇറങ്ങിയ ഒരു വിമാനത്തെപ്പററി വായനക്കാർ കേട്ടിരിക്കാം. മനുഷ്യന്റെ സുഖത്തിനും സൌകര്യത്തിന്നും ആവശ്യമായ ഉപകരണങ്ങൾ എണ്ണമില്ലാതെ വർദ്ധിച്ചിരിക്കുന്നു. ഇപ്പോൾ മനുഷ്യരെ നശിപ്പിക്കുവാനും, ദണ്ഡിപ്പിക്കുവാനും ഉപയോഗപ്പെടുത്തുന്ന അറേറാമിക്ക് ശക്തി സമാധാനപരമായ മാർഗ്ഗത്തിൽ കൂടി തിരിക്കുന്നതായാൽ ലോകത്തിൽ വന്നുചേരുവാനിടയുള്ള അത്ഭുതകരമായ മാററങ്ങളെപ്പററി ചിന്തിക്കുന്നതു ആവേശജനകമായിരിക്കും. മനുഷ്യരുടെ പരമശത്രുവാണെന്നു വിചാരിക്കുന്ന അറേറാമിക്ക് ശക്തി അധികം താമസിക്കാതെ അവരുടെ ആത്മമിത്രമായി തീരുമെന്നു പലരും വിശ്വസിക്കുന്നു. വിദ്യുച്ഛക്തി ഉപയോഗിക്കുന്നതുപോലെ അടുത്ത ഭാവിയിൽ മനുഷ്യന്റെ സാധാരണ ആവശ്യങ്ങൾക്കെല്ലാം അറേറാമിക്ക് ശക്തി ഉപയോഗിക്കുവാൻ തരമാകും എന്നാണ് കരുതേണ്ടതു്.

ഇതുവരെ ഉണ്ടാകാത്തതായ ആപത്തു് ലോകത്തിൽ വരുത്തിതീർക്കുവാൻ അറേറാമിക്ക് ശക്തിക്ക് സാധിക്കുമെങ്കിൽ ഇതുവരെ കാണാത്തതായ അഭിവൃദ്ധിയുണ്ടാക്കുന്നതിനും അതിന്നു കഴിയും. ഈജിപ്തും, ഇന്ത്യയും, ഗ്രീസും, റോമും പുരാതനകാലത്തു ഒരു വലിയ പരിഷ്കൃത നിലയിൽ എത്തിയിരുന്നു. എന്നാൽ ആ പരിഷ്കാരത്തിന്റെ ഫലം ചിലക്ക് മാത്രമേ അനുഭവിക്കുവാൻ കഴിഞ്ഞിരുന്നുള്ളു—അദ്ധ്വാനിക്കുവാൻ അധികം ആളുകളും സുഖം അനുഭവിക്കുവാൻ സ്വല്പം പേരും—അതായിരുന്നു അന്നത്തെ സ്ഥിതി. മേലിൽ അങ്ങിനെ വരുവാൻ തരമില്ല. അറേറാമിക്ക് ശക്തി ധാരാളമായി ഉപയോഗപ്പെടുത്തുവാൻ തുടങ്ങിയാൽ മനുഷ്യന്റെ ആവശ്യങ്ങൾ സുലഭമായി സാധിച്ചുതുടങ്ങും. മനുഷ്യന്റെ ജീവിതരീതി ഇപ്പോൾ ഉള്ളതിൽനിന്നു എത്രയോ ഉയർന്നുവരും എന്നതു തീർച്ചയാണ്.

ERSITY L

ലോകത്തിലെ കാലാവസ്ഥ നിൎണ്ണയിക്കുന്നതിന്നു ഭൂമിയുടെ വടക്കെ അററത്തു ഏൎപ്പെടുത്തിയിരിക്കുന്ന ചില സ്ഥാപനങ്ങളിൽനിന്നു കപ്പൽ സഞ്ചാരത്തിന്നും, വിമാനസഞ്ചാരത്തിന്നും, കൂടുതൽ സൌകൎയ്യങ്ങൾ ഉണ്ടാക്കുവാൻ സഹായിക്കുന്നതായ പല പുതിയ വിവരങ്ങളും ശേഖരിക്കുവാൻ സാധിച്ചിട്ടുണ്ടു്. അത്യുഷ്ണവും അതിവൎഷവും, കൊടുങ്കാററും, പെരുംശീതവും ഉണ്ടാകുവാൻ പോകുന്നതിന്നു എത്രയോ മാസങ്ങൾക്കു മുമ്പു് മുന്നറിവു കിട്ടുവാൻ കഴിയുമെന്നാണു് പറയുന്നതു്. അങ്ങിനെയായാൽ വെള്ളപ്പൊക്കം കൊണ്ടും, വൎഷമില്ലാത്തതുകൊണ്ടും, മനുഷ്യൎക്കും, ജന്തുക്കൾക്കും കൃഷിക്കും നേരിടുവാനിടയുള്ള നാശത്തിന്നു വളരെ കുറവു വരും. സോവിയററു് റഷ്യയിലെ ചില ശാസ്ത്രജ്ഞന്മാർ ഇതുസംബന്ധമായ പരീക്ഷകൾ നടത്തുവാനായി ഉത്തരധ്രുവസമുദ്രത്തിലെ ചില ദ്വീപുകളിൽ പാൎത്തിരുന്നു. അവിടെനിന്നു ഉത്ഭവിക്കുന്ന തണുപ്പും വായുനദിയുടെ ഒഴുക്കും, ആസ്ത്രേലിയ, ആഫ്രിക്കാ, ദക്ഷിണ അമേരിക്ക എന്നീ രാജ്യങ്ങളിലെ കാലാവസ്ഥ നിയന്ത്രിക്കുന്നതിന്നു കാരണമാകുന്നുണ്ടെന്നു അവർ അന്വേഷിച്ചറിഞ്ഞിരിക്കുന്നു. ഇതിന്റെ ഫലം ആ രാജ്യങ്ങളിലെ കൃഷിക്കാൎക്കു വലിയ അനുഗ്രഹമായി തീരുമെന്നാണു് ഇവർ അഭിപ്രായപ്പെട്ടതു്.

അതുപോലെതന്നെ സഞ്ചാരസൌകൎയ്യത്തിൽ വിപ്ലവകരമായ മാററങ്ങൾ വരുത്തുന്ന ഒരു പുതിയ വാഹനവും കണ്ടുപിടിച്ചിരിക്കുന്നു. അതിന്നു റോഡിന്മേൽ മോട്ടോർകാർപോലെ ഓടുവാനും വിമാനത്തെപ്പോലെ മേലോട്ടു പറക്കുവാനും, മോട്ടോർ ബോട്ടുപോലെ സമുദ്രത്തിൽ സഞ്ചരിക്കുവാനും സാധിക്കുമത്രെ. മനുഷ്യന്റെ ആയുസ്സു് വൎദ്ധിപ്പിക്കുവാനുള്ള മാൎഗ്ഗങ്ങളേയും ചില ശാസ്ത്രജ്ഞന്മാർ ഏതാണ്ടു് കണ്ടറിഞ്ഞിരിക്കുന്നു. മനുഷ്യൻ 140 വയസ്സു വരെ ജീവിച്ചിരിക്കുന്നതു് അസാധാരണയായിത്തീരാത്ത കാലം വരുമെന്നാണു് ഇവർ പ്രതീക്ഷിക്കുന്നതു്.

ആയുസ്സു വർദ്ധിപ്പിക്കുക, ആരോഗ്യം ഉണ്ടാക്കുക, ജ്ഞാനസമ്പാദനത്തിന്നുള്ള മാർഗ്ഗങ്ങൾ അധികമാക്കുക, സമാധാനപരമായി ജീവിക്കുന്നതിന്നുള്ള സൌകര്യങ്ങൾ പൂർത്തിയായിരിക്കുക. എന്തൊരു ലോകം! അങ്ങിനെയൊരു കാലം വരുമോ? ഇതിന്നുള്ള ഭാഗ്യം മനുഷ്യർക്കുണ്ടാകുമോ? ഇതുവരെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ ആലോചിക്കുമ്പോൾ, മേൽവിവരിച്ച പ്രകാരമുള്ള ഒരു സ്ഥിതി ലോകത്തിൽവ നുചേരുന്നതു് അസാദ്ധ്യമല്ല.

നാം ആശിക്കുന്നതായ ആദർശലോകം ഇപ്പോളുള്ളതിൽ നിന്നു എത്രയോ വ്യത്യാസപ്പെട്ടിരിക്കും. ലോകത്തെ ഒരു സ്ഥിതിയിൽ നിന്നു മറെറാരു സ്ഥിതിയിലേക്കു കൊണ്ടുവരുവാൻ പെട്ടെന്നു സാധിച്ചു എന്നു വരില്ല. എങ്കിലും ഇതുവരെയുള്ള അനുഭവങ്ങളെ ആശ്രയിച്ചു നോക്കുന്നതായാൽ മനുഷ്യപ്രയത്നംകൊണ്ടു് അനുക്രമേണ സാദ്ധ്യമാണെന്നു തീർച്ചയാണ്. വർഗ്ഗവും, മതവും, നിറവും എന്തുതന്നെ ആവട്ടെ, സകല മനുഷ്യർക്കും, ഉപജീവനത്തിന്നു മാത്രമല്ല, സുഖജീവിതത്തിനുകൂടിയുള്ള മാർഗ്ഗങ്ങൾ സുലഭമായി ഉണ്ടായിത്തീരണം. ധനം, വിദ്യാഭ്യാസം, സൌകര്യത്തോടുകൂടിയ വാസസ്ഥലം, ഇഷ്ടമുള്ള പ്രവൃത്തി എടുക്കുന്നതിന്നുള്ള സ്വാതന്ത്ര്യം, ഭാവിയെപ്പററിയുള്ള നിർഭയത്വം, ഇതെല്ലാം ഒരു ആദർശസമുദായത്തിലെ അംഗങ്ങൾക്കു് ആവശ്യമാണ്. ഈ ആദർശലോകത്തിൽ നിന്നു് എത്രയോ അകലെയാണ് നാം ഇപ്പോൾ ജീവിക്കുന്നതു് എന്നതു പരമാർത്ഥമാണ്. എന്നാൽ സമാധാനപരമായ മാററം കൊണ്ടു, വിദൂരമല്ലാത്ത ഭാവിയിൽ, നമ്മുടെ ഭാവനയിൽ ഇരിക്കുന്ന ലോകത്തെ സൃഷ്ടിക്കുവാൻ സാധിക്കുമെന്നുള്ളതും തീർച്ചയാണ്.

രാജ്യക്കാർ തമ്മിലുള്ള തർക്കങ്ങൾ യുദ്ധം കൂടാതെ സമാധാനപരമായ വിധത്തിൽ അവസാനിപ്പിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളെ ചിന്തിച്ചു്, അവയെ പ്രായോഗികമായ നിലയിൽ കൊണ്ടുവരണം. ഭാവിലോകത്തെ പണിചെയ്യുന്നതിന്നുള്ള അസ്തിവാരം അതാണ്.

യുദ്ധാനന്തരം സ്ഥാപിച്ചിട്ടുള്ള ഐക്യരാഷ്ട്രസംഘത്തിന്റെ പെരുമയും, സ്വാധീനശക്തിയും, അധികാരവലുപ്പവും, വർദ്ധിപ്പിച്ചു അതിനെ, സവ്വരാഷ്ട്രങ്ങളുടെയും മേൽക്കോയ്മാധികാരം ചെലുത്തത്തക്കവണ്ണം ശക്തിയുള്ള ഒരു സംഘടനയാക്കിത്തീക്കണം. വലിയ രാഷ്ട്രങ്ങളും, ചെറിയ രാഷ്ട്രങ്ങളും, അതിന്നകത്ത് ഒരുപോലെയായിരിക്കണം. ലോകരുടെ പൊതുഗുണത്തെ ലക്ഷ്യമാക്കി കാൎയ്യങ്ങൾ തീർച്ചപ്പെടുത്തുവാനും, നീതിന്യായം പരിപാലിക്കുവാനുമുള്ള വാസനയും, ധമ്മബുദ്ധിയും അതിലെ അംഗങ്ങൾക്കുണ്ടായിരിക്കണം. വിദ്യാഭ്യാസാഭിവൃദ്ധി, സംസ്കാരവർദ്ധന, വിദേശങ്ങളിൽ ഇഷ്ടംപോലെ സഞ്ചരിക്കുന്നതിന്നും പാക്കുന്നതിന്നും വേണ്ടുന്ന ഏപ്പാടുകൾ, സാഹിത്യം, കല എന്നിവകളുള്ള അഭിവൃദ്ധി, വഗ്ഗീയമായോ മതപരമായോ ഉണ്ടാവാനിടയുള്ള മത്സരങ്ങളിൽ നിന്നുള്ള മോചനം, എന്നിങ്ങിനെ വ്യക്തികളെ മേലോട്ടുയത്തുന്നതിന്നും മനുഷ്യസമുദായത്തെ ഒന്നായി ഘടിപ്പിക്കുന്നതിന്നും ഉതകുന്നതായ കാൎയ്യങ്ങളിൽ ലോകരുടെ ശ്രദ്ധ വളർന്നു വരണം. സാമ്പത്തികമായ കുഴപ്പങ്ങൾ ഇല്ലാതിരുന്നാൽ കലാപരമായ കാൎയ്യങ്ങളിൽ ശ്രദ്ധിക്കുന്നതിന്നു മനുഷ്യന്നു ധാരാളം അവസരം കിട്ടും.

സംസ്കാരത്തിലും, സുഖജീവിതത്തിലും വലിയ രാജ്യങ്ങളേക്കാൾ മുന്നിട്ടു നിൽക്കുന്ന ചില ചെറിയ രാജ്യങ്ങളുണ്ട്. ഉത്തരയൂറോപ്പിലെ ഡെൻമാക്ക് ഈ തരത്തിൽപ്പെട്ട ഒരു രാജ്യമാണ്. 40 ലക്ഷം ജനങ്ങൾ മാത്രം നിവസിക്കുന്ന ഡെൻമാക്ക് മററു ചില രാജ്യക്കാർ ചെയ്യുന്നതുപോലെ വരവിൽ പാതി യുദ്ധച്ചിലവിന്നായി നീക്കിവെക്കാറില്ല. ആ കാരണത്താൽ പൊതുജനങ്ങളുടെ ക്ഷേമത്തിന്നാവശ്യമായുള്ള ഏപ്പാടുകളും, സ്ഥാപനങ്ങളും, ഉണ്ടാക്കുന്നതിന്നു അവക്കു സാധിക്കുന്നു. വിശാലമായ റോഡുകളും, വിശേഷപ്പെട്ട എടുപ്പുകളും അവിടെ സുലഭമായുണ്ട്. അവിടത്തെ ജനങ്ങളെ കണ്ടാൽതന്നെ അവർ സുഖമായി ജീവിക്കുന്നവരാണെന്നറിയാം. സവ്വകലാശാലാവിദ്യാഭ്യാസത്തിന്നുകൂടി ഒരുത്തരും സ്വന്തം കയ്യിൽനിന്നു പണം ചിലവുചെയ്യേണ്ടതില്ല. ഡെൻമാക്ക്

ഒരു വലിയ കോയ്മയല്ല. എന്നാൽ ജനങ്ങളുടെ സുഖജീവിതത്തേയും, സംസ്കാരവർദ്ധനയേയും മുൻനിർത്തി ഭരണം കൊണ്ടുനടക്കുന്നതിൽ അന്യരാഷ്ട്രങ്ങൾക്കു ഡെൻമാർക്കിൽനിന്നു പല പാഠങ്ങളും പഠിക്കേണ്ടതുണ്ട്.

ശാസ്ത്രപരമായ അഭിവൃദ്ധിയും, യന്ത്രങ്ങളുടെ പെരുക്കവും, ധനത്തിൻെറ വർദ്ധനയും കൊണ്ടുമാത്രം ഒരു പുതിയ ലോകം സൃഷ്ടിക്കുവാൻ സാധിക്കുന്നതല്ല. ഇപ്പോഴത്തെ സാമുദായികസംഘടന നിലനില്ക്കുന്ന കാലത്തോളം മനുഷ്യൻെറ കഷ്ടതകൾ നീക്കുന്നതിന്നു പ്രയാസമായിരിക്കും. ഇന്നത്തെ സാമൂഹ്യവ്യവസ്ഥയാണ് പുരോഗമനത്തെ തടുക്കുന്ന വലിയ ശത്രു. ദീർഘകാലത്തെ പരിചയംകൊണ്ടും, ജനനം മുതല്ക്കുള്ള അനുഭവംകൊണ്ടും, ഇതു ഒഴിച്ചുകൂടാത്ത സ്ഥിതിയായിട്ടാണ് സാധാരണജനങ്ങൾ കരുതിവരുന്നതു്. ചിലൎക്കു സുഖവും സുഭിക്ഷവും, ഭൂരിപക്ഷത്തിന്നു കഷ്ടവും ദാരിദ്ര്യവും. ചിലർ ഉടമസ്ഥന്മാരെന്നു് പറഞ്ഞു അനേകായിരം ഏക്കർ ഭൂമി കൈവശം വെക്കുന്നു. അന്യന്മാരുടെ ഭൂമിയിൽ പണിയെടുത്തു ഭക്ഷണത്തിന്നുകൂടി തികയാതെ കഷ്ടപ്പെടുന്നവർ ലക്ഷക്കണക്കായുണ്ട്. എട്ടും പത്തും മണിക്കൂർവീതം വ്യവസായശാലകളിൽ ദിവസേന ജോലിചെയ്തിട്ടും തങ്ങൾക്കോ, കുടുംബങ്ങൾക്കോ മതിയായ ഭക്ഷണവും ധരിക്കുന്നതിന്നു വസ്ത്രവും പാൎക്കുന്നതിന്നു സ്ഥലവും ഇല്ലാതെ കഴങ്ങുന്നവരെ കോടിക്കണക്കായി എണ്ണാം. ലോകത്തിലെ ധനം മനുഷ്യൻെറ പ്രയത്നത്തിൽനിന്നു ഉണ്ടാവുന്നതാണ്. ഭൂമിയിൽ ജനിച്ചിട്ടുള്ള ഏതു മനുഷ്യനും അതിലെ ധനത്തിൻെറ അവകാശിയാണ്. രോഗവും ദാരിദ്ര്യവും അജ്ഞാനവും, ഇന്നു മനുഷ്യസമുദായത്തെ കഷ്ടപ്പെടുത്തുന്നുണ്ടെങ്കിൽ അതിന്നുള്ള പ്രധാന കാരണം ഇന്നത്തെ സാമുദായികസംഘടനയാണ്. മനുഷ്യർ വളരുന്നതനുസരിച്ച് സാമുദായികസംഘടനയും മാറിവരണം. ഒരു നൂററാണ്ടിന്നു മുമ്പുണ്ടായിരുന്ന സാമുദായികസംഘടന ഇന്നത്തെ നിലക്കു പററുകയില്ല അതു മാററുകതന്നെ വേണം. അതിൻെറ സ്ഥാനത്തു പരിഷ്കൃത

മനുഷ്യനു പൂർണ്ണവളർച്ച എത്തുന്നതിന്നു അനുകൂലിക്കുന്നതായ ഒരു സാമുദായിക സംഘടന രൂപവൽക്കരിക്കണം. ഈ വിപ്ലവകരമായ മാററം സമാധാനപരമായ മാർഗ്ഗത്തിൽക്കൂടി വരുത്തുകയും വേണം. നമ്മുടെ ഉദ്ദേശത്തിനുമാത്രം ശുദ്ധിയുണ്ടായിരുന്നാൽ പോര, ആ ഉദ്ദേശത്തെ നിറവേററുന്ന മാർഗ്ഗത്തിന്നും ശുദ്ധിയുണ്ടായിരിക്കണം. അനീതിയും, അസമത്വവും, അക്രമവും, അജ്ഞാനവും, നീക്കി നമുക്ക്, ഉയൎന്ന നിലയിൽ ജീവിക്കാനുള്ള ഒരു സാമുദായികസംഘടനയെ സൃഷ്ടിക്കണം. മനുഷ്യൻെറ വളർച്ചയെ തടസ്സപ്പെടുത്തുന്ന ഏതു സ്ഥാപനത്തേയും നിർദാക്ഷിണ്യം നീക്കം ചെയ്യണം. തമ്മിൽ കലഹിക്കുന്ന പലവർഗ്ഗങ്ങളായി ജീവിക്കുവാനല്ല മനുഷ്യർ ജനിച്ചിരിക്കുന്നതു്. പൊതുഗുണത്തിനായി ഏകോപിച്ചു പ്രവൎത്തിക്കുവാൻ വാസനയുള്ള പൌരന്മാരായിത്തീരുവാനാണ്. സ്വദേശസ്നേഹത്തിൻെറ പേരും പറഞ്ഞു എന്തു അതിക്രമവും ക്രൂരതയും പ്രവൎത്തിക്കുവാനുള്ള അധികാരം നമുക്കില്ല. മനുഷ്യത്വം മറെറല്ലാററിനേക്കാൾ മഹത്തായ ഗുണമാണ്. അതിനെ ക്ഷയിപ്പിക്കുന്നതോ നശിപ്പിക്കുന്നതോ ആയ ഒരു പ്രവൃത്തിക്കും പരിഷ്കൃതജീവി എന്നഭിമാനിക്കുന്ന മനുഷ്യൻ ഒരുങ്ങിക്കൂടാ. ദീർഘകാലത്തെ അദ്ധ്വാനത്തിൻേറയും പരീക്ഷകളുടേയും ഫലമായി ഉണ്ടായിത്തീൎന്നിട്ടുള്ള നൂതനയന്ത്രങ്ങൾ സകല മനുഷ്യരുടേയും സുഖത്തിന്നും സൌകൎയ്യത്തിന്നും ഉപയോഗപ്പെടുത്തുവാൻ തരം വരുത്തണം. അങ്ങിനെയുള്ള ഒരു പുതിയ ലോകത്തെ സൃഷ്ടിക്കുവാനാണ് നാം ശ്രമിക്കേണ്ടതു്. "എന്തുതന്നെയായാലും എൻെറ രാജ്യത്തിന്നുവേണ്ടി പൊരുതും" എന്ന നിലവിട്ടു "എന്തുതന്നെയായാലും മനുഷ്യസമുദായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കും" എന്ന നില അംഗീകരിക്കുവാനുള്ള കാലം വന്നിരിക്കുന്നു. ആ സ്ഥിതി വരുത്തിത്തീൎക്കുന്നതിന്നു ഒരു പുതിയ വിദ്യാഭ്യാസരീതിയും ആവശ്യമാണ്.

ഓരോ വ്യക്തിക്കും പരിപൂർണ്ണമായ വളർച്ച എത്തുന്നതിനുള്ള സൌകൎയ്യം ഉണ്ടാക്കുകയാണ് ഏതു ഭരണഘടനയുടേയും

ഉദ്ദേശം. രാഷ്ട്രങ്ങൾക്കുവേണ്ടിയല്ല മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യനുവേണ്ടിയാണ് രാഷ്ട്രങ്ങളെ ഏപ്പെടുത്തിയിരിക്കുന്നത്. നീതിയും, ന്യായവും, രക്ഷയും, സമാധാനവും പുലത്തുന്നതിനുള്ള ഒരു സാമുദായിക സംഘടന ഇല്ലാതെ ഒരു വ്യക്തിക്കും പരിഷ്കൃതജീവിതം സാദ്ധ്യമല്ല.

ശരീരത്തിന്നു ആവശ്യമായ കാര്യങ്ങളെ സാധിച്ചതുകൊണ്ടു മാത്രം ഒരു മനുഷ്യന് തൃപ്തിയുണ്ടാകുവാൻ തരമില്ല. മാനസികമായും, ആദ്ധ്യാത്മികമായുമുള്ള ആവശ്യങ്ങൾ സാധിച്ചെങ്കിൽ മാത്രമേ മനുഷ്യൻ കൃതാൎത്ഥനാകയുള്ളു. ഗുണവും, ദോഷവും, നന്മയും തിന്മയും, വേർതിരിച്ച്, വേണ്ടുന്നതു സ്വീകരിക്കുന്നതിനുള്ള വിവേകവും, ശക്തിയും മനുഷ്യനുണ്ട്. ഈ ധാൎമ്മികബോധം താണജന്തുക്കൾക്കില്ല. മനുഷ്യൻെറ മാഹാത്മ്യം അതാണ്. ആ ധാൎമ്മികബോധത്തെ പുലത്തുവാനും വളത്തുവാനും സഹായിക്കുന്ന അന്തരീക്ഷമാണ് ജനനായകത്വത്തിന്നു വിധേയമായ ഭരണരീതികൊണ്ട് ഉണ്ടായിതീരേണ്ടതു്.

പരിതസ്ഥിതികൾ മാറിയതുകൊണ്ടുമാത്രം മനുഷ്യൻ മാറി എന്നു വരില്ല. അനുകൂലമായ പരിതസ്ഥിതികൾ മനുഷ്യൻെറ വളർച്ചക്കു അത്യാവശ്യമാണ്. എന്നാൽ മനുഷ്യൻെറ മാഹാത്മ്യം മനസ്സിൻെറ മാഹാത്മ്യമാണ്. വലുതും, ചെറുതും, സ്ഥിരവും അസ്ഥിരവും, ഉയന്നതും, താണതും ഏതെന്നു തിർച്ചപ്പെടുത്തുന്നതു് ഒരുത്തൻെറ മനോമാഹാത്മ്യത്തിന്നനുസരിച്ചിരിക്കും. മരണാന്ത്യംവരെ മനുഷ്യൻെറ വളർച്ചക്കു അവസാനമില്ല. ചിന്തയിലും, പഠനത്തിലും, പരോപകാരപ്രവൃത്തികളിലും കാലം കഴിക്കുന്ന ഒരു മനുഷ്യൻെറ മനസ്സിനുണ്ടാകുന്ന ശക്തിയും, ശാന്തതയും, സൌന്ദൎയ്യവും ക്ഷണത്തിൽ കണ്ടറിയാവുന്നതാണ്. നമ്മുടെ ഓരോരുത്തരുടേയും ജീവിതംകൊണ്ടു് ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ പൊതുസൌഖ്യത്തെ സമ്പാദിക്കു

ങ്കിലും വർദ്ധിപ്പിക്കുന്നതിന്നു സാധിക്കും. താൻ നിസ്സാരനാണെന്ന് ഒരുത്തനും കരുതേണ്ടതില്ല. കോടിക്കണക്കായി മനുഷ്യർ നിവസിക്കുന്ന ഈ ലോകത്തിൽ നമുക്കു ഓരോരുത്തൎക്കും ഓരൊ സ്ഥാനമുണ്ട്. സ്ഥാനത്തിന്റെ വലുപ്പംകൊണ്ടല്ല ഒരുത്തന്റെ വില തീർച്ചപ്പെടുത്തുന്നത്. ആ സ്ഥാനത്തെ ഉപയോഗപ്പെടുത്തുന്ന രീതിയാണ് ആയാളുടെ മതിപ്പ് നിജപ്പെടുത്തുന്നത്.

തങ്ങളുടെ രാജ്യത്തിലെ ഭരണയന്ത്രത്തെപ്പററിയുള്ള സാമാന്യജ്ഞാനമെങ്കിലും ഭാവിയിലെ പൌരന്മാൎക്ക് ഉണ്ടായിരിക്കണം. പൌരാധിപത്യം പ്രായോഗികമായിത്തീരണമെങ്കിൽ അതിനെ ശാസ്ത്രപ്രകാരം ഉപയോഗപ്പെടുത്തണം. ആളുകളുടെ സംഖ്യയല്ല ഭൂരിപക്ഷാഭിപ്രായത്തിന്നു ബലം കൊടുക്കുന്നത്. കാര്യാകാര്യഗുണദോഷവിവേചനം ചെയ്യുവാനും, പൊതുഗുണത്തെ ലക്ഷ്യമാക്കി പ്രവൎത്തിക്കുവാനും ഉള്ള ത്രാണിയാണ് അവരുടെ അഭിപ്രായത്തിന്നു വിലയും ഘനവും കൊടുക്കുന്നത്.

പുതുയുഗത്തിലെ നേതൃത്വത്തിന്നും ഗംഭീരമായ മാററങ്ങൾ ആവശ്യമാണ്. ജനങ്ങളുടെ നേതൃത്വം വഹിക്കുന്ന ഒരാൾ ശാസ്ത്രജ്ഞനും, കലാകാരനും, തത്വജ്ഞാനിയും ആയിരിക്കണം. സാമുദായികജീവിയായ മനുഷ്യന്റെ ആവശ്യങ്ങളും, ആഗ്രഹങ്ങളും ആരാഞ്ഞറിയുന്നതിന്നും, അവരുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭിപ്രായഗതിയെ സൂക്ഷിക്കുന്നതിന്നും അവൎക്കു നേരിടുവാനിടയുള്ള ആപത്തിനെ മുൻകൂട്ടി കണ്ടു അതിന്നുള്ള നിവാരണമാർഗ്ഗങ്ങളെ ചിന്തിക്കുന്നതിന്നും, അദ്ദേഹം ബദ്ധശ്രദ്ധനായിരിക്കണം. തന്റെ അപാരജ്ഞാനവും, ആദർശതല്പരതയും, നിസ്വാൎത്ഥമനോഭാവവും, അചഞ്ചലവിശ്വാസവും, രാഷ്ട്രത്തിന്റെ രക്ഷയ്ക്കും, ഉയർച്ചയ്ക്കും ആയി നിരന്തരം ഉപയോഗപ്പെടുത്തണം. മനുഷ്യസ്വഭാവത്തെപ്പററിയുള്ള പരിപൂൎണ്ണജ്ഞാനം ഒരു രാജ്യ

തന്ത്രജ്ഞന്നു് എത്രയും ആവശ്യമാണു്. ഇന്നത്തെ പരിതസ്ഥിതികളെ കണ്ടറിഞ്ഞു അവയിൽനിന്നു നാളത്തെ സ്ഥിതി ഇന്നവിധത്തിലായിരിക്കുമെന്നു് അനുമാനിക്കുവാനുള്ള ശക്തി അദ്ദേഹത്തിന്നുണ്ടായിരിക്കണം. ജനങ്ങളുടെ നേതൃത്വം വഹിക്കുന്ന ഒരു രാജ്യതന്ത്രജ്ഞൻ സ്വപ്നലോകത്തിൽ അല്ല ജീവിക്കുന്നതു്. തൻെറ കക്ഷിക്കകത്തും, രാജ്യത്തിന്നുള്ളിലും, ലോകത്തിൽ ഒട്ടാകെയും, നടക്കുന്ന സംഭവങ്ങളും, സ്ഥിതിഗതികളും, ഒരു ശാസ്ത്രജ്ഞൻെറ വിദഗ്ദ്ധതയോടുകൂടി അദ്ദേഹം അവലോകനം ചെയ്യുന്നു. മററുള്ളവക്കു സാരമില്ലെന്നു തോന്നുന്ന സംഭവങ്ങൾ അദ്ദേഹത്തിന്നു സർവപ്രധാനമായിതോന്നും. മററുള്ളവരോടു ആചരിക്കുന്നതിലും പെരുമാറുന്നതിലും സ്തുത്യർഹമായ നയവും ആത്മാത്ഥമായ സ്നേഹഭാവവും, അദ്ദേഹം ഒരിക്കലും കൈവിടുകയില്ല. ജനപ്രീതി അസ്ഥിരമാണെന്നു അദ്ദേഹത്തിന്നറിയാം. അതിന്നായി ആത്മാത്ഥതയില്ലാത്ത അവസരസേവകൻെറ ഹീനപ്രവൃത്തിക്കു് അദ്ദേഹം ഒരുങ്ങുകയില്ല. അഭിപ്രായ സ്ഥിരത, ധൈര്യം, അനുകമ്പ, നയം, ദീർഘദൃഷ്ടി, സേവന തല്പരത, ജ്ഞാനം, ഈവക ഗുണങ്ങളുടെ ഇരിപ്പിടമായിരിക്കണം നേതൃത്വം വഹിക്കുന്ന ഒരാളുടെ മനസ്സു്. അദ്ധ്വാനശീലം, സത്യനിഷ്ഠ, ക്ഷമ, ത്യാഗസന്നദ്ധത, എന്നീ ഗുണങ്ങൾ ഇല്ലാത്ത ഒരാൾ ഭരണയന്ത്രത്തെ നിയന്ത്രിക്കുവാൻ ആരംഭിക്കുന്നതു സാഹസമായിരിക്കും. എതിർകക്ഷിക്കാർ എപ്പോഴും അദ്ദേഹത്തെ ആക്ഷേപിക്കുവാനും, ദൂഷിക്കുവാനും, അധികാരത്തിൽനിന്നു് നീക്കം ചെയ്യുവാനും അവസരം കാത്തിരിക്കും. ന്യായംകൊണ്ടും, നയംകൊണ്ടും എതിരാളിയെ തൃപ്തിപ്പെടുത്തുവാനും, വശീകരിക്കുവാനും തുനിയുന്നതല്ലാതെ സത്യലംഘനംകൊണ്ടൊ ചതിപ്രയോഗംകൊണ്ടൊ ജയംനേടുവാൻ ജനനായകത്വത്തിൽ വിശ്വസിക്കുന്ന ഒരു രാജ്യതന്ത്രജ്ഞൻ ഒരിക്കലും ഒരുങ്ങുകയില്ല. തെററിദ്ധാരണകൊണ്ടും, വിശ്വാസക്കുറവുകൊണ്ടും മററുള്ളവരുടെ അപ്രീതി സമ്പാദിക്കേണ്ടതായി വന്നേക്കാം. അധികാരവലിപ്പത്തിന്നുവേണ്ടി മനസ്സാക്ഷിയെ വഞ്ചിക്കുവാൻ ഒരു

ങ്ങാത്ത ഒരാൾക്ക, തൻെറ കക്ഷിയിൽനിന്നു്, പൊതുജീവിതത്തിൽനിന്നും വിട്ടു തനിയെ ഇരിക്കേണ്ടതായിവരും. വിവേകിയായ രാജ്യതന്ത്രജ്ഞൻ അതുകൊണ്ടു് കണ്ഠിതമോ, വൈരമോ ഇച്ഛാഭംഗമോ ഉണ്ടാകുവാൻ തരമില്ല. ഈവക അനുഭവങ്ങൾ തൻെറ നാട്ടിനുവേണ്ടി താൻ ചെയ്യേണ്ടതായ ത്യാഗത്തിൻെറ ഒരു ഭാഗമായി അദ്ദേഹം കരുതുന്നു. ചിന്താശീലവും ഗുണദോഷവിവേചനശക്തിയും, ചരിത്രജ്ഞാനവും, നേതൃത്വം വഹിക്കുന്ന ആൾക്ക ആവശ്യമാണെങ്കിലും അതുകൊണ്ടുമാത്രം മതിയാകുന്നതല്ല. സ്വാഭിപ്രായത്തിന്നനുസരിച്ചു് പ്രവൎത്തിക്കുവാനുള്ള ഉറപ്പും, ധൈൎയ്യവും വേണം. ജനപ്രീതിയെമാത്രം ലക്ഷ്യമാക്കി പ്രവൎത്തിക്കു് പുറപ്പെടുന്ന ഒരു നേതാവിൻെറ നേട്ടം ഒരിക്കലും വളരെ തൃപ്തികരമായിരിക്കുവാൻ തരമില്ല.

രാജ്യത്തേക്കാൾ വലിയതാണു് ലോകമെന്നു നാം എപ്പോഴും ഓൎമ്മിക്കണം. എന്നിരിക്കിലും താൻ ജനിച്ച രാജ്യത്തോടും, അതിലെ ജനങ്ങളോടും, ഒരു മനുഷ്യന്നു മഹത്തായ ചില ബാദ്ധ്യതകൾ ഉണ്ടു്. രാഷ്ട്രീയമായും, സാമ്പത്തികമായും ദിനംപ്രതി സ്വദേശത്തെ മുന്നോട്ടു കൊണ്ടുവരുവാൻ പ്രയത്നം ചെയ്യേണ്ടുന്ന കടമ നമുക്കുണ്ടു്. രാജ്യത്തെ സംബന്ധിക്കുന്ന കാൎയ്യങ്ങൾ സ്വന്തം കാൎയ്യങ്ങളെപ്പോലെ കരുതി സ്വരാജ്യത്തിൻെറ ഔന്നത്യത്തിന്നും അഭിവൃദ്ധിക്കും പ്രവൎത്തിക്കേണ്ടതു് ഒരു പൌരൻെറ ധൎമ്മമാണു്. പരലോകത്തുണ്ടെന്നുപറയുന്ന സ്വൎഗ്ഗത്തെപ്പററി വിശ്വാസയോഗ്യമായ അറിവു നമുക്കില്ല. എന്നാൽ ഈ ലോകത്തെ സ്വർഗ്ഗസമാനമാക്കിത്തീൎക്കുവാൻ നിരന്തരം പ്രയത്നം ചെയ്യുന്നതിന്നു നമുക്കു ഓരോരുത്തൎക്കും സാധിക്കുന്നതാണു്.

പൌരധൎമ്മാനുഷ്ഠാനത്തെസ്സംബന്ധിച്ചു് ഒരു തത്വചിന്തകൻ ചെയ്തിരുന്ന ചില ഉപദേശങ്ങൾ എനിക്കു എത്രയും ആകർഷകമായി തോന്നിയിരുന്നു. അതു വായനക്കാൎക്കും അനുകരണീയ

മായി തോന്നുമെന്നുള്ള വിശ്വാസത്തോടു കൂടിയാണ് അതിൻെറ ഒരു ഏകദേശവിവർത്തനം ഇവിടെ ചേർക്കുന്നതു്.

"എൻെറ രാജ്യത്തിൻെറ ചരിത്രത്തേയും, പരിഷ്കാരത്തേയും ആദർശങ്ങളേയും സ്ഥാപനങ്ങളേയും, പററി പരിപൂർണ്ണജ്ഞാനം സമ്പാദിക്കുന്നതിന്നു ഞാൻ ശ്രമിക്കും.

സ്ഥിതിഭേദവും, മതഭേദവും, ആലോചിക്കാതെ സകല ജനങ്ങളോടും സമഭാവനയോടുകൂടി ആചരിക്കുന്നതിന്നു ഞാൻ പരിശീലിക്കുന്നതാണ്.

മററുള്ളവരെ സഹായിക്കുവാനും, സന്തോഷപ്പെടുത്തുവാനുമുള്ള അവസരത്തെ ഞാൻ ഒരിക്കലും പാഴാക്കുകയില്ല.

അനീതിയും, അക്രമവും, അജ്ഞാനവും, എവിടെ കണ്ടാലും എന്തു ചെയ്തിട്ടും, അവയെ നിർമൂലം നശിപ്പിക്കുന്നതിന്നു ഞാൻ പ്രയത്നിക്കും.

അച്ചടക്കവും, നിയമവിധേയമായ നടപടിയും, സമുദായത്തിൻെറ രക്ഷക്കും, വളർച്ചക്കും അത്യാവശ്യമാകകൊണ്ട് അതിന്നുള്ള വാസന എൻെറ നാട്ടുകാരിൽ അധികരിപ്പിക്കുവാൻ ഞാൻ ഉത്സാഹിക്കുന്നതാണ്.

കുടുംബജീവിതത്തിലും, പൊതുജീവിതത്തിലും, തൊഴിൽസംബന്ധമായ പ്രവൃത്തികളിലും, യാതൊരു കളങ്കവും, വീഴ്ചയും കൂടാതെ ആത്മാർത്ഥതയോടുകൂടി എൻെറ ബാദ്ധ്യതകൾ നിറവേററുന്നതിന്നു ഞാൻ പരിശ്രമിക്കും.

സ്വലാഭത്തിന്നുവേണ്ടി മററുള്ളവരെ കെടുക്കുന്നതിന്നു ഞാൻ ഒരിക്കലും ഒരുങ്ങുകയില്ല.

സൽകിൎത്തി പണത്തേക്കാളും, പദവിയെക്കാളും, വലിയതായിക്കരുതി, എന്റെ കുടുംബത്തിന്നൊ, സമുദായത്തിന്നൊ, രാജ്യത്തിന്നൊ അപമാനം വരുത്തുന്നതായ യാതൊരു പ്രവൃത്തിക്കും ഞാൻ ഒരുങ്ങുകയില്ല.

മററുള്ളവരുടെ അഭിപ്രായത്തെ ശ്രദ്ധിക്കുവാനും, ബഹുമാനിക്കുവാനും ഞാൻ സദാ സന്നദ്ധനായിരിക്കുമെങ്കിലും, ഏതൊരു കാൎയ്യത്തിലും, അവസാനം പ്രവൃത്തിമാൎഗ്ഗത്തെ തീൎച്ചപ്പെടുത്തുന്നതു് എന്റെ മനസ്സാക്ഷിയുടെ ഉപദേശത്തിന്നനുസരിച്ചിരിക്കും.

ആരുടെ മുമ്പിലും തല കുനിക്കാതെ, നിൎഭയനായി നിന്നു്, സ്വാഭിപ്രായത്തെ തുറന്നു പറയുന്നതിന്നുള്ള ധൈൎയ്യം നിരന്തരപരിശ്രമംകൊണ്ടു് ഞാൻ സമ്പാദിക്കും.

ജീവിതത്തെ ഒരു മഹത്തായ ബാദ്ധ്യതയായിക്കരുതി എത്രയും ഉയൎന്ന നിലയിൽ അതിനെ നയിക്കുവാനുള്ള പരിശ്രമത്തിൽനിന്നു ഒരിക്കലും പിൻമാറുന്നതല്ലെന്നു് ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു."

ഇതിൽ ചിലതു കൂട്ടുവാനൊ കുറക്കുവാനൊ ഓരോരുത്തൎക്കും തോന്നുമായിരിക്കാം. എന്നാൽ അനുകരണീയമായ പലതും അതിൽ അടങ്ങിയിട്ടുണ്ടെന്നു ആരും സമ്മതിക്കുന്നതാണ്.

ആകാശമണ്ഡലത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന കോടാനുകോടി നക്ഷത്രങ്ങളുടെ അനന്തമാഹാത്മ്യത്തെപ്പററി ചിന്തിക്കുമ്പോൾ നിസ്സാരമായ മനുഷ്യന്റെ പരിമിതസ്ഥിതിയോൎത്തു നിരാശ തോന്നിയേക്കാം. നക്ഷത്രങ്ങളിൽ മിക്കതും ഭൂമിയേക്കാൾ ലക്ഷോപലക്ഷം ഇരട്ടി വലുപ്പം ഉള്ളവയാണത്രെ. വലുപ്പം അത്രയാണെങ്കിൽ അവയുടെ എണ്ണവും അങ്ങിനെതന്നെ. സമുദ്രക്കരയിലെ മണൽത്തരി എണ്ണിത്തീൎക്കാമെങ്കിൽക്കൂടി ആകാശ

ത്തിലെ നക്ഷത്രങ്ങളെ എണ്ണിത്തീൎക്കുവാൻ സാധിക്കുകയില്ല. ആ മഹാസൃഷ്ടിയെ ആശ്രയിച്ചുനോക്കുമ്പോൾ നാം നിവസിക്കുന്ന ഭൂമി ഒരു അണുമാത്രമാണ്. അതിൽ എത്രയോ ചുരുങ്ങിയ സ്ഥലത്തു മാത്രമേ മനുഷ്യൻ നിവസിക്കുന്നുള്ളു. ഭൂമിയിൽ മനുഷ്യനെ കണ്ടുതുടങ്ങിയിട്ടു മൂന്നുലക്ഷം സംവത്സരത്തിലധികം ആയിരിക്കുന്നുവെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. ഈ ദീൎഘകാലത്തിന്നുള്ളിൽ എന്തെല്ലാം മാററങ്ങൾ ഭൂമിയിൽ ഉണ്ടായിരിക്കുന്നു! മല സമുദ്രമായി. സമുദ്രം മരുഭൂമിയായി. കാട്ട് തടാകമായി. തടാകം പട്ടണമായി. എത്ര നാഗരീകത്വങ്ങൾ ഉത്ഭവിച്ചു, വളൎന്നു ക്ഷയിച്ചു! എത്ര സാമ്രാജ്യങ്ങൾ ഉണ്ടാകുകയും, ഉടയുകയും ചെയ്തു. എത്ര യുദ്ധങ്ങൾ ഉണ്ടായി. എത്ര മതങ്ങൾ ഉത്ഭവിച്ചു. എത്ര ആളുകൾ ജനിക്കുകയും, ജീവിക്കുകയും മരിക്കുകയും ചെയ്തു. കണ്ണുകൊണ്ടു നക്ഷത്രങ്ങളെ എണ്ണിത്തീൎക്കുവാൻ സാധിക്കാത്തതുപോലെ ബുദ്ധികൊണ്ടു പ്രപഞ്ചത്തിൻെറ കാരണങ്ങളേയും കണ്ടുപിടിക്കുവാൻ വിഷമമായിരിക്കും. മതാചാര്യന്മാർ മനുഷ്യൻെറ സ്ഥിതിയെപ്പററി ഓരോന്നു ഘോഷിക്കുന്നു. തത്വജ്ഞാനികൾ പ്രപഞ്ചത്തെ പലപ്രകാരത്തിൽ വ്യാഖ്യാനിക്കുന്നു. ദൂരെ കാണുന്ന നക്ഷത്രങ്ങളിലും, ഇക്കാണുന്ന മനുഷ്യരിലും, മഹാപൎവ്വതത്തിലും, മണൽത്തരിയിലും ഒരുപോലെവ്യാപിച്ചിട്ടുള്ള മഹാശക്തിയുടെ അംശമായ മനുഷ്യന്നു നിരാശക്കു കാരണമെവിടെ? അഭിമാനത്തിന്നല്ലെ അവകാശം? സൂൎയ്യന്നു ചുററും അതിവേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്ന ഭൂമണ്ഡലത്തിലെ സഹയാത്രക്കാരല്ലെ നാമെല്ലാവരും? നാം തമ്മിൽ കലഹിക്കുന്നതിൽ വല്ല അൎത്ഥവുമുണ്ടോ? സൎവ്വപ്രധാനമായ കാൎയ്യങ്ങളിൽ മനസ്സുകൊണ്ടു വിശ്വസിക്കുവാനല്ലേ നമുക്കു തരമുള്ളു? അറിവിന്നു അതിൎത്തിയുണ്ടായേക്കാം. വിശ്വാസത്തിന്നു അതില്ല. മനുഷ്യഹൃദയം മഹത്തായ സൃഷ്ടിയാണു. അതിൻെറ വിശാലതയാണ് മനുഷ്യനെ ഉയൎത്തുന്നതു. അതിൻെറ പരിശുദ്ധതയാണ് സൌഖ്യത്തിൻെറ ആസ്പദം.



# കുട്ടികളുടെ ലോകം

## പണമരം

തേക്കുമരം, കൊന്നമരം, പുന്നമരം എന്നൊക്കെ നിങ്ങൾ കേട്ടിട്ടുണ്ട്. കുഴമരം എന്നും കേട്ടിരിക്കും. പക്ഷെ പണമരം എന്നു കേട്ടിരിക്കയില്ല. തീർച്ച തന്നെ.

എന്താണ് ഈ പണമരം ?

ഈ കഥ വായിക്കൂ.

ഞാൻ കുട്ടിയായിരുന്ന കാലത്താണ്. ഒരു രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു. അതിനു മുമ്പും പിമ്പും സ്വപ്നം കണ്ടിട്ടുണ്ട്. ആയിരത്തിൽ കൂടുതൽ സ്വപ്നങ്ങൾ കണ്ടിരിക്കും. പക്ഷെ ഈ സ്വപ്നം ഇന്നും ഓർമ്മയുണ്ട്. അതു ഇന്നലെ കണ്ട പോലെ തോന്നുന്നു. ഒരു ഗന്ധർവ്വൻ വന്നു. തലയിൽ കിരീടമുണ്ട്. മുഖം നല്ല ശോഭയുണ്ട്. മഞ്ഞ പട്ട് ഉടുത്തിട്ടുണ്ട്. ആകപ്പാടെ നല്ല ചന്തമുള്ള ഒരു ഗന്ധർവ്വൻ. അദ്ദേഹം എന്നോടു പറഞ്ഞു : "നീ ഒരു നല്ല കുട്ടിയാണ്. അതുകൊണ്ടു ഞാൻ ഒരു കാര്യം പറഞ്ഞുതരാം. നാളെ രാവിലെ നീ തുളസിമാടത്തിൽ ചെന്നു നോക്കണം. അവിടെ ഒരു കുരു കാണും. അതെടുത്തു

---

വ്യക്തികളുടെ നിലയിൽ, സർവ്വതോമുഖമായ സംസ്കാരശുദ്ധി സമ്പാദിക്കുകയാണല്ലോ നമ്മുടെ ജീവിതലക്ഷ്യം. എന്നാൽ അതിന്നായി നാം കാണുന്ന വെളിച്ചത്തിൽക്കൂടി, പുരോഗമനമാർഗ്ഗത്തെ തേടി, ധൈര്യത്തോടും, വിശ്വാസത്തോടും, ഉത്സാഹത്തോടും നമുക്കു മുന്നോട്ടുപോവുക.

നടണം. അതുകൊണ്ടു നിനക്കു നല്ലതു വരും!" ഞാൻ വിചാരിച്ചു: എന്താണീ കുരു? ഇതിന് എന്താണ് ഇത്ര വിശേഷം? കുരുപോലും, കുരു! പക്ഷേ ഗന്ധർവ്വനല്ലേ പറയുന്നതു്. എന്തെങ്കിലും വിശേഷം കാണും. നമുക്കറിയാത്ത കാര്യം പലതും ഗന്ധർവ്വന്നു് അറിയാം. സ്വർഗ്ഗലോകത്തല്ലേ താമസം. അപ്പോഴേക്കും ഗന്ധർവ്വൻ രഹസ്യം പറഞ്ഞുതന്നു. അതിശയകരമായ ഒരു രഹസ്യം. പിന്നെ അദ്ദേഹം നിന്നില്ല. മറഞ്ഞുകളഞ്ഞു.

ഞാൻ ഉണർന്നതേയുള്ളു. ഒരൊററ ഓട്ടം തുളസീമാടത്തിലേക്കു്. ശരിതന്നെ. അവിടെ ഒരു കുരു കിടക്കുന്നു. ഇങ്ങനെ ഒരു കുരു ഞാൻ കണ്ടിട്ടില്ല, ഈ ലോകത്തുള്ളതല്ല. അതു തീർച്ചയാണു്. ഇത്ര നിറപ്പകിട്ടുള്ള കുരു ആരും ഒരിടത്തും കണ്ടിട്ടില്ല. ഒരു നിറവും മററുമാണെങ്കിലും പോട്ടെ. ഇതങ്ങനെ ഒന്നും അല്ല. ഏഴു നിറങ്ങൾ അങ്ങനെ കൂടിക്കലർന്നു കിടക്കുന്നു. മഴവില്ലിൻെറ ഒരു ചെറിയ കഷണം അടന്നുവീണപോലെ തോന്നി. ഞാൻ അതു കൈയിലെടുത്തു നോക്കി. താഴെ വെക്കാൻ തോന്നിയില്ല. എന്തൊരു ഭംഗിയാണ്! അതു നടണം. മിററത്തെങ്ങാനും നട്ടാൽ വല്ലവരും മോഷ്ടിച്ചു കൊണ്ടുപോകും. ഇല വരുമ്പോൾ ആടു് കടിച്ചുകളയും. ഒരു നല്ല സ്ഥലം കണ്ടുപിടിക്കേണ്ടിവന്നു. നാലുകെട്ടുള്ള വീടാണു്. ഇപ്പോഴത്തെ പുത്തൻ വീടുകൾക്കു നാലു കെട്ടില്ല. പണ്ടത്തെ വീടുകൾക്കു അതുണ്ടായിരുന്നു. നാലു കെട്ടു മാത്രമല്ല, എട്ടു കെട്ടും മററുമുണ്ടായിരുന്നു. അതൊക്കെ പഴയ മലയാളമട്ടുകളാണു്. നാലുകെട്ടിൽ അങ്കണമുണ്ടു്. അവിടെതന്നെ കുരു നട്ടുകളയാം. അന്യർക്കു വരാൻ സാധിക്കയില്ല. മഴയും വെയിലും കിട്ടുകയും ചെയ്യും. ശരി. ഞാൻ അവിടെത്തന്നെ കുരു നട്ടു. ഇനിയുണ്ടാകാൻപോകുന്ന ആശ്ചര്യങ്ങളെപ്പററി ആലോചിച്ചു. ഗന്ധർവ്വൻ പറഞ്ഞതെല്ലാം ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഞാൻ രോമാഞ്ചമണിഞ്ഞുപോയി. ഭാഗ്യവാനുണ്ടെങ്കിൽ അതു ഞാനാണു് എന്നു ഞാനെത്താൻ വിചാരിച്ചു.

കാപ്പി കുടി കഴിഞ്ഞതേയുള്ളു. അപ്പോഴേക്കും എവിടുന്നോ ഒരു കുട്ടിപ്പട്ടി കേറി വന്നു. അതു മെലിഞ്ഞു ചാകാറായിരുന്നു. എന്നാലും അതിന് എന്തോ ഒരു ശക്തിയുണ്ടെന്നു എനിക്കു തോന്നി. എന്താണെന്നറിഞ്ഞുകൂടാ. മററു പട്ടികൾക്കില്ലാത്ത ഒരു ശക്തി. ആട്ടെ. ഇവനെ എൻെറകൂടെ താമസിപ്പിച്ചു കളയാം. കുരു പൊടിച്ചാൽ ഇവനെ കാവലിട്ടുകളയാം. എന്തെന്നാൽ കാവലിടേണ്ടിവരും. അത്ര വിശേഷങ്ങളാണ് മരത്തിന്. പട്ടിയെ ഗന്ധർവ്വൻ തന്നതാണ്. അങ്ങനെ ഞാൻ വിചാരിച്ചു. അവനു പേരിടണം. ആദ്യമായി തോന്നിയ പേര് പാണ്ടൻ നായ് എന്നാണ്. ആ പേര് പണ്ടേ ഞാൻ കേട്ടിട്ടുണ്ട്. കുഞ്ചൻ നമ്പ്യാരുടെ തുഞ്ചൽ വായിച്ചപ്പോഴാണ്. അദ്ദേഹം ഒരു പാണ്ടൻ നായെപ്പററി പറഞ്ഞിട്ടുള്ളതു് നിങ്ങൾ വായിച്ചിരിക്കും.

പാണ്ടൻ നായുടെ പല്ലിനു ശൌര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല
പണ്ടിവനൊരു കടിയാലൊരു പുലിയെ
കണ്ടിച്ചതുഞാൻ കണ്ടറിയുന്നേൻ

അദ്ദേഹം ഇതെഴുതുമ്പോൾ അവൻ കിഴവനായിപ്പോയിരുന്നു. പണ്ടോ, അവൻെറ ചെറുപ്പകാലത്ത് ? മിടു മിടുക്കനായിരുന്നു. പണ്ട് അവൻ പുലിയെ കടിച്ചവനാണ്. ആടിനേയോ പശുവിനേയോ അല്ല, തടിയൻ പുലിയെ. നാലും അഞ്ചും കടി കടിച്ചോ ? അതുമില്ല. ഒരേ ഒരു കടി മാത്രമേ കടിച്ചുള്ളു. എന്നിട്ടെന്തു പററി ? പുലി രണ്ടു കഷണമായിപ്പോയി. അതു വല്ലവരും പറഞ്ഞു കേട്ടതാണൊ ? അല്ലേ അല്ല. അദ്ദേഹം കണ്ണുകൊണ്ടു കണ്ടിട്ടുണ്ട്. ഇത്രയും പോരെ അവൻെറ മിടുക്കറിയാൻ ? എൻെറ പാണ്ടൻ നായ് അത്ര മിടുക്കൻ അല്ലായിരിക്കാം. അവൻ പുലിയെ കടിച്ചില്ല. ഞങ്ങളുടെ വീട്ടിൻെറ അടുത്തെങ്ങും പുലി ഇല്ല. കുറേ ദൂരെ കാപ്പി ബംഗ്ലാവിലുണ്ട്.

അവിടെ ചെന്നാലും കടിക്കാൻ സാധിക്കയില്ല. നായ്ക്കും പുലിയ്ക്കും ഇടയിൽ ഇരുമ്പഴികളുണ്ട്. പക്ഷെ എൻെറ പാണ്ടനും മിടുക്കനാണ്. അവനും ഒരു വീരകൃത്യം ചെയ്തിട്ടുണ്ട്. അതിൻെറ കഥ പിന്നീട് പറയാം.

എന്നും കാലത്തു ആദ്യമായി എനിക്കു ഒരു ജോലിയുണ്ട്. കുരു പൊടിച്ചിട്ടുണ്ടോ എന്നു നോക്കുക. പക്ഷെ അതു പൊടിച്ചിട്ടില്ല. ശരിക്കു ഒരു കൊല്ലം തികയണം എന്നാണ് ഗന്ധർവ്വൻ പറഞ്ഞിരുന്നതു്. കുരു പൊടിക്കുവാൻ ഒരു കൊല്ലമോ? ഗന്ധർവ്വൻ എന്നെ പററിക്കുകയാണോ? എനിക്കു ചില സംശയങ്ങൾ തോന്നി. ഏതായാലും ഒരു കൊല്ലം കാത്തിരുന്നുകളയാം. അതാരും അറിയുകയും വേണ്ട. ധനു മാസം 16-ാം തിയ്യതി ആണ് കുരു കിട്ടിയതു്. അടുത്ത ധനുമാസവും പിറന്നു. എന്നിട്ടും കുരു മുളച്ചില്ല. ഒന്നാം തിയ്യതി ഞാൻ വിചാരിച്ചു: "ഇനി 15 ദിവസമേയുള്ളു വല്ലോ. അത്രയുംകൂടി ക്ഷമിച്ചിരിക്കാം." 15-ാം തിയ്യതി രാത്രി ഞാൻ ഉറങ്ങിയതേയില്ല. എങ്ങിനെയാണ് ഉറങ്ങുക? ഗന്ധർവ്വൻ പറഞ്ഞതു ശരിയോ തെറേറാ എന്നു രാവിലെ അറിയാം. തെററാണെങ്കിൽ ഞാനും വിദ്യ കണ്ടിട്ടുണ്ട്. ഇനി ഗന്ധർവ്വന്മാർ പറഞ്ഞാൽ വിശ്വസിക്കുകയില്ല. എന്നാൽ ഗന്ധർവ്വന്മാക്കു വലിയ തകരാറുതന്നെ.

എന്തിനു പറയുന്നു. നേരം പുലന്നു. ഞാൻ അങ്കണത്തിലേക്ക് ഓടി. ഹൈ! ഹൈ! കുരു പൊടിച്ചിരിക്കുന്നു! ആശ്ചര്യം! മൂന്നു ഇലകൾ ഉണ്ട്. ഞാൻ ഗന്ധർവ്വനെ മനസ്സുകൊണ്ടു നമിച്ചിട്ടു പറഞ്ഞു, "ഗന്ധർവ്വാ, ഗന്ധർവ്വാ ഞാൻ അങ്ങയെ തെററിദ്ധരിച്ചതിന്നു് മാപ്പു തരണേ!"

എൻെറ സന്തോഷം ഊഹിക്കാമല്ലോ. ഞാൻ ആകപ്പാടെ മതിമറന്നു. ഗന്ധർവ്വൻ പറഞ്ഞിട്ടുള്ളതെല്ലാം ശരിയായി വരും. ലോകം മനസ്സിലാക്കുമ്പോൾ—ഞാൻ പൊട്ടിച്ചിരിച്ചുപോയി.

ചെടി വളരാൻ വലിയ താമസമുണ്ടായില്ല. മൂന്നു മാസത്തിനകം മൂന്നു കൊമ്പുകൾ വീശി. വണ്ണവും വെച്ചുകൊണ്ടിരുന്നു. പൂക്കാനായിരുന്നു താമസം. അതിനു് ഒരു കൊല്ലം വേണ്ടിവന്നു. അടുത്ത ധനുമാസം 16-ാം തിയ്യതി, അതായതു സൂക്ഷ്മം ഒരു വർഷം തികയുന്ന ദിവസം, മരം പൂത്തു.

അതിൻെറ ആദ്യത്തെ പൂക്കൾ ! ഹാ, ഞാൻ അതു എങ്ങിനെ വർണ്ണിക്കും! ഇങ്ങനത്തെ പൂക്കളുമുണ്ടോ ഈശ്വരാ, ഈ ലോകത്തു്! മൂന്നു കൊമ്പിലേയും പൂക്കൾ മൂന്നു മാതിരിയാണു്. സാധാരണ മരമാണെങ്കിൽ ഇങ്ങനെ കാണുകയില്ല. എല്ലാ പൂക്കളും ഒരേ മാതിരിയായിരിക്കും. ഇതങ്ങനെയല്ല. ഞാൻ ആശ്ചര്യപ്പെട്ടു. ഒരു കൊമ്പിലെ പൂവു് ചുമപ്പും മഞ്ഞയും ചേന്ന നിറമാണു്. ഏതിനോടാണു് അതിനെ ഉപമിക്കുക? നിങ്ങൾ വൈകുന്നേരം കടൽപ്പുറത്തു കണ്ടിട്ടുണ്ടാവും. അസ്തമിക്കാറായ സൂര്യൻ കടലിൽ തൊട്ടു നിൽക്കുന്ന സമയം. അപ്പോഴത്തെ സൂര്യൻ തീരെ ചെറുതായി മരക്കൊമ്പിൽ തങ്ങി നിൽക്കുന്നു എന്നു വിചാരിക്കുക. എന്നാൽ ഈ പൂവിൻെറ നിറം മനസ്സിലാക്കാം. രണ്ടാമത്തെ കൊമ്പിലെ പൂവു് ഇങ്ങനെയല്ല. വെളുവെളാന്നു്, പളപളാന്നു്. കുട്ടിച്ചന്ദ്രൻ ഉദിച്ചു നിൽക്കുന്നപോലെ. മൂന്നാമത്തേതു ചെമ്പിൻെറ നിറം. അതിനും പളപളപ്പുണ്ടു്. എല്ലാം എത്ര മനോഹരമായിരുന്നു !

ആകപ്പാടെ എൻെറ സന്തോഷം പറയാനില്ല. ഗന്ധർവ്വൻ പറഞ്ഞതുപോലെ കാര്യങ്ങൾ നടക്കുന്നുണ്ടു്. യാതൊരു വ്യത്യാസവുമില്ല. ഇനിയും നടക്കുന്ന കാര്യങ്ങൾ അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അവയും തെററുകയില്ല. അപ്പോഴാണു് തമാശ! ലോകം അതിശയിക്കും. അങ്ങിനെ അതിശയിക്കട്ടെ. എന്നെപ്പററി അസൂയപ്പെട്ടും. അസൂയപ്പെടട്ടെ.

പിന്നെ മരത്തിന്നു പൂക്കാനേ സമയമുള്ളു. ഓരോ കൊമ്പും പൂത്തു. അഞ്ചോ പത്തോ പൂവല്ല. നൂറുനൂറു കണക്കിനു

പൂക്കൾ. ആകപ്പാടെ കൊമ്പുകളെ പൂക്കൾ പൊതിഞ്ഞു കള ഞ്ഞു രാത്രിയായാൽ ഒരു കൊമ്പിൽനിന്ന ചുകന്ന വെളിച്ചം വരും. വെറൊന്നിൽനിന്ന വെള്ളിവെളിച്ചം. മൂന്നാമത്തേതിൽ നിന്ന ചെമ്പുനിറത്തിലുള്ള വെളിച്ചം. ഇതെല്ലാം കൂടി കലരു മ്പോഴൊ ? അതു വൎണ്ണിക്കാൻ തക്ക ശക്തി എനിക്കില്ല. എന്തി നപറയുന്നു, രാത്രി വിളക്കിൻെറ ആവശ്യമേ ഉണ്ടായിരുന്നില്ല.

ആദ്യത്തെ പൂവ് വിരിഞ്ഞ ദിവസം മുതൽ പന്ത്രണ്ടുമാസം എ ല്ലാംപൂവായിതന്നെ നിൽക്കും. പന്ത്രണ്ടുമാസം തികയുന്നഅന്ന് ആപൂ ക്കളെല്ലാം കൂടി ഒന്നായി കായ്ക്കും. കായ് ചാൽ അന്നുതന്നെ കായെ ല്ലാം എടുത്തുവച്ചുകൊള്ളാം. അതുകൊണ്ടു എൻെറ ഇഷ്ടംപോ ലെ ചെയ്യാം. ഗന്ധൎവ്വജി അതിന്നുള്ള അനുവാദം എനിക്കു തന്നിരുന്നു.

എൻെറ ക്ഷമകേടിനു അതിരില്ല. ഓരോ ദിവസവും ഓരോ യുഗംപോലെ തോന്നി. ഒച്ചിൻെറ വേഗത്തിൽ ഇഴയുന്ന സമയ ത്തെ ഞാൻ ശപിച്ചുകൊണ്ടിരുന്നു.

ഇവിടെ ഒരു കാൎയ്യം പറയാൻ വിട്ടുപോയി. മാസം കഴിയു ന്തോറും മരത്തിനു പൊക്കംവച്ചുകൊണ്ടിരുന്നു. അതോടുകൂടി എൻെറ പാണ്ടൻ നായും വളൎന്നുകൊണ്ടിരുന്നു. അവൻ മരത്തി ൻെറ മൂട്ടിലല്ലാതെ കിടക്കുകയില്ല. അവിടുന്നു മാറുകയാണെങ്കിൽ തന്നെ ഒരു കണ്ണു മരത്തിലായിരിക്കും. അവൻ അവിടെ ചുററി പ്പററി അങ്ങനെ നിൽക്കും. പാണ്ടനും മരത്തിനും തമ്മിൽ എ ന്തോ ബന്ധമുണ്ട് എന്നു എനിക്കു തോന്നി. എന്താണ് എന്നു അപ്പോൾ മനസ്സിലായില്ല. പിന്നേയെ അറിഞ്ഞുള്ളു. അപ്പോ ഴേക്കും വളരെ താമസിച്ചുപോയിരുന്നു. പൂത്തു ഒരു വൎഷം തിക യുന്നതിൻെറ തലേദിവസം മരത്തിന് എട്ടടി പൊക്കം വെച്ചി രുന്നു. പാണ്ടന്നു് അന്നു് എന്തോ ഒരു ക്ഷമകേടു ഉണ്ടായിരിക്കണ്ടു. സന്തോഷമായിരിക്കണം കാരണം.

പിറെറക്കൊല്ലവും ധനുമാസം 16-ാംനു- ആയി. അന്നു കാലത്തും ഞാൻ നേരത്തെ എഴുനേററു. അന്നാണ് ഏററവും വിശേഷപ്പെട്ട ദിവസം. അന്നാണ് മരം കായ്ക്കുന്നത്. അന്നാണ് ഞാൻ ഭാഗ്യവാൻ ആകുന്നത്. ഞാൻ നേരെ അങ്കണത്തിലേക്കു ഓടി. അപ്പോഠം ഞാൻ കണ്ടു ആ വിശിഷ്ടമായ കാഴ്ച. ഞാൻ ഗന്ധർവ്വനെ മനസ്സുകൊണ്ടു നമസ്കരിച്ചു. വീണ്ടും മരക്കൊമ്പുകളിലേക്കു നോക്കി. ഹാ! ഹാ! നറുങ്ങുപോലെ കായ്കഠം പററിപ്പിടിച്ചു കിടക്കുന്നു. എന്താണ് ആ കായ്കഠം? അതാണ് വിശേഷം— നാണയങ്ങഠം! ഒരു കൊമ്പിൽ മുഴുവൻ തനിപ്പവൻ. മറേറ കൊമ്പിൽ വെള്ളി ഋപ. മൂന്നാമത്തെ കൊമ്പിൽ ചെമ്പു കാശും. ഓരോ കൊമ്പിലുമുള്ള നാണയങ്ങഠം എണ്ണിയാൽ ഒടുങ്ങുകയില്ല. എൻെറ കണ്ണുകഠം അധികവും പവൻ കായ്ച കൊമ്പിലായിരുന്നു. ഏണിമേൽക്കേറി ആ കൊമ്പ് പിടിച്ചു ഒന്നു കുലുക്കി. എന്തൊരാനന്ദമായിരുന്നു അപ്പോഠം! അനേകം പവൻ നിലത്തുവീഴുന്ന ശബ്ദം നിങ്ങഠംക്കു ഊഹിക്കാം. മഴ വീഴുമ്പോലെ സ്വർണ്ണ നാണയങ്ങഠം വീഴുമ്പോഠം എന്തായിരിക്കും സ്ഥിതി! എൻെറ കണ്ണും കരളും കവൎന്നുകളഞ്ഞു ആ പവൻ കൂട്ടം. ഞാൻ സന്തോഷംകൊണ്ടു തുള്ളിച്ചാടി. കുട്ടികഠം നെല്ലുവാരി കളിക്കുന്നപോലെ ഞാൻ ആ പവൻ വാരിക്കളിച്ചു. പിന്നെ ഋപകഠം കായ്ച കൊമ്പ് പിടിച്ചു കുലുക്കി. അപ്പോൾ ഉണ്ണിമാങ്ങ കൊഴിയുന്നപോലെ ഋപകഠം കൊഴിഞ്ഞു. അതു കഴിഞ്ഞു ചെമ്പുകാശും. എല്ലാംകൂടെ അങ്കണം നിറഞ്ഞു. അതു വാരിക്കൊണ്ടു പോകാനായിരുന്നു ബുദ്ധിമുട്ട്. ആ ബുദ്ധിമുട്ടൊന്നും ഞാൻ സാരമാക്കിയില്ല. വട്ടികഠം കൊണ്ടാണ് വാരിയെടുത്തത്. കൈകൊണ്ടു വാരിയാൽ എത്രയെന്നുവെച്ച് വാരും? നേരത്തെ പെട്ടികഠം തയ്യാറാക്കിവെച്ചിരുന്നു. എല്ലാം ആ പെട്ടികളിലാക്കി. നേരം സന്ധ്യയായി. അപ്പോഴെ എൻെറ ജോലി തീൎന്നുള്ളൂ. അത്രയധികം നാണയങ്ങഠം ഉണ്ടായിരുന്നു. പെട്ടികഠം അറപ്പുരയിൽ കൊണ്ടുപോയി. എന്നിട്ടു കട്ടിലിൻെറ അടിയിൽ ഭദ്രമായി വെച്ചു. ഇത്രയൊക്കെ പണം

കിട്ടിയിട്ടും ഒരു കാശ്ശ് എടുത്തില്ല. പന്ത്രണ്ടു വർഷം കഴിഞ്ഞിട്ടേ എടുക്കാവൂ. ഇല്ലെങ്കിൽ വലിയ തകരാറു പററും. എന്നു ഗന്ധർവ്വൻ താക്കീതു തന്നിരുന്നു.

വിശേഷം ഏതെങ്കിലും ഉണ്ടെങ്കിൽ നാട്ടുകാർ അറിയും. ആരും പറയണമെന്നില്ല. അവർ മണത്തു അറിഞ്ഞുകളയും. ഇതും അവർ അറിഞ്ഞു. ഓരോരുത്തരായി കാര്യം അന്വേഷിക്കാൻ വന്നു. കേട്ടതു ശരിയാണൊ എന്നു എന്നോടു ചോദിച്ചു. ഞാൻ കള്ളം പറഞ്ഞില്ല. കള്ളം പറഞ്ഞിട്ടു എന്തു കാര്യം? ഞാൻ സമ്മതിച്ചു. നടന്നപോലെ അവരോടു പറഞ്ഞു. മൂക്കിന്മേൽ വിരൽ വെച്ചുകൊണ്ട് അവർ ഇറങ്ങിപ്പോയി. എല്ലാവർക്കും പണത്തിൽ ആഗ്രഹമുണ്ട്. പക്ഷെ ഇതു എൻെറ പണമാണ്. എനിക്കു മാത്രമേ പണം കായ്ക്കുന്ന മരമുള്ളൂ. അവർക്കു പണം കിട്ടുകയില്ല. എങ്കിലും എൻെറ മരം കായ്ച്ചു നില്ക്കുന്നതു കാണാമല്ലോ. അങ്ങിനെയെങ്കിലും തൃപ്തിവരട്ടെ. അടുത്ത ധനമാസം 16-ാംനു അവർ വരും. വരാൻ ഞാൻ അവരോടു പറഞ്ഞിട്ടുണ്ട്.

അതെ. അടുത്ത വർഷവും ശരിയായി ആ ദിവസംതന്നെ എൻെറ പണമരം കായ്ച്ചു. വെളുപ്പാൻകാലത്ത് ഒരഞ്ഞൂറുപേർ അതു കാണാൻ വന്നിരുന്നു. ഞാൻ മരംപിടിച്ചു കുലുക്കുന്നത്, പണം പേമഴപോലെ ചൊരിയുന്നത്, ഞാൻ വാരി പെട്ടികളിൽ വെച്ചുകൊണ്ടുപോകുന്നതു, എല്ലാം അവർ നോക്കിനിന്നു.

ഇങ്ങിനെ മൂന്നുകൊല്ലം കഴിഞ്ഞു. ഓരോ കൊല്ലത്തിലും മരം കായ്ക്കും. പന്ത്രണ്ടു കൊല്ലം കഴിയട്ടെ. ഞാൻ ഒരു നൂറു നൈസാമിനേക്കാളും പണക്കാരനാകും. അത്ര പണക്കാരനായാൽ എന്തൊക്കെ ചെയ്യണം? അതു എനിക്കറിഞ്ഞുകൂടായിരുന്നു.

ക്രമേണ ഈ വർത്തമാനം പടിഞ്ഞാററൻ രാജ്യങ്ങളിലും പരന്നു. ഒരു ന്യൂസ് ഏജൻസി വിവരങ്ങളെല്ലാം അവിടത്തെ പത്രങ്ങൾക്കയച്ചു. ആ പത്രങ്ങളിൽ പ്രസിദ്ധവും ചെയ്തു. ലക്ഷക്കണക്കിനുള്ള

സായ്യന്മാർ അതു വായിച്ചു. പക്ഷെ ആരും വിശ്വസിച്ചില്ല. പണം കായ്ക്കുന്ന മരംപോലും! അവർ പുച്ഛിച്ചു തള്ളിക്കളഞ്ഞു. അവൎക്കുണ്ടോ ഇതൊക്കെ മനസ്സിലാകുന്നു!

അടുത്ത കൊല്ലവും ഈ വാൎത്ത പത്രങ്ങളിൽ കണ്ടു. അതിനടുത്ത കൊല്ലവും. പിറേറത്തെ കൊല്ലവും. ഇതു വെറും കള്ളമായിരിക്കാൻ വഴിയില്ല. ഇതിൽ എന്തോ ഉണ്ട്, എന്ന് ഒരു അമേരിക്കൻ പത്രപ്രവൎത്തകൻ വിചാരിച്ചു. ഈ അമേരിക്കക്കാരാണ് മിടുക്കന്മാർ. അവൎക്കു പത്രം നടത്താൻ അറിയാം. ആയാറം നിശ്ചയിച്ചു, നേരിട്ടു കണ്ടുകളയാം എന്ന്. അടുത്ത വർഷം മരം കായ്ക്കുന്നതിന്റെ തലേദിവസമാണ്. അയാറം എന്റെ പടിവാതുക്കലിൽ നില്ക്കുന്നു! എന്നെ കാണാൻ വന്നതാണ്. കൂടെ ക്യാമറയും കൊണ്ടുവന്നിട്ടുണ്ട്. ഞങ്ങറം വളരെ നേരം സംസാരിച്ചു. പിറേറദിവസം രാവിലെ ആയാറംക്കു മനസ്സിലായി—ഇതു കള്ളമല്ല, ശരിക്കു എന്റെ മരം പണം കായ്ക്കുന്നുണ്ട്. എല്ലാവിവരങ്ങളും ആയാറം കൊണ്ടുപോയി. ഒരു മാസം കഴിഞ്ഞു. എനിക്കൊരെഴുത്തു കിട്ടി. അയാറം അയച്ചതാണ്. അയാളുടെ പത്രത്തിൽനിന്നു വെട്ടിയെടുത്ത ഒരു കഷണം കടലാസുമുണ്ട്. പണമരത്തെപ്പററിയുള്ള വിവരങ്ങറം അതിലുണ്ടായിരുന്നു. വലിയ തലക്കെട്ടുകളോടെയാണ് വൎത്തമാനം അച്ചടിച്ചിട്ടുള്ളതു്. കൂടാതെ എന്റെ പടവുമുണ്ട്. ഞാൻ മരത്തിൽ ചേൎന്നു നിൽക്കുകയാണ്. ഞാൻ ചെറുതായി ഒന്നു ചിരിക്കുന്നുമുണ്ട്. പാണ്ടൻ നായ് എന്റെ കാല്ക്കൽ കിടക്കുന്നു. പടം നോക്കിയാൽ അറിയാം. മരക്കൊമ്പിൽ പണം അങ്ങനെ പററിപ്പിടിച്ചു കിടക്കുന്നു.

എന്തിനു പറയുന്നു, പണമരത്തെപ്പററി അറിയാത്ത ആറം ലോകത്തിലില്ല. എത്രയെത്ര ആളുകളാണ് വന്നതു കാണാൻ! പണം കായ്ക്കുന്ന ദിവസം ലോകൎക്കു അറിയാം. തലേദിവസം ഞങ്ങളുടെ പട്ടണത്തിലെ ആറംക്കൂട്ടത്തിന്റെ കാൎയ്യം പറയാനില്ല. എവിടുന്നൊക്കെയാണ് എത്രപേരാണ് വരുന്നതു്! ആറംക്കൂട്ടം

കൊണ്ട് പൊറുതിമുട്ടി. അവക്ക് പാക്കാൻ ഇടമില്ല. ഹോട്ടലിലിൽ ചെന്നാൽ ഒരു കപ്പ് കാപ്പി കിട്ടുകയില്ല. തള്ളും തിക്കും തിരക്കുമാണ് അവിടെ. അവക്ക് വലിയ കഷ്ടപ്പാടായി. പക്ഷെ നല്ല കാഴ്ചയുണ്ടെങ്കിൽ ആളുകൾ എന്തുകഷ്ടപ്പാടും സഹിക്കും. യൂറോപ്പിൽനിന്നു സായ്പന്മാർ വന്നിരുന്നു. ജപ്പാൻകാർ വന്നിരുന്നു. നീഗ്രോക്കാർ വന്നിരുന്നു. എല്ലാവരുംകൂടെ എങ്ങിനെയാണ് കാണുക ? അതുകൊണ്ട് "ക്യൂ" എന്ന ഏപ്പാടുണ്ടാക്കി. ഒന്നിനുപുറകെ ഒന്നായി വരിയായി നില്ക്കണം. ഒടുവിൽ വരുന്ന ആൾ പുറകിൽ നിൽക്കണം. ഇടക്കുകേറിനിന്നുകൂടി അഞ്ചും ആറും മൈൽ നീളമുണ്ടായിരുന്നു ഈ ആളുകളുടെ വരിക്ക്. ഓരോരുത്തരായി മരത്തെ ഒരു നോക്കു കണ്ടുകൊണ്ട് കടന്നുപോകും. ഒന്നു നിന്നുനോക്കാൻപോലും പററുകയില്ല. അത്രയധികംപേർ പുറകെയുണ്ട്. ചിലർ മരത്തോടു അടുക്കാൻ നോക്കും. അപ്പോൾ പാണ്ടൻ നായ് ഒന്നു കുരക്കും. അവൻെറ ഭാവം കണ്ടാൽമതി പിന്നെ ജീവിതത്തിൽ വീണ്ടും ആ വിചാരം ഉണ്ടാകുകയില്ല. എനിക്കു വലിയ ബുദ്ധിമുട്ടായി. ഇത്ര ആളുകൾ വന്നാലൊ ? പക്ഷെ ഒരു സമാധാനമുണ്ട്. കൊല്ലത്തിൽ ഒരിക്കലല്ലെ ഇങ്ങനെ മരം കായ്ക്കു ?

പാണ്ടൻ നായ്ക്കും ഒരു സന്ദർഭം കിട്ടി, അവൻെറ മിടുക്ക് കാണിക്കാൻ. വീരപ്പൻ എന്നൊരു കള്ളനുണ്ടായിരുന്നു. അവൻെറ കഥകൾ ഇപ്പോഴും ആളുകൾ പറയാറുണ്ട്. അത്ര ഭയങ്കരനായിരുന്നു. കണ്ണിൻമുമ്പിൽനിന്നു മോഷ്ടിച്ചു കൊണ്ടുപോയ്ക്കളയും. എന്നാലും നമ്മൾ കാണുകയില്ല. കണ്ടാൽതന്നെ അവനെ ഒന്നും ചെയ്യാനൊക്കുകയില്ല. അവൻെറ കയ്യിൽ കഠാരിയുണ്ട്. പോരെങ്കിൽ ഭീമനെപ്പോലെ തടിയനാണ്. ധൈര്യത്തിൻെറ കാര്യം പറയാനില്ല. കൺകെട്ടുവിദ്യയും അറിയാം. എത്രയോ എത്രയോ മോഷണങ്ങളാണ് വീരപ്പൻ ചെയ്തിട്ടുള്ളത്. പോലീസുകാർ എന്തുചെയ്യും? അവനെ പിടിക്കാൻ കിട്ടുകയേയില്ല. അവനു എൻെറ പണമരത്തിൽ കൈവെക്കണമെന്ന് ഒരു മോഹം. പാ

ണ്ടൻ നായുടെ ശൌൎയ്യത്തെപ്പററി അവൻ കേട്ടിരുന്നു. പക്ഷെ എത്രയായാലും ഒരു പട്ടിയല്ലെ? വീരപ്പന്ന് തന്റെ ശക്തിയിൽ നല്ല വിശ്വാസമുണ്ട്. അടുത്ത വർഷവും പണമരം കായ്ക്കുന്നതിന്റെ തലേദിവസമായി. രാത്രി മൂന്നുമണിയായി. അപ്പോഴേക്കും പണം കായ്ച്ചിരിക്കും എന്നു അവനറിയാം. അവൻ എന്തുചെയ്തു? പതുക്കെ വീട്ടിന്റെ ക്രൂരയിൽ കയറി. എന്നിട്ട് അങ്കണത്തിന്റെ മുകളിലെത്തി. കൊമ്പ് പിടിച്ചാൽ കിട്ടും എന്ന നിലയിലായി. വീരപ്പൻ ശബ്ദമുണ്ടാക്കിയില്ല. പതുക്കെ വലത്തെക്കൈകൊണ്ടു പവൻ കൊമ്പുപിടിച്ചു അത്രേയുള്ളൂ. പാണ്ടൻ നായ് ഉറങ്ങിയിട്ടില്ല. അന്നുഅവൻഉറങ്ങുകയുമില്ല. അവൻ ആ നേരിയ ശബ്ദവും കേട്ടു. ഒരു കയ്യും കണ്ടു. ആകാശത്തിലേക്കു ഒരു ചാട്ടം. "അയ്യോ!" എന്നൊരു അലച്ച്. അതുകേട്ടു എല്ലാരും ഉണൎന്നു ചാടിയെഴുന്നേററു. ഞങ്ങൾ നേരെ അങ്കണത്തിലേക്കു ഓടി. എല്ലാംകാണാം. പവന്റെയും ഉറുപ്പികയുടേയും വെളിച്ചമുണ്ടല്ലോ. അപ്പോൾ എന്താണ് കണ്ടത്? അവിടെ മുഴുവൻ ചോര. പാണ്ടന്റെ വായിലും ചോര. ഒരു മനുഷ്യന്റെ കൈ മുട്ടിനു താഴെ മുറിഞ്ഞുകിടക്കുന്നു. അപ്പോൾ ഞങ്ങൾക്കു കാൎയ്യം മനസ്സിലായി. എല്ലാരും വീരപ്പനെ പിടിക്കാൻ ഓടി. പക്ഷെ അവനെ കിട്ടിയില്ല. അവൻ രക്ഷപ്പെട്ടുകളഞ്ഞു. പക്ഷെ പിന്നീടു വീരപ്പനെ കണ്ടവരില്ല. അവിടെ ഒരു മോഷണവും പിന്നെ നടന്നിട്ടില്ല. വീരപ്പൻ ഇപ്പോഴും ഉണ്ടോ എന്തോ? ഉണ്ടെങ്കിൽ മൎയ്യാദക്കു ജീവിക്കുകയായിരിക്കണം.

ഇങ്ങനെ കൊല്ലം പതിനൊന്നു കഴിഞ്ഞു. അപ്പോഴേക്കും എന്റെ സ്ഥിതി എന്തായിരുന്നു? പണംകൊണ്ടു പൊറുതിമുട്ടി. ഉള്ള പെട്ടികൾ മുഴുവൻ നിറഞ്ഞു. ഒന്നിൽ പവൻ. പിന്നൊന്നിൽ ഉറുപ്പിക. പിന്നൊന്നിൽ ചെമ്പുകാശ്. അങ്ങിനെ ഇനി എന്തിലാണ് വെക്കുക? വേറെയും വലിയ കാൽപ്പെട്ടികൾ വാങ്ങിച്ചു. അതിലും നിറച്ചു. പെട്ടികൾ മാറിപ്പോകാതിരിക്കാനായി ഏൎപ്പാടും ചെയ്തു. "പവൻ", "ഉറുപ്പിക", "ചെമ്പുകാശ്", എന്നിങ്ങനെ വെള്ളക്കടലാസിൽ വൃത്തിയായി എഴുതി. എന്നിട്ടു പെട്ടികളിൽ ഒട്ടി

ച്ചു. പക്ഷെ അവിടെയും വിഷമം വന്നു. പവൻ നിറച്ച പെട്ടികൾതന്നെ അനേകം. ക്രൂപയും ചെമ്പകാശും നിറച്ച പെട്ടികളും അങ്ങിനെതന്നെ. അതുകൊണ്ട് അവക്ക നമ്പറിടേണ്ടിവന്നു. "പവൻ 18", "ക്രൂപ 37", എന്ന നമ്പരുകൾ കൊണ്ട് എല്ലാം മനസ്സിലാക്കാം. പക്ഷെ പണം കൂടുതലായാൽ എന്ത് അസൌകര്യമാണ്! കട്ടിലിൻെറ അടിയിൽ വയ്ക്കാൻ ഇനി സ്ഥലമില്ല. വെക്കാവുന്ന മുറികളിൽ എല്ലാം വെച്ചു. ഇനി വീട്ടിൽ മൊട്ടുസൂചിക്കപോലും ഇടമില്ല. എവിടെ നോക്കിയാലും പെട്ടികൾ തന്നെ. പെട്ടികളിലെല്ലാം പണവും തന്നെ. ഇനി പെട്ടി വാങ്ങിച്ചാലും കൊണ്ടുവെക്കാൻ ഇടമില്ല. വേറെ വീട് പണിയിക്കുക തന്നെ വേണം. ഇപ്പോൾ അതു് പറവുകയില്ല. ആയിരം വീട് വെക്കാനുള്ള പണം ഒരുവീട്ടിൽതന്നെ ഇരിപ്പുണ്ട്. പക്ഷെ അതിൽ നിന്ന് ഒരു കാശ് ഇപ്പോൾ എടുത്തുകൂട. പന്ത്രണ്ടു വഷം തികഞ്ഞേ എടുക്കാവൂ. ഇല്ലെങ്കിൽ എല്ലാം പാഴായിപ്പോകും, അങ്ങിനെയാണല്ലൊ ഗന്ധർവ്വൻ മുന്നറിയിപ്പ് തന്നിട്ടുള്ളതു്. ഏതായാലും ഞാൻ ഒരു വിദ്യചെയ്തു. പെട്ടികളിൽ കൊള്ളാത്ത പണം ചാക്കുകളിലാക്കി. എന്നിട്ട് അവ തട്ടിൻ പുറത്തു കൊണ്ടുതള്ളി. അവയെല്ലാം തരംതിരിച്ച് നമ്പറിട്ട് അടുക്കിവെച്ചു. തട്ടിൻപുറവും പണച്ചാക്കുകളെക്കൊണ്ട് നിറഞ്ഞു.

പതിനൊന്നുകൊല്ലം അങ്ങിനെ കഴിഞ്ഞു. ഇനി ഒരു കൊല്ലം ക്ഷമിച്ചിരുന്നാൽ മതി. ഞാൻ ലോകത്തിലെ ഏററവും വലിയ പണക്കാരനാകും. എനിക്ക നാലഞ്ച് വീടുവെക്കണം. കാറുകൾ വാങ്ങണം. ഞാൻ സ്വപ്നം കണ്ടുതുടങ്ങി. ജീവിതം സുഖിക്കാനുള്ളതാണ്. സുഖിക്കണമെങ്കിൽ പണം വേണം. പണം എത്ര വേണമെങ്കിലും ഉണ്ട്. പുതിയ വീടുകളുടെ പ്ലാൻ എൻെറ മനസ്സിലുണ്ടായിരുന്നു. പുതിയ കാറുകൾ ഞാൻ നിശ്ചയിച്ചു കഴിഞ്ഞിരുന്നു. പക്ഷെ ഞാൻ എൻെറ കാര്യം മാത്രമെ കാമിച്ചുള്ളൂ. എനിക്ക സുഖിക്കണം എന്നേ കരുതിയുള്ളൂ. ലോകരെപ്പററി ആ

ലോചിച്ചില്ല· പട്ടിണി കിടന്നു ചാകാതെ ചാകുന്ന അനേകം പേരെ ഓർമ്മിച്ചില്ല. ഇന്നു് ഞാൻ മനസ്സിലാക്കുന്നു. ഒരാൾക്കു മാത്രം പണമുണ്ടായതുകൊണ്ടു ഫലമില്ല· ലോകം മുഴുവൻ കഷ്ടപ്പെടുന്നു· നമ്മൾ മാത്രം സുഖിച്ചതുകൊണ്ടു കാര്യമില്ല· എല്ലാവരും സുഖിക്കണം· അങ്ങിനെയെങ്കിൽ നന്നായിരുന്നു. പക്ഷെ അന്നു ഞാൻ ഇതൊന്നും ആലോചിച്ചില്ല· എല്ലാ സാധനങ്ങളിലും ആഗ്രഹമുണ്ടായിരുന്നു. എല്ലാം എനിക്കുതന്നെ വേണം· എനിക്കു അപ്പോൾ ഒന്നിൻെറ കുറവു തോന്നി· എനിക്കു അപ്പോൾ റേഡിയോ ഇല്ലായിരുന്നു. ഇന്ത്യയിൽ റേഡിയോഅധികം വന്നുതുടങ്ങിയിട്ടില്ല· ഞങ്ങളുടെ നാട്ടിൽ ആർക്കും ഇല്ല· ഞാൻ റേഡിയോവെപ്പററി അന്നു ധാരാളം കേട്ടിരുന്നു· കുറെ ദൂരെ ഒരു സായ്പ് താമസിച്ചിരുന്നു. അയാൾക്കു ഒരു 'ബാററി റേഡിയോ' ഉണ്ടു്· അതിൽനിന്നു വരുന്ന പാട്ടു ഞാൻ കേട്ടിട്ടുണ്ടു്. മററുള്ളവരെപ്പോലെ ഈ യന്ത്രം എന്നെയും വശീകരിച്ചിരുന്നു. എനിക്കു ഒരെണ്ണം കിട്ടിയേ കഴിയൂ· അതില്ലാതെ ഉറക്കംവരുന്നില്ല. ഒരെണ്ണം വരുത്തിയാൽതന്നെ കിട്ടാൻ വളരെക്കാലം ആയിപ്പോകും· പോരെങ്കിൽ പണം എടുക്കാനും പാടില്ല. 12 വർഷം തികയണം. അതിന്നു ഇനിയും സമയമുണ്ടു്· അതുവരെ കാത്തിരുന്നുകളയാം. അങ്ങിനെ ആറുമാസംക്കൂടെ കാത്തിരുന്നു· സായ്‌വ് അയാളുടെ നാട്ടിലേക്കു മടങ്ങിപ്പോകുന്നു എന്നുകേട്ടു· 12 വർഷം തികയുന്നതിന്നു പിറേറദിവസം പോയ്ക്കോള്ളട്ടെ, അതു കഴിഞ്ഞു പോയാൽ മതി, എന്നായി എൻെറ ആഗ്രഹം· അയാൾ സാമാനമെല്ലാം ലേലമിടും· അപ്പോൾ റേഡിയോ വാങ്ങിക്കളയാം· ദിവസം ഒന്നൊന്നായി കഴിഞ്ഞുകൊണ്ടിരുന്നു. ഇനിയും പന്ത്രണ്ടു വർഷം കഴിയാൻ പത്തു ദിവസമേയുള്ളു· "ഹാ, പത്തുദിവസം വേഗം കഴിഞ്ഞെങ്കിൽ!" എന്നു ഞാൻ ആഗ്രഹിച്ചു· ഓരോമിനുട്ടും ഓരോ വർഷംപോലെ തോന്നി· എൻെറ ക്ഷമകേടിന്നു് അതിരില്ല· അങ്ങിനെ എട്ടു ദിവസംക്കൂടി കഴിഞ്ഞു· ഇനി രണ്ടു ദിവസമേയുള്ളു. അതു കഴിഞ്ഞാൽ—ഞാൻ സന്തോഷം കൊണ്ടു മതിമറന്നു· എൻെറ ഹൃദയം തുടിച്ചു. മറെറന്നാൾ രാവിലെ ഞാൻ...

അന്നു് ഒരു വൎത്തമാനം കിട്ടി. സാധു് നാളെ വൈകുന്നേരം നാട്ടുവിടുമെന്നു്, നാളെയാണു് ലേലം. മറെറന്നാളായിരുന്നെങ്കിൽ! പക്ഷെ ആഗ്രഹിച്ചിട്ടെന്തുകാൎയ്യം? നാളെ ലേലം നടക്കും, മറെറന്നാറം രാവിലെ പന്ത്രണ്ടു വൎഷവും തികയും. ഒരേ ഒരു ദിവസത്തെ വ്യത്യാസം. ഞാൻ പലതും ആലോചിച്ചു. റേഡിയോ കൂടിയേ തീരു. അതു് നാളെ വാങ്ങണം. താനും. പെട്ടിയിൽനിന്നു കുറെ നാണയം എടുത്തുകളയാം. അങ്ങിനെ അടുത്ത ദിവസവും വന്നു. ഇനി പന്ത്രണ്ടു വൎഷം തികയാൻ 24 മണിക്കൂറേ വേണ്ടു. ഇതുവരെ ഞാൻ ഒരു കാശുപോലും എടുത്തിട്ടില്ല. ഒരു ദിവസം മുമ്പെ റേഡിയോ വാങ്ങേണ്ടിവന്നിരിക്കുന്നു. ഇനി ഒരു ദിവസമേ ഉള്ളല്ലൊ. നാണയം എടുക്കുന്നതിൽ തരക്കേടില്ല. പതിനൊന്നു വൎഷവും, പതിനൊന്നു മാസവും 29 ദിവസവും കാത്തിരുന്നല്ലൊ. അത്രയും മതി. ഒരു ദിവസം മാത്രമേയുള്ളു ഇനി. അതുകൊണ്ടു് കുഴപ്പം വരാനിടയില്ല. ഇന്നല്ലെങ്കിൽ റേഡിയോ കിട്ടുകയില്ല! ഏതായാലും 450 രൂപ എടുക്കാം. എന്നിട്ടും ഒരു സംശയം. വല്ലതും തരക്കേടു വന്നാലോ? ഛെയ്, അങ്ങിനെയൊന്നും വരില്ല. അതല്ല. ചിലപ്പോറം വല്ല തരക്കേടും വന്നേക്കും. ഛെ, സാരമില്ല. അങ്ങനെ ആയാൽ പോര. ഗന്ധൎവ്വൻ പറഞ്ഞതുപോലെ വേണ്ടെ ചെയ്യാൻ? പക്ഷെ ഒരു കാൎയ്യമുണ്ടു്. ഇത്രയും കാലം അതുപോലെ തന്നെല്ലൊ ചെയ്തതു്. റേഡിയോ കൂടിയേ തീരു. പക്ഷെ ഗന്ധൎവ്വനെ അനാദരിച്ചാൽ? ഇങ്ങിനെ ഞാൻ ആലോചിച്ചുകൊണ്ടിരുന്നു. വൈകുന്നേരംവരെ ആലോചിച്ചു. അപ്പോറം അറിവുകിട്ടി ലേലം തുടങ്ങാറായി എന്നു്. പിന്നെ ഞാൻ ഒന്നും ആലോചിച്ചില്ല. നേരെ അറപ്പുരക്കകത്തേക്കു കയറി. കട്ടിലിന്നടിയിൽ നിന്നു ഒരു പെട്ടി വലിച്ചു നീക്കി. രൂപപ്പെട്ടി ആയിരുന്നു. 450 രൂപ എണ്ണിയെടുത്തു. എന്നിട്ടു് നേരെ ലേലസ്ഥലത്തേക്കു ഓടി. എന്തിനു പറയുന്നു, റേഡിയോ വാങ്ങിക്കുകതന്നെ ചെയ്തു. എനിക്കു വലിയ സന്തോഷം തോന്നി. അതുമായി വീട്ടിലേക്കു മടങ്ങി. വീട്ടിന്റെ പൂമുഖത്തു തന്നെ വെക്കണം, പുതിയവീടു് കെട്ടുമ്പോറം പുതിയ റേ-

ഡിയോ വരുത്താം. അതുവരെ ഇതുമതി. ഞാൻ സന്തോഷത്തോടെ തുള്ളിച്ചാടിക്കൊണ്ടു വീട്ടിലേക്കു കയറി. ഒരു സംശയം. രൂപ എടുത്ത പെട്ടി അടച്ചില്ല എന്നൊരു ഓർമ്മ. അതു് പൂട്ടണം. എന്നിട്ട് നാളെ എല്ലാംകൂടെ എണ്ണണം. എത്ര ലക്ഷം പവനുണ്ടെന്നും എത്ര ലക്ഷം രൂപയുണ്ടെന്നും എണ്ണാൻ മാത്രം അഞ്ചാറു മാസം വേണ്ടിവരും. വേറെ ജോലിയൊന്നും ഇല്ലതാനും. ഞാൻ അറപ്പുരയിലേക്കു കടന്നു. പെട്ടി വാസ്തവത്തിൽ അടച്ചിരുന്നില്ല. മൂടി തുറന്നുകിടന്നു. ഞാൻ ഉള്ളിലേക്കു നോക്കി. ഞാൻ ഞെട്ടിപ്പോയി. ഭയങ്കരം! അതിൽ രൂപ കാണുന്നില്ല. വല്ല കള്ളന്മാരും കയറിയിരിക്കുമോ? എന്റെ ഹൃദയം വേഗംവേഗം ഇടിക്കാൻ തുടങ്ങി. എന്തോ ഒരു മാതിരി ഭയം. ഞാൻ വേറൊരു പെട്ടി തുറന്നു. എന്തു്? അതിലും രൂപയില്ലെന്നോ? ഞാൻ വിയർത്തു. വിയർപ്പ് ധാരാളമായി ഒഴുകി. വല്ലാത്ത ഒരു ശ്വാസം മുട്ടലും. വേറൊരു പെട്ടിയും നോക്കി. അതും ശൂന്യം. ഞാൻ ഭ്രാന്തനെപ്പോലെ ആയി. എന്താണെന്ന് ഒന്നും അറിയാൻ കഴിഞ്ഞില്ല. പെട്ടികൾ ഓരോന്നായി വലിച്ചു തുറന്നു. ഒന്നിലും പണമില്ല. എന്റെ തല ചുററി. ഭൂമി കറങ്ങുന്നു എന്ന് എനിക്കു തോന്നി. വിയർത്തുകുളിച്ചുകൊണ്ട് ഞാൻ തട്ടിൻ പുറത്തു കേറി. അവിടെ എത്രയോ ചാക്കുകളിൽ പണം വെച്ചിരുന്നു. ചാക്കുകൾ മാത്രം ബാക്കി. ഒന്നിലും ഒരു പണവുമില്ല. ഞാൻ ബോധം കെട്ടുവീണു. കുറെ കഴിഞ്ഞാണ് ബോധം വീണതു്. പതുക്കെപ്പതുക്കെ ഞാൻ താഴെയിറങ്ങി. അപ്പോഴേക്കും കാര്യം മനസ്സിലായിരുന്നു. ഗന്ധർവ്വൻ പറഞ്ഞതു കേട്ടില്ല. എന്റെ ദുരാഗ്രഹം, അത്യാർത്തി, ജയിച്ചുപോയി. അതിന്റെ ഫലമാണ് ഇതെല്ലാം. ഇപ്പോൾ എന്തുപററി? പന്ത്രണ്ടു വർഷം ഇലവുകാത്ത കിളിയേപ്പോലെ കഴിഞ്ഞു. അതെല്ലാം വെറുതെയായി. ഇനി ആലോചിച്ചിട്ടു കാര്യമില്ല. എങ്കിലും ഒന്നുണ്ട്. എന്റെ പണമരം നില്പുണ്ട്. ആശയുടെ ഒരു രശ്മി ബാക്കിയുണ്ട്. ഞാൻ ആ പണമരത്തിന്റെ അടുത്തുചെന്നു. എന്താണ് അവിടെ കണ്ടതെന്നോ? പണമരവുമില്ല. ഒന്നുമില്ല. ഇങ്ങനെ ഒരു മരം നി

ന്നതിന്റെയാതൊരു തെളിവുമില്ല! പോയി, അതും പോയി! ഞാൻ വിങ്ങിവിങ്ങി കരഞ്ഞു. അപ്പോഴേക്കും ഒരു മുരൾച്ചകേട്ടു. പാണ്ടൻ നായുടെ മുരൾച്ചയായിരുന്നു. അവൻ അതാ പ്ലാവിൻ ചുവട്ടിൽ കിടന്നുരുളുന്നു. ഞാൻ അങ്ങോട്ടേക്കു പോയി. അപ്പോഴാണ് മനസ്സിലായതു്. അവനു മരണവേദനയായിരുന്നു. എന്നെ കണ്ടു് ഒന്നു കുരക്കുക കൂടി മാത്രമെ അവൻ ചെയ്തുള്ളു. അവന്റെ കാര്യം അതോടെ കഴിഞ്ഞു. അങ്ങിനെ അവനും എന്നെ വിട്ടു പിരിഞ്ഞു.

ഞാൻ തിരിയെ വീട്ടിന്നുള്ളിൽ കയറി. എന്റെ സ്ഥിതി പഴയപോലെ ആയി. "മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായ് വന്നു" എന്നു പറഞ്ഞില്ലെ, അതുപോലെ. ഞാൻ സമാധാനപ്പെടാൻ ശ്രമിച്ചു. കരഞ്ഞിട്ടും പിഴിഞ്ഞിട്ടും എന്തു പ്രയോജനം? ഒടുവിൽ ഞാൻ ഇങ്ങനെ സമാധാനിച്ചു: "ഇത്ര വളരെ പണം ഇല്ലാത്തതുതന്നെ നല്ലതു്. ഉണ്ടായിരുന്നെങ്കിൽ പല വിഷമങ്ങളും വരുമായിരുന്നു."

കുറുക്കന്റെയും മുന്തിരിങ്ങയുടെയും കഥ വായിച്ചിട്ടുള്ള നിങ്ങൾ പറഞ്ഞേക്കും: "മുന്തിരിങ്ങ പുളിക്കും!"

(മാലി)

Printed by Dr. S. Seshagiri Rao at LODHRA PRESS,
15 Westcott Road, Royapettah, Madras.
Published by V. Madhavan Nair for Keralodayam Ltd.,
13 A, Mc Nichol Road, Chetpet, Madras.
Editor : V. MADHAVAN NAIR, B. A., B. L.

ഒരു "കേരളോദയം" പ്രസിദ്ധീകരണം.

# "ചെറുകഥ"

## ഒന്നാം വാല്യം

തുടർച്ചയായി പ്രസിദ്ധപ്പെടുത്തുന്ന ചെറുകഥാസമാഹാരം

കമനീയമായ കവർപേജ്! മനോഹരമായ അച്ചടി!

### ഉള്ളടക്കം

**ഇരുട്ടിൽ** — കാരൂർ നീലകണ്ഠപ്പിള്ള

**ചെലവ അധികം!** — ടോൾസ്റ്റോയി

**സ്പ്രിങ്ങ്** — ടി. എൻ. ഗോപിനാഥൻ നായർ

**പഴശിയുടെ പോരാട്ടം** — ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ

**ചുവന്ന മുറി** — എച്ച്. ജി. വെത്സ്

**കഥയുടെ കഥ** — ലളിതാംബിക അന്തർജ്ജനം

**ചെറുകഥയുടെ കാതൽ** — ലേഖനം: എസ്. കെ. നായർ

വില രൂപാ 1.

*Manager:*
"KERALODAYAM"
13 A, Mc Nichol Road,
CHETPET, MADRAS.